032:2M893:12

E6 . KALYANI KUTTY

KUTTY SANKARA PANIKER.

032:2M893:12
E6

MURUGAN BINDING WORKS,
N... ...MMULIER STREET,
E...HA... G...E, MADRAS-1.

PANIKER (K.P.K.S)
Kalyanikutty.

MUL
072723

Madras University Library

DOCTRINA · VIM · PROMOVET INSITAM

Call Number 032:2M893.12. E6

Accession Number 72723

Available for loan from

This book should be returned on or before
the date last marked below.

D. 61

TREET,
DRAS-1.

28 OCT 1949
UNIVERSITY LIBRARY 31 MAY 1922 MADRAS

Durgalaya Series— No.

# കല്യാണിക്കുട്ടി

(ഒരു ചെറിയ സംഗീതനാടകം).

കെ. പി. കുട്ടിശ്ശങ്കരപ്പണിക്കർ, ബി. എ.,
ഗ്രന്ഥകർത്താവ്.

പ്രസാധകൻ,
പി. എസ്സ്. മേനോൻ.

# KALYANIKUTTY

(A Malayalam Comedy)
by
**K. P. Kutti Sankara Paniker, B. A.**

Second Edition.

Copies, 1000.
Printed and Published by
**P. S. Menon**
at the
DURGALAYA PRESS,
CHITTUR—COCHIN.
**1916.**

(*All Rights reserved to Publisher*).

Price—annas 6. വില—അണ 6.

ORAS-I.

72723

032:2M893:12

E6

# PREFACE.

As a good number of my friends write to me for copies of this book and inquiries from various quarters are pouring in as to where copies of the Drama could be had, I, with the permission of my friend–the author, Mr. K. P. Kutti Sankara Paniker, B. A.–undertook to publish this work, a work that contains in it gems of idealistic love and realistic scenes pourtraying some of the evils of social life in the Nayar Tarwads of Malabar.

Readers of this Drama, I hope, will be able to understand the evils of our present social system and the manner by which they can come out of it, though the difficulties seem at first sight almost insuperable.

It is in this firm belief that I take up this task, a task that may be an ever glowing beacon to Malayalee upheaval, a task that each one of us should do as a matter of duty to our own brothers and sisters in uplifting them from the abyss of our present gloom to the El Dorado of a future bliss.

It is my duty now to thank the author for the readiness with which he gave me permission to publish his work a "**Second time**" and my best thanks ever go to him.

May the Almighty shower His choicest blessings on him to produce similar works.

CHITTUR—COCHIN.<br>16—11—16.

P. S. Menon,<br>*Publisher.*

## Preface To The Second Edition

This play was written by me in 1909 for the students of the Palghat Victoria College, and was first published in 1910 at the request of many of my friends. I was glad to find that in course of time it gained popularity among students in various parts of Malabar, and that even the Suguna Vilasa Sabha in Madras was pleased to stage it. The increasing popularity of the play has necessitated the issue of a *Second Edition*, and it was therefore with great pleasure that I gave permission to my friend, Mr. P. S. Menon of Chittur-Cochin, who showed an enthusiastic appreciation of my little work, to publish it a second time. I have made no additions or alterations, lest I should mar the simplicity of the play that I wrote in my early days, and I hope that it will, in future as in the past, amuse the younger generation of Kerala *to whom I beg to dedicate this*.

My thanks are due to Mr. P. S. Menon for the good printing and the neat get-up of the book.

Mylapore-Madras.
10th November, 1916.

K. P. S. Paniker,
*Author.*

UNIVERSITY LIBRARY
3 MAY 1933
MADRAS

# ശുദ്ധപത്രം.

| ഭാഗം | വരി | അബദ്ധം | സുബദ്ധം. |
|---|---|---|---|
| 5 | 8 | പാപം. | പാവം |
| 7 | 21 | ഇന്നുകലാധര! | ഇന്ദുകലാധര ! |
| 19 | 24 | ടേസ്ററ | ടോസ്ററ |
| 22 | 10 | കമാശി | കാമാശി |
| 23 | 5 | സ്വാത്മതൃപ്തി | സ്വാത്മസംതൃപ്തി |
| ... | 20 | ദുഖിക്കുന്നത | ദുഃഖിക്കുന്നത് |
| ... | 26 | ദുഖിക്കാത്തവൻ | ദുഃഖിക്കാത്തവൻ. |
| 24 | 9 | മനുഷ്യർ | മനുഷ്യൻ. |
| 28 | 20 | കാല്യാണിക്കുട്ടി. | കല്യാണിക്കുട്ടി. |
| 30 | 16 | കുട്ടിക്കാലത്ത് | കുട്ടിക്കാലത്തേ |
| 32 | 19 | നാഥ! | നാഥാ ! |
| ... | 22 | (ആത്മ- | (ആത്മ)- |
| 33 | 20 | സുരീബജയുരെ | സുരീബജായുരെ. |
| 36 | 9 | ഭുഃഖംകണ്ടാൽ | ദുഃഖംകണ്ടാൽ. |
| 37 | 1 | (ശ്രുങ്ങിയോടെ | (ശ്രുങ്ങിയോടെ) |
| 38 | 22 | മാവിസ്കൃതാ | മാവിഷ്കൃതാ |
| ... | 23 | പദ | പദ് |
| 39 | 1 | സുപ്രഭാവം. | സുപ്രഭാതം. |
| ... | 5 | തിരക്കാക്കുന്നതിന്നു. | തിരക്കാകുന്നതിന്നു. |
| ... | 21 | തമ്മിൽനന്നെ | തമ്മിൽതന്നെ |
| 41 | 11 | ദുസ്വസ്നവും | ദുസ്വപ്നവും. |
| ... | 20 | സ്വസ്നംകണ്ടത് | സ്വപ്നംകണ്ടത്. |
| 43 | 17 | മചതധൃത | മവധൃത |
| 47 | 13 | ഹാംതൊജ്ജാ | ഹംതൊജ്ജാ |
| 50 | 14 | ഹേനാ | ഹോനാ |
| ... | 25 | ഭാവീക്കുന്നു. | ഭാവിക്കുന്നു. |
| 59 | 1 | ബുദ്ധീമുട്ടുകൾ | ബുദ്ധിമുട്ടുകൾ |
| 66 | 21 | ഘോരാന്തകാര | ഘോരാന്ധകാര |

[ പാത്രവിവരം. ]

ഭാസ്കരൻനമ്പൂതിരിപ്പാട് — കാന്തനശ്ശീരിമനക്കിലെകാൎയ്യംനോക്കുന്ന് ആൾ. പാലപ്പറമ്പ് വീട്ടുകാരുടെ ജന്മി.

കിട്ടൻപട്ടർ — നമ്പൂതിരിപ്പാട്ടിലെ മുഖ്യസേവകൻ.

ഉണ്ണീരിമേനോൻ — പാലപ്പറമ്പ് തറവാട്ടിൽ കാരണവൻ.

മാധവിഅമ്മ — ഉണ്ണീരിമേനോൻെറഭാൎയ്യ.

കല്യാണിക്കുട്ടി — നായിക. ഉണ്ണീരിമേനോൻെറ മരുമകൾ.

താമരക്കോട്ട് കുഞ്ഞിരാമക്കുറുപ്പ — കല്യാണിക്കുട്ടിയുടെ അച്ഛൻ.

ബാലകൃഷ്ണമേനോൻ — നായകൻ. കുറുപ്പിൻെറ സ്നേഹിതൻെറ മകൻ.

ഗോവിന്ദമേനോൻ } നായകൻെറ രണ്ടുസ്നേഹിതന്മാർ.
കൃഷ്ണമേനോൻ }

കേളു — ബാലകൃഷ്ണമേനോൻെറ വാലിയക്കാരൻ.

നാണുആശാൻ — സംസ്കൃതപരിജ്ഞാനം ധാരാളം ഉണ്ടെന്ന് ധരിച്ചിട്ടുള്ള ഒരുപഴയ ആശാൻ.

ശംഭുഎമ്പ്രാൻ — പാലപ്പറമ്പിനടുക്കെയുള്ള ക്ഷേത്രത്തിൽ ശാന്തിക്കാരൻ.

വാലിയക്കാർ, തപാൽശിപായി, നമ്പൂതിരിപ്പാട്ടിലെ പരിവാരങ്ങൾ മുതലായവർ.

[ വന്ദനം. ]

(എല്ലാവരും ഒരുമിച്ച് പാടുന്നപാട്ട്).

ഇംഗ്ലീഷ് നോട്ട്.

പൂജിതപൂജിതപുണ്യപദം
ഭൂതലഭൂരികല്യാണപ്രദം
ജ്ഞാനപ്രദംസൎവ്വകാമപ്രദം ഭുവ.
നൈകമതംപരമീശപദം
സൎവ്വഭൂതസേവിതമഖിലാസ്പദം ഭജെസദാ

പൂജിത...

UNIVERSITY LIBRARY
30 MAY 1933
MADRAS

# കല്യാണിക്കുട്ടി.

## ഒന്നാമങ്കം.

രംഗം—൧.

[കാന്തനശ്ശീരിമനക്കിലെ പൂമുഖം.]

(മദനപരവശനായ ഭാസ്കരൻനമ്പൂതിരിപ്പാട് പാടിയുംകൊണ്ട് പ്രവേശിക്കുന്നു).

കാപി—ത്രിപട.

ആലോലമിഴിയിവ-
ളാലസ്യമണക്കുന്നു.
ലീലാകോമളാരൂപം ചാലെകണ്ടന്നാൾതൊട്ട് ആലോല...
നീലസുന്ദരനേത്രം മാലെന്നിൽവളൎത്തുന്നു ആലോല...
കല്യാണിമൃദുവാണി ശല്യങ്ങൾവരുത്തുന്നു ആലോല...
ബാലെനീയൊഴിഞ്ഞിപ്പോളില്ലാശ്രയംഹാമെ
വല്ലായ്മചെയ്യുന്നു
മുല്ലശരനയ്യോ. ആലോല...

കിട്ടൻപട്ടർ—(പ്രവേശിച്ച് ചിരിച്ചുംകൊണ്ട്) അല്ലാ! കാൎയ്യം പോയിപ്പോയി ഇത്രയായൊ?

നമ്പൂതിരിപ്പാട്—എന്ത് കാൎയ്യം? താൻ എന്ത് വിചാരിച്ചാണ് പറയുന്നത്; കിട്ടൻ?

കിട്ടൻ—അതെല്ലാം നമുക്ക് തെരിയാതാ! അന്തപൊൺ——

(എന്ന് മുഖംചെരിച്ച് ചിരിക്കുന്നു).

നമ്പൂ—എന്തുപറഞ്ഞു? ഞാൻ നല്ലോണംകേട്ടില്ല.

കിട്ടൻ—എപ്പിടിഃകേക്കും, ഭ്രമം ഇത്രകലശലായാൽ?

നമ്പൂ—ഭ്രമമൊ! നല്ലശിക്ഷ, ഭ്രമമൊ!

കിട്ടൻ—ആം. അന്തകല്യാണിക്കുട്ടിപേരിലെ ഭ്രമം.

നമ്പൂ—മിടുക്കാ! മിടുക്കാ! രസിക! താനിതെങ്ങിനെ മനസ്സിലാക്കി? എന്നാൽ, കിട്ടൻ! എന്തുസൌന്ദൎയ്യം. കിട്ടൻ കണ്ടിട്ടില്ലെ? അന്ന് അമ്പലത്തിൽവെച്ച് ആ കുട്ടിയെ കണ്ടമുതൽക്ക് എനിക്ക് മനസ്സിന്ന് എന്തൊ ഒരു—

കിട്ടൻ—അപ്പടി. ഇതെല്ലാം പാത്താത്തെരിയാതാ?

നമ്പൂ—എന്ത് സൌന്ദൎയ്യം. ഇല്ലെ? ഇത്ര സൌന്ദൎയ്യം ഉള്ള കഥ ഇത്രനാളും ഞാൻ മനസ്സിലാക്കിയിരുന്നില്ല.

കിട്ടൻ—(തലയാട്ടിയുംകൊണ്ട്) ആംഹാ! റൊമ്പസൌന്ദൎയ്യം. നാൻ പാത്തിരിക്കേൻ.

നമ്പൂ—ആട്ടെ താനിത് മനസ്സിലാക്കിയെല്ലൊ. വല്ലവഴിയുമുണ്ടൊ?

കിട്ടൻ—അത് തന്നെയാണ് ഞാനും ആലോചിക്കുന്നത്. ഇന്ത പുതിയ പരിഷ്കാരിപൊണ്ടുകൾ റൊമ്പ തൊന്തറവു. അവാളുകൾ—(എന്ന് മുഖംചുളിക്കുന്നു).

നമ്പൂ—നല്ലശിക്ഷ! അതിന്നല്ലകിട്ടൻ. ഹൈ. അതിനല്ല. നമുക്ക് മററതുതന്നെ ആയ്ക്കളയാം.

കിട്ടൻ—ഇവിടുത്തേക്ക് അന്തസമ്മന്തം, കിമ്മന്തം അപ്പിടിയൊന്നും—(എന്ന് കൈയാംഗ്യം കാണിക്കുന്നു.)

നമ്പൂ—(ചിരിച്ചുംകൊണ്ട്). ആ! അങ്ങിനെയായാൽതന്നെ എന്താ വിരോധം?

കിട്ടൻ—സമ്മന്തമാ?

നമ്പൂ—ആ.

കിട്ടൻ—റവുക്കയും കമ്മലുംപോട്ട ഇന്തപെൺകുട്ടിയുമായി ഇവിടുത്തേക്ക് സമ്മന്തമാ?

നമ്പൂ—നമുക്ക് ലഭിക്കുമൊഎന്ന് മാത്രമെയുള്ളു സംശയം.

കിട്ടൻ—വേണമാനാക്കാൽ അതുക്കൊവിഷമം? ഇവിടുത്തെ ഒരുവാക്കിൻെറശിലവു. എന്നാൽ ഉണ്ണീരിമേനോൻ കല്യാണിക്കുട്ടിയേയുംകൊണ്ട് കാക്കൽവന്ന് വീഴുമെല്ലൊ?

നമ്പൂ—പക്ഷെ കിട്ടൻ. താനറിയാത്ത ചിലതടസ്ഥങ്ങളുണ്ട്. കല്യാണിക്കുട്ടിയെ വേറെഒരാൾക്ക് സംബന്ധംചെയ്തുകൊടുക്കാനായി ഉണ്ണീരിയും അവളുടെ അച്ഛനും പണ്ടെ നിശ്ചയിച്ചിട്ടുണ്ടത്രെ.

കിട്ടൻ—ഓ. ഹൊ. അതും തെരിയും. ആ ബാലകൃഷ്ണമേനോൻ തന്നെയല്ലെ. ശിവ! ശിവ! ആയാളും ഇവിടുന്നുമായിട്ട് അജഗജാന്തരം വ്യത്യാസമില്ലെ. അയാളുടെ അച്ഛനായ രാമമേനോൻ മരിച്ചപ്പോൾ കുഞ്ചിരാമക്കുറുപ്പ് എന്തൊ തൻെറ സ്നേഹിതൻെറ മകനല്ലെ എന്നുപറഞ്ഞ് കുറെ പണംസഹായിച്ചുപഠിപ്പിച്ചു. ആയാൾ ബാഗ്യശാലി. ഈ പണത്തിന്ന് ഈടാക്കാൻ ഒരുവഴിയായി. തൻെറ മകൾക്ക് സംബന്ധംചെയ്യിപ്പിക്കാമെന്ന് കുറുപ്പ് ഉണ്ണീരിമേനോനോട് ആലോചിച്ചു. അത്രെയുള്ളു. ഇവിടുത്തേക്ക് ഇങ്ങിനെ ഒരു ഇഷ്ടമുണ്ടെന്നറിയിച്ചാൽ അവർ വിരോധം പറയുമൊ?

നമ്പൂ—എന്തുകൊണ്ട് പറഞ്ഞുകൂടാ. മുമ്പെ അങ്ങിനെ തീർച്ചപ്പെടുത്തീട്ടുണ്ടെങ്കിൽ?

കിട്ടൻ—ശിവശിവ! പണംകൊണ്ട് കുബേരസ്വാമി. സൌന്ദൎയ്യംപാത്താൽ സാക്ഷാൽ കാമദേവൻ. ഇങ്ങിനെ ഒരാളുമായി ബന്ധുത്വംകിട്ടാൻവേണ്ടി ഒരു പാപ്പര് നായരെ ത്യജിക്കാൻ എത് തറവാട് മടിക്കും. പിന്നെ ഉണ്ണീരിമേനോൻ നമ്മുടെ കുടിയാനല്ലവാ? മനക്കലെ വസ്തു ഇല്ലെങ്കിൽ അവാളുക്കെല്ലാം പട്ടിണിതാൻ.

നമ്പൂ—എന്നാലും ആകുട്ടിക്ക് വേറെഒരാളെ തിച്ചയാക്കിയിരി ക്കുന്നസ്ഥിതിക്കും അവർതമ്മിലും അങ്ങിനെ നിശ്ചയിച്ചിരി ക്കാൻ സംഗതിയുള്ളതുകൊണ്ടും ഞാൻ അതിനെ തട്ടുക്കു ന്നത് അത്രഭംഗിയാണൊ ?

കിട്ടൻ—ഭംഗി ! ഒരുനല്ലപെണ്ണിനെ കുട്ടമശെത്തി കുപ്പായമിട്ട് മാഗ്ഗംകൂടിയ ഒരുവൻ കൊണ്ടുപോകുന്നതിനേക്കാൾ അ വൾക്കനുരൂപനായ ഒരുയോഗ്യൻസംബന്ധംചെയ്യുന്നതി ലല്ലെ അധികം ഭംഗി.

നമ്പൂ—അത് ഇപ്പോൾകിട്ടന്റെ സേവയാണ്. ഓ- സേവ.

കിട്ടൻ—സേവയാ ! ഛെ.

നമ്പൂ—എന്നാൽ തോന്നണത് പറയൂ. എനിക്ക് കല്യാണിക്കു ട്ടിയെ കിട്ടുമൊ ? കിട്ടുമെങ്കിൽ എനിക്ക് അവൾതന്നെ മതി ഇനി ഈ ഭൂമിയിൽ.

കിട്ടൻ—എന്നസന്ദേഹം ?

നമ്പൂ—എന്നാൽ തനിക്ക് അത് ശരിയാക്കാൻ കഴിയുമൊ ? അവർ ഒടുവിൽസമ്മതിച്ചില്ലെങ്കിൽ നാം വിഡ്ഢിയാവി ല്ലെ ? എങ്കിലും എനിക്ക് ആ കുട്ടിയെ കിട്ടിയാൽ— ഹാ എന്ത് സൌന്ദര്യം ! കിട്ടൻ! എന്ത് മുഖശ്രീ. !

ഹിന്തുസ്ഥാനി ബിഹാക്കു—അടിതാളം.

"(കോടിമനോജസമാനരൂപി എന്നപോലെ.)"

ബാലസുമൊപമചാരുരൂപ

ഭംഗിയാലെമനംമെഹൃതം ബാല...

കോമളപാംഗവും രോമാളിഭംഗിയും

വ്രീളാവിഹാരങ്ങളും

കിട്ടൻ—(തലയാട്ടികൊണ്ട്) ആം ആം ആം ബാല...

ബാലസൂനങ്ങളും ചാരുകപോലങ്ങളും

ഹാഹാവിശേഷംപരം

കിട്ടൻ—ഹാ ഹാ ഹാ ബാല...

ഓമൽപൂഗാത്രവും കാമിനിതൻനേത്രവും
മോഹംവളൎത്തുന്നുമെ-

കിട്ടൻ—ആം ആം ആം ബാല...

കുട്ടിമൃഗാക്ഷിയെകിട്ടുമൊകാന്തയായ്
കിട്ടാനുപായമുണ്ടൊ ?

കിട്ടൻ—ഹോ ഹോ ഹോ. ബാല...

കിട്ടൻ—(ആത്മ)പാപം. ഭ്രമിച്ച്‌വശായിരിക്കുന്നു.
(പ്രകാശം) ആം അഹല്യതാൻ-നീങ്കൾ ദേവേന്തിരർ.

നമ്പൂ—അവളുടെ അച്ഛൻെറ ഇഷ്ടമെന്തായിരിക്കും ഇക്കാൎയ്യത്തിൽ ?

കിട്ടൻ—ബഹുസമ്മതമായിരിക്കും.

നമ്പൂ—താൻ ഇടക്ക്‌ഓരൊപൊളീപറഞ്ഞാൽ————

കിട്ടൻ—നാരായണ ! എനിക്ക് ഇവിടത്തെഅടുക്കെ പൊളിപറഞ്ഞിട്ടെന്തുപ്രയോജനം ! പക്ഷെ ഇവിടേക്ക്‌ ആ വിശ്വാസമില്ലെന്ന് എനിക്കറിയാം.

നമ്പൂ—എന്നാൽ വാസ്തവം പറയൂ.

കിട്ടൻ—വാസ്തവമല്ലെപറഞ്ഞത്‌. ഈ ശൂദ്രരുടെഇടയിൽ അച്ഛൻെറ സമ്മതം നോക്കലുണ്ടൊ ? അവൎക്ക് അച്ഛനുണ്ടൊ ? തറവാട്ടിൽ കാരണവൻ സമ്മന്തക്കാരനോട് "കടക്ക്‌പടിപ്പുറത്ത്" എന്നപറഞ്ഞാൽ മിണ്ടാതെ പോകയല്ലെനിവൃത്തിയുള്ളു. കാരണവന്മാർ പറയുന്നതെല്ലാം കാൎയ്യം. അവ്വളവുതാൻ.

നമ്പൂ—ഉണ്ണിരിക്ക് പക്ഷെ സമ്മതമായിരിക്കും.

കിട്ടൻ—അതിലേയും സന്ദേഹമാ ! അതൊരു നിധികാക്കറെപ്പൂതം. അങ്ങോർവായും തൊറന്ത്‌വരുമ്പോൾ ഒരുകിഴി പണം എറിഞ്ഞുകൊടുത്താൽ പിന്നെ മിണ്ടില്ല. പണം

പണം അല്ലാവടിക്ക് അവർകിട്ടെ ഒരന്ന്യവാത്തെ കി
ടയാത്.

നമ്പൂ—എന്നാലുംഅച്ഛൻെറ സമ്മതം മൎയ്യാദക്ക് നോക്കണ്ടെ?

കിട്ടൻ—ഇവിടുന്ന് അത്തെ പത്തിയൊന്നും സന്ദേഹപ്പെട
വേണ്ടാം.

നമ്പൂ—കിട്ടൻ! എനിക്ക് എന്തൊ അവളിൽ നന്നെ പ്രേമം
കുറച്ചൊന്നുമല്ല. എങ്ങിനെയെങ്കിലും—

കിട്ടൻ—ഇവിടുത്തേക്ക് ഒരാഗ്രഹമുണ്ടെങ്കിൽ അത് സാധിപ്പി
ക്കാൻ ഞങ്ങളില്ലെ? ഈ കാൎയ്യം ഞാൻ ശരിയാക്കാം
ഇവിടുന്ന് ഒന്നും അറിയണ്ട.

നമ്പൂ—തൻെറ അടവുകളൊന്നും ഇതിൽപ്രവൎത്തിക്കരുതെ. അ
വരുടെ ഉള്ള ആദ്യംഅറിഞ്ഞിട്ടുവേണം. അവൎക്കും ഇതു
സമ്മതമായിരിക്കണം എന്നെനസുഖമുള്ളൂ.

കിട്ടൻ—അടടടടാ! പാരു സന്ദേഹം. ഇവിടുന്ന് വൈഷമ്യങ്ങ
ളൊന്നും ആലോചിക്കണ്ട. എല്ലാംകിട്ടനോററ. നാനിപ്പ
ത്താൻ പോയി അറെ ഉണ്ണിരിമേനേയും പൊണ്ണെയും
എല്ലാം പാൎത്ത് വാത്തെഎല്ലാം പേശി ദിനം കുറിത്ത്
വാറേൻ.

നമ്പൂ—അങ്ങിനെതന്നെ. പക്ഷെ കാൎയ്യം അപകടമൊന്നും പ്ര
വൃത്തിക്കരുതെ. സാധാരണപോലെ കരുതരുത്. അവർ
മൎയ്യാദക്കാരാണ്.

കിട്ടൻ—(ആത്മ) മൎയ്യാദ! ഇന്ത നായന്മാക്തൊനാ മൎയ്യാദ.
(പ്രകാശം) അതെല്ലാംതെരിയും. എന്നാൽ നാൻ പോ
യിവരട്ടുമാ?

നമ്പൂ—ഞാൻ കുളപ്പുരയിൽഉണ്ടാവും. താൻമടങ്ങിവരുന്നവരെ
അവിടെ ഇരിക്കാം.

കിട്ടൻ--എന്നാൽ പോയിവരട്ടുമാ?

നമ്പൂ—അപകടമൊന്നും പ്രവൎത്തിക്കരുതെ.

കിട്ടൻ—ഛെഛെ-അപ്രകടമാ-ഞൊടിയിലെ എല്ലാം റഡിയാക്കി വാരോൻ. (കിട്ടൻപട്ടർ പോകുന്നു)

നമ്പൂ—(വിചാരം) അവളുടെ രൂപമാധുൎയ്യം തന്നെ സദാ മനസ്സിലുദിക്കുന്നു. എനിക്ക് അവളെ ലഭിക്കുമൊ എന്തൊ? ആ ബാലകൃഷ്ണൻ ജീവിച്ചിരിക്കുമ്പോൾ എങ്ങിനെ ലഭിക്കും. ലഭിക്കാഞ്ഞാൽ ഞാൻ എങ്ങിനെ ജീവിച്ചിരിക്കും. കിട്ടൻപോയിട്ടുണ്ടല്ലൊ. ആയാൾ എല്ലാം ശരിയാക്കും. എന്തൊരുസൌന്ദൎയ്യം.

(ശങ്കരനെ ശങ്കരനെ ശംഭൊഗംഗാധരനെ—എന്നപോലെ)

കുന്ദശരൻകുമ്പിടുമീ
സുന്ദരിയെത്തന്നെസദാ
കണ്ടുസുഖിച്ചീടുവതി
നുണ്ടാമൊസംഗതിമെ!
അങ്കത്തിൽചേൎത്തുമുഖ
പങ്കജവുംപാൎത്തുചിരം
തങ്കമുണാളാംഗപരി
രംഭത്തിന്നിടവരുമൊ?
ഇന്ദുമുഖിബാലികയൊ-
ത്തെന്നുംമെനാൾകഴിവാൻ
ഇന്നുകലാധര! മമകൈ-
വന്നിടണംതവകരുണാ. കുന്ദ...

(പാടിയുംകൊണ്ട് പോകുന്നു).

---

രംഗം—൨.

[പാലപ്പറമ്പ് വീട്ടിലെ പുറത്തളം]

ഉണ്ണീരി മേനോൻ— (അങ്ങോട്ടുമിങ്ങോട്ടും നടന്നുംകൊണ്ട്)

ആവു. പണത്തിൻെറ ഒരു ബുദ്ധിമുട്ട്. വാരിയത്തെ കുറിക്ക് ഇരുന്തുററിപന്ത്രണ്ടര ഉറുപ്പികഇന്നലെ അടച്ചു. നികുതിക്ക് അധികാരിവന്നു ബുദ്ധിമുട്ടിച്ച് അതിൻെറ മാരണോം തീൎത്തു. അപ്പോഴക്കിതാ മനക്കിലെ പൊളിച്ചെഴുത്തായി. അവകാശം, ഒപ്പ്സൂചി, മററെസൂചി എന്ന കണക്കുംകുറിച്ച് കാൎയ്യസ്ഥന്മാരുടെ ഉപദ്രവമായി. ഞാൻ തോററു. വല്ലകാശിക്കൊ രാമേശ്വരത്തേക്കൊ കടന്ന് പോയാൽ ഇതൊന്നും അറിയണ്ടായിരുന്നു. എന്നാണീശ്വര! ഈ പണത്തിൻെറ തിട്ടക്കം തീരുക—എന്തായാലും മനക്കിലൊന്നിറങ്ങിവരട്ടെ. സ്വഭാവം അറിയാമെല്ലൊ. (ഉടുത്തമുണ്ടും തോൎത്തുമുണ്ടും നോക്കുന്നു. ആ സമയത്ത് പടിയിറങ്ങിവരുന്ന കിട്ടൻപട്ടരെകണ്ടിട്ട്) അതാ അയ്യംകുള്ളപാണ്ടിപട്ടര് വരുന്നു. ഇരുതലകുളത്തി- പൊളിച്ചെഴുത്തിൻെറ സംഗതിക്കുതന്നെയായിരിക്കണം സംശയമില്ല. (പ്രകാശം) ആ! കിട്ടൻപട്ടരൊ? മനക്കിന്നന്ന്യാ? അവിടുന്നില്ലെ അവിടെ? ഞാനങ്ങൊട്ടിറങ്ങാൻ ഭാവിച്ച് നിക്കുമ്പോളാണ് ഇതാ സ്വാമിവന്നത്.

കിട്ടൻ—ഉം. വിശേഷിച്ചൊ?

ഉണ്ണി—അല്ല! പൊളിച്ചെഴുത്തിൻെറ കാലമായല്ലൊ? അതിനെപ്പററി ആലോചിക്കാൻവേണ്ടി.

കിട്ടൻ—(ആത്മ) പൊളിച്ചെഴുത്ത് അടുത്തതല്ലെ നമുക്ക് നല്ലഗ്ഗുണമായത്! ഈ തന്തയെ പാട്ടിൽകൊണ്ടുവരാൻ നല്ല മരുന്ന് ഇതുതന്നെ. എങ്കിലും ആദ്യം സാമംമതി. വേണ്ടിവന്നാൽപൊളിച്ചെഴുത്തിൻെറകാൎയ്യം എടുക്കാം. പണം എന്നുവെച്ചാൽ ചാവുന്ന ഈ തന്തയുണ്ടൊ മുടക്കം പറവാൻപോകുന്നു!

(പ്രകാശം) നിങ്കളെല്ലാം ബാഗ്യശാലികൾ.

ഉണ്ണീ—ഭാഗ്യോ! എന്തുഭാഗ്യം! പണം മുറക്ക് എണ്ണിക്കൊടുത്താലല്ലെ മനക്കിന്ന് പൊളിച്ചെഴുതി തരുള്ളൂ! പിന്നെനല്ലഭാഗ്യംതന്നെ. തിരുമനസ്സിന്ന് വല്ലതും അരുളിച്ചെയ്തിട്ടുണ്ടൊ?

കിട്ടൻ—ബാഗ്യശാലികൾ. ബാഗ്യശാലികൾ. മണ്ടേലെഴുത്ത് മാത്തിനാൽ പോഹുമാ!

ഉണ്ണീ—(ആത്മ) നോക്കപ്പെ. കള്ളപട്ടരുടെ ഒരു സേവപറയല്. (പ്രകാശം)എന്ത് ഭാഗ്യാസാമി! പിന്ന്യേം ഈ ഭാഗ്യം, ഭാഗ്യം എന്ന പറയുന്നത! പണത്തിന്ന് ഇവിടെകിടന്ന് മുക്രകുത്തുന്നു.

കിട്ടൻ—നിങ്കളെല്ലാം ബാഗ്യശാലികൾ. ലക്ഷപ്രബുക്കൾ. മഹാബാഗ്യശാലികൾ.

ഉണ്ണീ—(ശുണ്ഠിയോടെ) നിങ്ങടെ'ബാഗ്യോം' കൊണ്ട് കടന്ന് പോവിൻ. ഇതുതന്നെപറഞ്ഞുംകൊണ്ട്! കാൎയ്യം വല്ലതും ഉണ്ടെങ്കിൽ പറയിൻ.

കിട്ടൻ—(ചിരിച്ചുംകൊണ്ട്) അന്തകാൎയ്യത്തുക്കാഹ താനെ നാനിപ്പവന്തേൻ.

ഉണ്ണീ—എന്ത് കാൎയ്യം? പൊളിച്ചെഴുത്തൊ?

കിട്ടൻ—പൊളിച്ചെഴുത്താ! ച്ചെ അതുക്കെല്ലാമെന്ന. അത്തെപ്പത്തിയൊന്നുമല്ലെ.

ഉണ്ണീ—(ആത്മ) പിന്നെ എന്തുംകൊണ്ടാണ് ഈ പട്ടര്‌വന്നിരിക്കുന്നത് (പ്രകാശം) പിന്നെഎന്താവിശേഷിച്ച്?

കിട്ടൻ—ബാഗ്യശാലികൾ, മഹാഭാഗ്യശാലികൾ.

ഉണ്ണീ—ഇതെന്തുമാരണം! പറയൂസ്വാമീ-പിന്നെആവാം ഈ നാമംജപിക്കല്.

കിട്ടൻ—ബാഗ്യശാലികൾ. ഇപ്പടിബന്ധുബാഗ്യം ആരക്കു കിടക്കും.

ഉണ്ണി—ബന്ധുഭാഗ്യമോ? എന്തുബന്ധുഭാഗ്യമാണ് ഇപ്പോളു ള്ളത്?

കിട്ടൻ—വരപ്പോറാതെ, ബാഗ്യശാലികൾ.

ഉണ്ണി—(ആത്മ)എന്താണ ഇദ്ദേഹംകൊണ്ടുവരുന്നത് മനസ്സി ലാകുന്നില്ലല്ലൊ. ബാലകൃഷ്ണനെപ്പററി ഇങ്ങിനെ പറ യാൻവഴിയില്ല(പ്രകാശം)സ്വാമീ! കാൎയ്യംശരിക്ക് പറയൂ. കേക്കട്ടെ.

കിട്ടൻ—എല്ലാം ശരിത്താൻ. ദിനംതാൻ കറിക്കവേണം. സൌ ബാഗ്യവതി. അവരൊകുബേരസ്വാമി.

ഉണ്ണി—ആര് കുബേരസ്വാമി?

കിട്ടൻ—എന്ന? നമ്പൂരിപ്പാട് കുബേരസ്വാമിയല്ലവാ?

ഉണ്ണി—(ആത്മ) ശരി-കാൎയ്യംമനസ്സിലായിത്തുടങ്ങി. നമ്പൂരി പ്പാട്ടിലേക്ക് ഒക്കെയ്യംകഴിഞ്ഞ് ഇതിന്മേലായൊ ആഗ്രഹം! ഇവരെകൊണ്ടുകുഴങ്ങി. (പ്രകാശം) എന്തൊക്കെയാണ് നി ങ്ങൾപറയുന്നത? അസംബന്ധമൊന്നുംപറയരുതെ.

കിട്ടൻ—അസംബന്ധമാ! നമ്പൂരിപ്പാട്ടിലക്ക് ഇങ്കെ സമ്മന്തം വേണമെങ്കിറത് അസമ്മന്തമാ!

ഉണ്ണി—(ആത്മ) അങ്ങിനെവരട്ടെ ഞാൻ വിചാരിച്ചപോലെ ത്തന്നെ. പക്ഷെഇതുനടക്കില്ല. കല്യാണിക്കുട്ടിക്ക് ബാ ലകൃഷ്ണൻമതി എങ്കിലും അവിടത്തെ മുഷിപ്പിക്കാനുംപാ ടില്ലല്ലൊ. ഇവരെ പ്രത്യക്ഷമാക്കിക്കൊള്ളാൻ പ്രയാസം. (പ്രകാശം)സ്വാമിക്കു ഇതെല്ലാം എവിടെനിന്നുകിട്ടി?

കിട്ടൻ—ചൊല്ലറേൻ(നിവൎന്നിരുന്ന് ഉണ്ണിരിമേനാൻെറ മുഖത്തു നോക്കി മന്ദഹസിച്ച്) നമ്പൂരിപ്പാട്ടിലേക്ക്റൊമ്പംപ്രേമം. ഇന്നു എന്നോട് എല്ലാംപറഞ്ഞു. കിട്ടൻതന്നെഇപ്പോൾ പോയി എല്ലാംശട്ടംചെയ്യേണമെന്ന് അരുളിച്ചെയ്യു. ഒ ങ്കളോടെ ബാഗ്യം എങ്കെപോഹും!

ഉണ്ണി—എന്താണ് അവിടേക്കു ഇപ്പോൾ ഇങ്ങിനെ ഒന്നുതോന്നാൻ കാരണം ?

കിട്ടൻ—അത് താൻ ശൊന്നേനെ. ഒങ്കളോട് ബൊഗ്യം.

(മാധവിഅമ്മ പ്രവേശിക്കുന്നു)

മാധ—അ! കിട്ടൻപട്ടരൊ ? എന്താഇയ്യിടെ കാണാറില്ല. മറന്നുവൊ ?

കിട്ടൻ—(ചിരിച്ചുംകൊണ്ട്) ശിവ ശിവ ! ഒങ്കളെയാ ? സൌബാഗ്യവതികൾ- ബാഗ്യശാലികൾ- സുഖക്കേടൊന്നുമില്ലല്ലൊ ?

മാധ—സുഖക്കേടൊന്നുമില്ല.

ഉണ്ണി—മാധവി ! കിട്ടൻപട്ടൎക്ക മുറുക്കാൻകൊണ്ടന്നു കൊടുക്കു.

കിട്ടൻ—ബദ്ധപ്പാടില്ല. (മാധവിഅമ്മപോകുന്നു)

ഉണ്ണി—(ആത്മ) ഒന്നാലോചിക്കുമ്പോൾ ഇങ്ങിനെയായാലൊ? എന്നാൽ പൊളിച്ചെഴുത്ത് ഒരുപൈസ്സശിലവ് കൂടാതെ കഴിക്കാം. എന്നാൽ എത്രപണം ലാഭമായി ! ചാഴിയോട്ട് നിലം എടുക്കാൻ പണത്തിന്ന് പിന്നെ വേറെനോക്കണ്ട. അതുകൊണ്ടു ഇങ്ങിനെയായാലൊ? പക്ഷെ അവൾക്കു ബാലകൃഷ്ണൻമരി എന്നുണ്ടായിരിക്കും. പാവം. സാധുവിൻെറഹിതം ഞാൻ തെററിനടക്കില്ല. എന്തുനമ്പൂരിപ്പാടാണ!— അപ്പോൾ പൊളിച്ചെഴുതിതരാഞ്ഞാലൊ ? എന്താണ് വേണ്ടത് ?

(മാധവിഅമ്മപട്ടൎക്കു ചെല്ലംകൊണ്ടുവന്നുകൊടുത്ത് ഉണ്ണിരിമേനോൻെറ അരികെവന്നുനില്ക്കുന്നു. പട്ടര് മുറുക്കിന്നുത്സാഹിക്കുന്നു)

ഉണ്ണി—കേട്ടില്ലെമാധവി? ഭാസ്കരൻനമ്പൂരിപ്പാട്ടിലേക്കു കല്യാണിക്കുട്ടിയോടുകൂടി സംബന്ധം തുടങ്ങണംപോൽ.

മാധ—കല്യാണിക്കുട്ടിയോട് കൂടിയൊ ! നേരുപറയൂ (വലിയസന്തോഷത്തെ അഭിനയിക്കുന്നു).

ഉണ്ണീ—ഇദാ കിട്ടൻപട്ടര് വന്നിരിക്കുന്നതുകണ്ടില്ലെ ?
മാധ—ആവു-ഞാൻ ഇശ്ശികാലമായി ഇതുവിചാരിക്കുന്നു. നമ്മുടെ ഭാഗ്യകാലം.
ഉണ്ണീ—മാധവിയും തുടങ്ങിയൊ പട്ടരുടെജാതി ! ബാലകൃഷ്ണനെയല്ലെ അവൎക്കുപണ്ടെ തീൎച്ച്യയാക്കിയിരിക്കുന്നത് ! അപ്പോളിങ്ങിനെയായാലൊ.
മാധ—(ആത്മ) ബാലകൃഷ്ണൻ-വെച്ചിരിക്കുന്നു ! ആയാളുടെ ഒരവസ്ഥയും മററുള്ളവരെങ്കിലൊ ഒരുപുച്ഛവും. ഇതൊട്ടുപററി. ഈ സംബന്ധം (പ്രകാശം) ആര് തീൎച്ച്യയാക്കി! അന്നെന്തൊ അങ്ങിനെ ഒരുസംസാരം നടന്നുഎന്നല്ലെഉള്ളു. പിന്നെ കല്യാണിക്കുട്ടിക്കു സംബന്ധത്തിന്നു ഇപ്പോഴല്ലെ കാലമായുള്ളു ?
കിട്ടൻ—(മുറുക്കുകഴിഞ്ഞെഴുനീററ് മന്ദഹസിച്ചുംകൊണ്ടു) മനസ്സിലായില്ലെ എല്ലാം ? മാധവിഅമ്മ എന്തുവിചാരിക്കുന്നു ?
മാധ—വളരെനന്നായി- എന്തുകൊണ്ടും നന്നായി.
കിട്ടൻ—അത് ഞാൻ അപ്പോൾതന്നെ അവിടുത്തോടുപറഞ്ഞു മാധവിഅമ്മക്കു ഇതുവളരെ സമ്മതമായിരിക്കും എന്ന് - തറവാട്ടുസുകൃതം. ബാഗ്യശാലികൾ (മാധവിഅമ്മ പട്ടരെ സസന്തോഷം കടാക്ഷിക്കുന്നു).
ഉണ്ണീ—അവിടുന്നു വല്ലതും അരുളിചെയ്യുവൊ ?
കിട്ടൻ—ദിവസം നിശ്ചയിച്ചുവരാനാണ് അവിടുന്നു പറഞ്ഞിട്ടുള്ളതു.
ഉണ്ണീ—ഇത്രബദ്ധപ്പെട്ടിട്ടൊ ?
മാധ—എന്തിന്നു സാവധാനത്തിൽവെക്കുന്നു?
കിട്ടൻ—അത്താൻ "ശുഭസ്യശീഘ്രം".
ഉണ്ണീ—അതല്ല അവൾക്കുംകൂടി—
മാധ—ആൎക്ക ? കല്യാണിക്കുട്ടിക്കൊ ? ഇങ്ങിനെയൊക്കെ അ

ലോചിച്ചാൽ കാൎയ്യങ്ങറ്റനടക്കുമൊ! കല്യാണിക്കുട്ടിയെ യൊക്കെ ഞാൻസമ്മതിപ്പിക്കാം.

ഉണ്ണീ—(ആത്മ) എങ്ങിനെയാണ് ഞാൻ കല്യാണിക്കുട്ടിക്കു അഹിതമായി പ്രവൎത്തിക്കുക! സാധുവിന്നു ബാലകൃഷ്ണൻ എന്നുവെച്ചാൽ ജീവനാണ്. ആയി! ഇത് വൎയ്യ. (പ്രകാശം) സ്വാമി! കല്യാണിക്കുട്ടിയെ പണ്ടെ തന്നെ നൊമ്മടെ രാമമേനോൻെറ മകന്നില്ല്യെ ബാലകൃഷ്ണൻ—ബാലകൃഷ്ണനായി—

മാധ—(കോപത്തോടെ സ്വകാൎയ്യമായി) എന്താ കഥയില്ലാത്തവരെപ്പോലെ സംസാരിക്കുന്നത്! നമ്പൂരിപ്പാടെവിടെ. ബാലകൃഷ്ണമേനോനെവിടെ!

ഉണ്ണീ—മാധവി! അവറ്റക്കു ബാലകൃഷ്ണൻമതി എന്നായിരിക്കില്ലെ?

മാധ—അത് ഞാൻ സമ്മതിപ്പിക്കാമെന്ന് പറഞ്ഞില്ലെ!

കിട്ടൻ—(ഉണ്ണീരിമേനോനും മാധവിഅമ്മയും കേറ്റക്കുന്നില്ലെന്ന നാട്യത്തിൽ അവർ കേറ്റപ്പാൻവേണ്ടി പിറുപിറുത്തുംകൊണ്ട്) ഇതെല്ലാം നാൻമുന്നെ നമ്പൂരിപ്പാട്ടകിട്ടെ ശൊല്ലി-പിന്നേയും അവരുക്കു റൊമ്പമോഹവും വാശിയും-അവരോടെ ആഗ്രഹനിവൃത്തി വരലൈന്നാൽ ഇവാളൊടെ ഇന്തപൊളിച്ചെഴുത്തുകാൎയ്യം എന്നമൊ!—എല്ലാം മൎയ്യാദക്കാർ. റൊമ്പസങ്കടമായിരിക്ക്.

(മാധവിയമ്മയും ഉണ്ണീരിമേനോനും അന്യോന്യം നോക്കുന്നു).

ഉണ്ണീ—എന്താസ്വാമി വിചാരിക്കുന്നതു?

കിട്ടൻ—ഒന്നുമില്ലെ. നമ്പൂരിപ്പാട്ടക്കു ഇന്തകാൎയ്യത്തിലെ പ്രത്യേകം ആഗ്രഹം ഇരുക്കാപൊലിരിക്കത്. നടക്കലൈ എന്നാൽ അതുവും ഒരു—

ഉണ്ണീ—(പരിഭ്രമത്തോടെ) എന്താമാധവിവേണ്ടത്? കല്യാണിക്കുട്ടിയോടു മാധവിതന്നെ ഒന്നുപോയിചോദിച്ചുവരു.

മാധ—അവൾക്ക് നമ്പൂരിപ്പാട്ട സംബന്ധംതുടങ്ങുന്നതു വിരോധമില്ലെങ്കിലൊ?

ഉണ്ണി—(സന്തോഷത്തോടെ) എന്നാൽമതി. കല്യാണിക്കുട്ടിക്കുഇഷ്ടമായാൽമതി അവളെ മാധവിസമ്മതിപ്പിക്കുമൊ?

മാധ—അവൾക്കു ഇഷ്ടമായിരിക്കുംന്ന്—

ഉണ്ണി—(ആത്മ) എന്നാൽ ഇങ്ങിനെ നിശ്ചയിക്കയാണ് നല്ലത്. അല്ലെങ്കിൽ എന്തെല്ലാം ഉപദ്രവങ്ങൾ ഉണ്ടാവുമൊ എന്തൊ? പിന്നെനമ്പൂരിപ്പാട്ടിലേക്ക് എന്താകുറവ്. മഹായോഗ്യൻ. കല്യാണിക്കുട്ടി ഇതിന്നുവിരോധം പറയില്ല. ബാലകൃഷ്ണൻ പഠിച്ച് പാസ്സായി ഇനി ഒരു ഉദ്യോഗത്തിൽ വരാൻ കാലംഎത്രകഴിയണം! (പ്രകാശം) എന്നാൽ മാധവി! ഇങ്ങിനെ നിശ്ചയിക്കയല്ലെനല്ലത്?

മാധ—ഈ സംശയിക്കുന്നതൊന്നും കിട്ടൻപട്ടർകാണണ്ട.

ഉണ്ണി—ശരിയാണ്. ഞാനിതൊന്നും ആദ്യം ആലോചിച്ചില്ല സ്വാമി! എന്നാൽ അങ്ങിനെഉറച്ചു. ഞാൻ ആദ്യം തടസ്ഥം പറഞ്ഞു എന്നൊന്നും അവിടെ ഉണൎത്തിക്കണ്ട.

കിട്ടൻ—(സന്തോഷത്തോടെ) ശിവ ശിവ! ഇതെല്ലാം ശൊല്ലണമാ! നിങ്കൾക്കെല്ലാം പ്രഥമദൃഷ്ടത്തിലെ ബഹുസമ്മതമെന്നും നിങ്കളെല്ലാം സജ്ജനങ്ങൾഎന്നുംതാനെനാൻ അങ്കെ ഉണൎത്തിക്കും.

മാധ—സ്വാമിക്ക് അതൊന്നും പഠിപ്പിച്ചുകൊടുക്കണ്ട.

ഉണ്ണി—എന്നാൽ ഈ വിവരമൊക്കെ സമയംപോലെ അവിടുത്തെ ഉണൎത്തിക്കിൻ. ഞാനിപ്പോൾ ഇനി അങ്ങോട്ടില്ല. നാളെരാവിലെഇറങ്ങാം.

കിട്ടൻ—പോരും-ഇനിയെല്ലാം റെഡിയാക്കറേൻ. എന്നാൽ നാൻവരട്ടുമാ? (മാധവിഅമ്മയോട്) വരട്ടുമാ? (എന്ന് പോകുന്നു).

ഉണ്ണീ—എന്നാൽ അങ്ങിനെ ഉറക്കുകഅല്ലേ മാധവി !

മാധ—ഇങ്ങിനെ സംശയംതീരാത്ത ഒരാളെഞാൻ കണ്ടിട്ടില്ല.

ഉണ്ണീ—ഇദാ-കല്യാണിക്കുട്ടിയെ മാധവിസമ്മതിപ്പിക്കണെ.

മാധ—അതൊക്കെ അവറ്ക്ക് സമ്മതമാവും  അവൾക്കെന്തോ. പാവം-തരംപോലെ ഒരാളെ കിട്ടേണമെന്നല്ലേഉള്ളൂ ! അവളോട് മുമ്പിൽകൂട്ടി വല്ല വിഡ്ഢിത്തോം എഴുന്നെള്ളിക്കാഞ്ഞാൽമതി  ഇതിനെപററി അവളോട് സംസാരിക്കയെ വേണ്ട. എല്ലാം ഞാൻപറഞ്ഞ് സമ്മതിപ്പിച്ചോളാം. കുറപ്പാണ ഇതിന്ന് ഒരുസമയം തകരാറപായ.

ഉണ്ണീ—അ ! ഉള്ളതുതന്നെ. കുറപ്പിന്ന് ഈ വിവരം അറിയിക്കണ്ടെ !

മാധ—അതാണ് ഞാൻപറഞ്ഞത്. പക്ഷെതടസ്ഥംപറഞ്ഞാൽ സമ്മതിക്കരുതെ.

ഉണ്ണീ—കുറപ്പ് തടസ്ഥംപറകയുണ്ടാവില്ല്യാ. കുറപ്പിനെ നോക്ക് സമ്മതിപ്പിക്കാം  ഇങ്ങിനെ ഒരാൾ ഇനി ഒരുകാലത്ത് ആലോചിക്കുമൊ !

മാധ—അതാപറഞ്ഞത് ! കുറപ്പിന് രണ്ടുദിവസത്തെ കഴിഞ്ഞ് ഈ വിവരം അറിയിച്ചാലും പോരായയില്ല.

ഉണ്ണീ—ആട്ടെ ഉറക്കാം വരൂ.

മാധ—(ആത്മ) ഇതൊട്ടുപററി ഈ സംബന്ധം.

(രണ്ടുപേരും പോകുന്നു).

---

രംഗം—൩.

പാലപ്പറമ്പിന്നടുക്കെയുള്ള ഒരു മൈതാനം.

(ഉലാത്തിയുംകൊണ്ട് ഗോവിന്ദമേനോനും കൃഷ്ണമേനോനും പ്രവേശിക്കുന്നു).

കൃഷ്ണ—അതുകൊണ്ട് ആറപ്പാടെ ഇക്കൊല്ലത്തെകോൺഗ്രസ്സ്

(Congress) വളരെ ഇൻടറസ്റ്റിങ്ങ് (Interesting) ആയിരിക്കും ഇല്ലെ! ഫൈററ് (Fight) തന്നെയുണ്ടായാൽ നന്നായിരുന്നു.

ഗോവി—എന്തു രസമാണ്. സൽഫഗവർൺമൻറ (Self-Government) വേണമെന്ന് ആവശ്യപ്പെടുന്ന നമ്മുടെ ആളുകൾതമ്മിൽതന്നെ ഇങ്ങിനെതല്ലുന്നതു എത്ര ഡിസ്ഗ്രേസ്ഫുൾ (Disgraceful)! നമ്മുടെ ഇടയിൽ ഇനിയായിട്ടും യൂനിയൻ (Union) ഇല്ലെന്നല്ലെ അതിൻെറഅൎത്ഥം! ഹിൻഡൂസ്, മഹമ്മഡൻസ്, പാർസീസ്, (Hindus, Mahomedans, Parsis)—പിന്നെഓരോന്നിലും നൂറ് നൂറ് പാർടി (Party). കഷ്ടം ഇൻഡ്യയുടെയോഗം!— ആട്ടെ ആവക സംസാരംപോട്ടെ. ആരായിരുന്നു നിങ്ങളോട് നേരത്തെ സംസാരിച്ചിരുന്നത് ഞാൻകണ്ടപ്പോൾ—ഒരുപട്ടര്?

കൃഷ്ണ—ഓഹൊ-അത് ആ നമ്പൂരിപ്പാട്ടിലെ ഒരു സാററിലൈററ് (Satellite) കിട്ടൻ പട്ടർ ശരിതന്നെ! ആയാൾ എന്താപറഞ്ഞിരുന്നതു മനസ്സിലായൊ. പാലപ്പറമ്പിലെ ആ ഗേൾ (Girl) ഇല്ലെ—ആ ഗേൾ (Girl) നോട്ടുകൂടി നമ്പൂരിപ്പാട്ടു മാരി (Marry) ചെയ്യാൻ തീൎച്ചയാക്കി യിരിക്കുന്നുവത്രെ.

ഗോവി—ശുദ്ധമെ ഭോഷ്ക്ക-മിസ്റ്റർ ബാലകൃഷ്ണമേനൊൻെറ ബിട്രോതിഡ് (Betrothed) അല്ലെ അത്!

കൃഷ്ണ—അതൊക്കെ അതെ പക്ഷെനമ്മുടെ ഇടയിൽ എന്തു ബിട്രോതൽ (Betrothel) ആണ്! ഏതായാലും നമ്പൂരിപ്പാട് ആലോചിച്ചു. ആ ഉണ്ണീരിമേനോൻ അദ്ദേഹത്തിൻെറ ടനൻറ (Tenant) ആണ്. മണി (Money) എന്നുവെച്ചാൽ ചാവും. അങ്ങിനെ ഒരുമനുഷ്യനാണ്. ചുരുക്കിപറഞ്ഞാൽപോരെ. എല്ലാം സെററിൽ (Settle) ചെ

യ്യകഴിഞ്ഞു. ദിവസവുംകൂടി നിശ്ചയിച്ചഎന്നാണ് കിട്ടൻപട്ടർ പറഞ്ഞത്.

ഗോവി—എന്ത്?

കൃഷ്ണ—ഈ വരുന്ന വെൻസ്ഡെ (Wednesday) ആണത്രെ മാര്യേജ് (Marriage).

ഗോവി—ഇതെന്തൊരന്യായമാണ്. ഈ കാരണവന്മാരെക്കൊണ്ട് ബുദ്ധിമുട്ടായെല്ലൊ. അന്യായം. അന്യായം. ഈ വിവരം ബാലകൃഷ്ണമേനോൻ എങ്ങിനെ സഹിക്കും. സ്വപ്നേപി ആയാൾ ഇതാലോചിച്ചിരിക്കില്ല.

കൃഷ്ണ—(ചിരിച്ചുംകൊണ്ട്) മൂപ്പര് കോൺഗ്രസ്സും മററും കഴിഞ്ഞുമടങ്ങുമ്പോഴെക്ക് ബിലവഡ് (Beloved) വേറെവഴിക്ക് പൊകും.

ഗോവി—എനിക്ക് ഇതുകേട്ടിട്ട് വളരെവ്യസനംതോന്നുന്നു. ഏതായാലും ഈ വിവരം ബാലകൃഷ്ണമേനോന്ന് മദ്രാസി (Madras) ലേക്ക് വേഗം അറിയിക്കണം. ആയാൾ വിചാരിച്ചാൽ ഇത് തടുക്കാൻ സാധിക്കുമെൊ?

കൃഷ്ണ—നന്മൾ എന്തിന്ന് എഴുതാൻ പോകുന്നു! ആയാളറിയുമ്പോളറിഞ്ഞോട്ടെ.

ഗോവി—ഛെ. അതുപോര. നാം തീർച്ചയായും സ്നേഹിതന്മാരുടെ നിലക്ക് ഈ വിവരം അറിയിക്കണം. അല്ലെങ്കിലും ഇന്ന് ഒരെഴുത്ത് ബാലകൃഷ്ണമേനോന് ഞാൻഅയക്കുന്നുണ്ട്.— ഒടുവിൽ ഈ കേട്ടത് നേരല്ലാതെ വരുമൊ? ആ പട്ടരുടെ പെരട്ടായിരിക്കുമൊ?

കൃഷ്ണ—ഐ-പെരട്ടല്ല. കാൎയ്യം സൂക്ഷ്മംതന്നെയാണ്. വേറേയും ചിലരിൽനിന്ന് ഈ ടാക് (Talk) തന്നെ ഞാൻകേട്ടു.

ഗോവി—എന്നാൽ മദ്രാസിലേക്ക് ഈ വിവരത്തിന്ന് ഇന്നുതന്നെ ഞാൻ എഴുതുന്നുണ്ട്. കാൎയ്യം! ഈ കാരണവന്മാ

രുടെ ഡസ്‌പോട്ടിസം (Despotism) കലശിലാകുന്നുവെ ല്ലൊ ! ഇതിൻെറ അൎത്ഥമെന്താണ് !

കൃഷ്ണ—ആട്ടെ, താങ്കൾ വരുന്നുവൊ?

ഗോവി—ഓ-അങ്ങിനെതന്നെ.

(രണ്ടുപേരും പോകുന്നു.)

## രംഗം—൮.

മദിരാശികടൽപുറത്തുള്ള ഒരുചെറിയ ബങ്കളാവു.

(ബാലകൃഷ്ണമേനോൻ ചാരുകസേലയിൽ കിടന്ന് വൎത്തമാന കടലാസ്സ് വായിക്കുന്നു. തപാൽശിപായി വന്ന് ഒരെ ഴുത്ത് കൊടുക്കുന്നു. എഴുത്തുവാങ്ങി)

ബാലകൃഷ്ണമേനോൻ—കല്യാണിക്കുട്ടിയുടെ എഴുത്തായിരിക്കു മൊ? പ്രിയതമയുടെ എഴുത്ത് എന്നുവിചാരിക്കുമ്പോഴക്കും ഹൃദയം എങ്ങിനെ ആഹ്ലാദിക്കുന്നു ! (മന്ദഹാസത്തോടെ) അത് ലോകസ്വഭാവമാണെല്ലൊ ! (എഴുത്ത് നോക്കി) ഇത് കല്യാണിക്കുട്ടിയുടെ എഴുത്തല്ല. (വായിക്കുന്നു. ഞെട്ടി പിന്നോക്കംമാറി) എന്ത്! നമ്പൂതിരിപ്പാട് കല്യാണിക്കുട്ടി യോടുകൂടി സംബന്ധം തുടങ്ങുകയൊ ! കല്യാണിക്കുട്ടി ന മ്പൂതിരിപ്പാട്ടിലെ സമ്മതിക്കയൊ ! അതു ഈ ജന്മംഉണ്ടാ വില്ല. എന്നാൽ എന്താണ് ഗോവിന്ദമേനോൻ ഇങ്ങി നെ എഴുതിയിരിക്കുന്നതു (വീണുപോയ എഴുത്തിനെ എടു ത്ത്) തീൎച്ചയാക്കിയിരിക്കുന്നുവെന്നൊ! അങ്ങിനെവരുമൊ! (ആലോചിച്ച്) എന്തുകൊണ്ടുവന്നുകൂടാ ! നമ്മുടെ ഇട യിൽ ഇതു സാധാരണനടപ്പല്ലെ ! അയ്യൊ പ്രിയതമെ! കല്യാണിക്കുട്ടി! ഇതുകാലമായി നാം സംരക്ഷിച്ചുപോന്ന അനുരാഗത്തിൻെറ കലാശം ഇങ്ങിനെയൊ ? അവരെ

ല്ലാവരും ഇങ്ങിനെസമ്മതിച്ച് തീച്ചയാക്കിയൊ! കല്യാണിക്കുട്ടി! ഈവിധംവന്നാൽ—എനിക്ക്വിചാരിക്കവെയ്യാ.

കഫി—ആദിതാളം.

('മാനിനിമാർമൌലിമണെമൽപ്രിയെ' എന്നപോലെ)

ഘോരംവിപത്തേവംചേരുവതോവിധി!

ഹാ ഹാ തപിക്കുന്നുമനംഭദൈവമെ.

അസഹനീയമായ ഈ ക്രൂരവാത്ത എന്റെ മമ്മങ്ങളെ ഭേദിക്കുന്നു.

ദുഃഖാന്ധകാരത്തിൽപെട്ടുതളരുന്നു

പൊട്ടുന്നുമെചിത്തംപരംദൈവമെ ഹാഹാ...

കല്യാണിനീയെങ്ങൻവല്ലഭെ! ഹാശുഭെ!

വല്ലായ്മയേകുന്നീവിരഹംപ്രിയെ! ഹാഹാ...

അയ്യൊ! ദൈവമെ-പ്രിയതമെ-കല്യാണിക്കുട്ടി!

(എന്ന് പാരവശ്യത്തോടെ കസേരയിൽവീണ് മുഖം കൈകളുടെ ഇടയിൽ മറച്ചിരിക്കുന്നു).

(വാലിയക്കാരൻകേളുസന്തോഷിച്ച് ചിരിച്ചുംകൊണ്ടു പ്രവേശിക്കുന്നു).

കേളു—ഇന്ന് യജമാന്ന് ആരെൊക്കയൊവിരുന്നുണ്ടത്രെ. ബാഹുകന്റെ വെപ്പ് ഇന്നാണ് കാണേണ്ടത്. എന്നാൽകേളുവിന്ന് സമം ഒരുബാഹുകനും ഇല്ല.

നവരസം—ആദിതാളം.

("വാസുദേവനെ" എന്നപോലെ)

ഇസ്റവ,കട്ട്ലറ്,ചാപ്സ്,നൈസ്റ്റേക്,ഫ്രഞ്ച്ബാൾ,ഫിഷ്,

റോസ്റവചെയ്യീ,ഫിസ്റ്റിനുള്ള,ടേസ്റവതീപ്പൻഞാൻ

കൊക്കോ,ലംകോടി, കോഫി,ഐസ്കോഫി,

ചൊക്കലെറവം,കേളുതീത്താൽകൈകടിച്ചിട്ടും ഇസ്...

എല്ലാം ഈ യജമാനെൻറ കീഴിൽ പടിച്ചതുമാണ്. ഹാ! എന്തൊരെജമാൻ! ഇങ്ങിനെയുള്ളവരുടെ കീഴിൽവേണ്ടേ പ്രവൃത്തിഎടുക്ക!—ഇവിടെഇല്ലെ? ഇല്ലെന്നുതോന്നുന്നു (ചുററിനന്ന് ദുഃഖിതനായ ബാലകൃഷ്ണമേനോനെകണ്ട് ഞെട്ടി പിൻമാറി) ഈശ്വരാ! ഇതെന്തുകഥയാണ്? യജമാനന്ന് എന്താപത്തുവന്നു? എന്തുവന്നാലും കേളുവിൻെറ ജീവൻ യജമാനന്നുവേണ്ടി (ശബ്ദപ്പെടുത്തുന്നു).

ബാല—(തലപൊങ്ങിച്ച്) ആരാണത്?

കേളു—കേളു.

ബാല—ഞാൻ കുറച്ചുകഴിഞ്ഞ് ഒരുസമയം നിന്നെ വിളിക്കും അപ്പൊഠം ഇവിടെ ഉണ്ടായിരിക്കണം.

കേളു—ഓ (എന്ന് പിന്നെയും അവിടെത്തന്നെനിൽക്കുന്നു).

ബാല—നീ പോയ്ക്കോ. എനിക്ക് വിശേഷിച്ചൊന്നുമില്ല. നീ പോയ്ക്കോ.

(കേളു മനസ്സില്ലാതെ പോകുന്നു).

ബാല—(എഴുനീററു നടന്നുംകൊണ്ട് വ്യസനത്തോടെ) കഷ്ടം! ഇങ്ങിനെവരുമെന്ന് ആരോൎത്തു. "രണ്ടുതരുണീ തരുണന്മാരുടെ ഹൃദയത്തിൽ പ്രകൃത്യാ അങ്കുരിക്കുന്നതായ അന്യോന്യാനുരാഗത്തിൻെറ മൃദുമാൎഗ്ഗത്തിൽ എന്തെങ്കിലും തടസ്ഥമുണ്ടാകാതിരിക്കയില്ല എന്ന്" "ഷേക്സ്പിയർ"പറഞ്ഞിട്ടുള്ളതു എത്രശരിയാണ് പ്രാണനായികെ! കല്യാണിക്കുട്ടി! ഈ വിധംവന്നാൽ ഞാൻ എന്തുചെയ്യും.

കാപി—അടിതാളം.

("ദാന്തസോദരീനാമിനി" എന്നപോലെ)

നിന്മുഖചന്ദ്രികയെന്ന്യെ എന്മനോചകോരപോതം
ഹാമനോഹരാംഗീ! കഥമാമയമൊഴിഞ്ഞുവാഴും
ഇങ്ങിനെ വന്നാൽ പിന്നെ ഞാൻ എന്തിനുജീവിച്ചിരിക്കുന്നു.

വാമലോചനെനിന്നോമൽപ്രേമവിക്ഷണത്തിനെന്റെ
ഈമഹീസമരശല്യസ്തോമമേല്പതുണ്ടൊബാലെ !

എൻെറഹൃദയം എങ്ങിനെപരിതപിക്കുന്നു(ആലോചിച്ച്) മനുഷ്യൻെറജീവദശമുഴവൻഇങ്ങിനെതന്നെ.

മോദഖേദാന്തരദോളം മേദിനീനിവാസകാലം
മോദമോഹമാത്രശേഷംമേദുരംവിഷാദമെല്ലൊ.

പ്രിയതമെ ! ഞാനിതെങ്ങിനെസഹിക്കും. ഞാനി ന്ന ലേശംപോലും വിചാരിച്ചില്ലൊ?

വിരഹഘോരപീഡയാലെ വിവശമീമനസ്സിനേവം
പൃഥുലദുഃഖമേല്ക്കുമെന്നുംഹൃദയനായികെ ! ഞാനോൎത്തൊ.

എന്തുചെയ്യട്ടെദൈവമെ ! ഇനിഇവിടെ ഒരുനിമിഷം താമസിക്കുവാൻ എനിക്ക് മനസ്സ്വാസ്ഥ്യമില്ല പ്രാണനായികയെ ഒരുനോക്കുകണ്ടേ ഇനി എൻെറ ഹൃദയം അടങ്ങുകയുള്ളു. (ആലോചിച്ച് നടന്നുംകൊണ്ട്) കേളു !

(കേളുപ്രവേശിക്കുന്നു).

ബാല—ഇന്നുവൈകുന്നേരത്തെ വണ്ടിക്കു ഞാൻ നാട്ടിലേക്കു പോകുവാൻ വിചാരിക്കുന്നു.

കേളു—(അത്ഭുതത്തോടെ ആത്മ) ഇന്നൊ ! ഇതെന്തുകഥയാണ് ! എന്തൊ ഉണ്ട് കാരണം. കുറപ്പെജമാന്നൊ കല്യാണിക്കുട്ടിഅമ്മക്കൊ വല്ല സുഖക്കേടും ഉണ്ടായിരിക്കുമൊ?

ബാല—നീയും വരുന്നുണ്ടെങ്കിൽ വന്നൊ.

കേളു—ഞാനും ഉണ്ട്.

ബാല—എന്നാൽപോയി അതിന്നുള്ളഒരുക്കങ്ങൾചെയ്യൊ.

കേളു—ഓ (പോകുവാൻഭാവിക്കുന്നു, പെട്ടെന്ന് മടങ്ങി) ആരൊ—ചില—യജമാന്മാർ—

ബാല—എന്ത് ?

കേളു—ആരൊചില—യജമാന്മാർഇന്ന് —

ബാല—(ദ്വേഷ്യത്തോടെ) എന്ത്! എന്റെജമാന്മാർ—ഉള്ളതു തന്നെ. ഞാൻ ഒരെഴുത്തുതരാം. അത് ഉടനെ കൊണ്ടു പോയി കൊടുക്ക്. കുറച്ചുകഴിഞ്ഞുവാ.

(കേളുപോകുന്നു.)

ബാല— 'അന്യഥാചിന്തിതംകാൎയ്യം
ദൈവമന്യത്രചിന്തയേൽ'—

(അതിയായദുഃഖത്തോടെ) എന്റെഹൃദയംപിന്നേയും പിന്നേയും കഠിനമായവ്യസനത്തിന്ന് ഇങ്ങിനെ കീഴടങ്ങുന്നുവെല്ലൊ. എങ്ങിനെ ഇല്ലാതിരിക്കും!

കമാശി—അടിതാളം.

("മന്നവനിൻഗുണങ്ങളെ" എന്നപോലെ)

സുന്ദരാംഗി! ജീവനാഥെ!
നിന്നെയോൎത്തുവാഴുന്നുഞാൻ.
മന്നിലെനിക്കന്യവസ്തു
തന്നിലില്ലതെല്ലുബന്ധം സുന്ദ...
ഹാവിധിയാലീവിധംനാം
വേർവിടേണ്ടിവന്നിതെന്നാൽ
ജീവകാലംദുഃഖദമി
താവതോകഴിച്ചീടുവാൻ സുന്ദ...

ഏതായാലും പ്രിയതമയെ കാണുകതന്നെ. അല്ലാതെ എന്റെ ഹൃദയം സമാധാനിക്കയില്ല. അവൾ സദാഎന്നിൽ അനുരാഗിണിയായിരിക്കും. തീൎച്ചതന്നെ. അല്ല അവളുടേയുംഹിതത്തോടുകൂടിയായിരിക്കുമൊ? ഇതിനെ സംബന്ധിച്ച് ഒരെഴുത്ത് അവൾ എനിക്ക് അയച്ചില്ലല്ലൊ. (ആലോചിച്ച്)അങ്ങിനെ വരുമൊ? പിന്നെ കുറപ്പ് ഇതെങ്ങിനെ സമ്മതിച്ചു? ഇതെല്ലാം ആ ഉണ്ണിരിമേനോന്റെ പിടുത്തമായിരിക്കണം. കഷ്ടം! കഷ്ടം! പണംമോഹി

ച്ചോ വാശിക്ക് വേണ്ടിയൊ സ്വാൎത്ഥഗ്രസ്തന്മാരായ കാരണവന്മാർ തങ്ങളുടെ അധീനത്തിലുള്ള ഭാഗിനേയികളുടെ ചേതോവികാരങ്ങളെ ലേശംപോലും ഗണിക്കാതെ എത്രസംബന്ധങ്ങൾ ശാസിച്ചു നടത്തുന്നു. കാരണവന്മാരുടെ സ്വാൎത്ഥതൃപ്തിക്കുവേണ്ടി നിർദ്ദോഷകളായ എത്ര യുവതികൾ തങ്ങൾ ഹൃദയപൂൎവ്വം കാമിക്കുന്ന യുവാക്കന്മാരെ വെടിയേണ്ടിവന്ന് ജീവകാലം ഉൽകണ്ഠയോടെ കഴിക്കുന്നു. ഇതെല്ലാം മലയാളത്തിൽ നിമിഷംപ്രതി നടക്കുന്ന സംഗതികളെല്ലെ.

(പോകുന്നു).

## രംഗം—൩.

താമരക്കോട്ട് ഭവനം.

കുഞ്ഞിരാമക്കുറുപ്പ്—(വിചാരമഗ്നനായി) എന്താണ് അകാരണമായി എൻെറ മനസ്സിന്ന് ഇന്നു ഒരു അസ്വാസ്ഥ്യത? ഞാൻ സ്നേഹിക്കുന്ന വല്ലവരും ഈസമയത്ത് കഠിനമായി വ്യസനിക്കുന്നുണ്ടൊ? അന്യോന്യം പ്രിയപ്പെടുന്ന ഹൃദയങ്ങളിൽ ഒന്നിന്ന് അതിയായ ദുഖംനേരിട്ടാൽ മററെ ഹൃദയത്തിന്നും അല്പമായ ഒരു ഔൽസുക്യം സംഭവിക്കുമെന്നുള്ള സംഗതി എനിക്കു വളരെ അനുഭവമാണ്. എന്നാൽ എൻെറ ബന്ധുജനങ്ങളിൽ ആരാണ് ഈ സമയത്ത് ദുഖിക്കുന്നത്? എന്തുദുഃഖമാണ് ഇനി പുതിയതായി വരാൻ പോകുന്നത്? (ആലോചിച്ചുംകൊണ്ട്) സൂക്ഷ്മം നോക്കുന്നതായാൽ ദുഃഖം നെരിടുന്നതിൽ മനുഷ്യന്ന് ഇത്രയെല്ലാം ശഠിപ്പാനവകാശമുണ്ടൊ എന്ന് ഞാൻ സംശയിക്കുന്നു. ദുഃഖംകൂടിയുണ്ടാകകൊണ്ടല്ലെ നാം സുഖത്തെ തിരിച്ചറിവാനിടവരുന്നത്. ദുഖിക്കാത്തവൻ സുഖം സുഖമാണെ

ന്നറിയുമൊ. പിന്നെ ഓരോ സംഭവങ്ങൾ നിമിത്തം എത്രത്തോളം ദുഃഖാനുഭവം ആത്മാവിന്നുണ്ടാകുന്നുവൊ അതിന്നനുസരിച്ചുള്ള സുഖാനുഭവമല്ലെ ഇതരസംഭവങ്ങളിൽ നിന്നുണ്ടാകുന്നത്! എനിക്കുതോന്നുന്നത് ദുഃഖംനിമിത്തമാണ് മനുഷ്യന്റെ മനസ്സ് നന്നാകുന്നത് എന്നാണ്. സ്വാത്ഥപരിത്യാഗവും സൎവ്വഭൂതങ്ങളിലും സമഭാവനയും ഉണ്ടാക്കിത്തീക്കുന്നത് ദുഃഖമാണ്. അപ്പോൾ ഈ ലോകത്തിൽ ദുഃഖാനുഭവം ഏററവും ആവശ്യമല്ലെ? എന്നാൽ മനുഷ്യർ ഇതാലോചിക്കുന്നുണ്ടൊ? സുഖദുഃഖങ്ങളെ ദിനരാത്രികളെപ്പോലെ അത്ഭുതമാംവണ്ണം സംഘടിപ്പിച്ചിരിക്കുന്ന മഹാനായ സൃഷ്ടികൎത്താവോട "ദുഃഖംവരുന്നു" എന്ന് അന്യായം പറഞ്ഞ് ശഠിക്കുന്നു.

(അണിയറയിൽ) "ഭാതിശ്രീരമണാവതാരദശകം
ബാലെഭവത്യാഃസുതെ".

ഓ-നാണുആശാൻ എത്തി. ഇനിനോക്കണ്ട. കാളിദാസനും, ഭോജരാജാവും, ചമ്പുവുമായി. ഈ ലോകരംഗത്തിൽ എത്രജാതി നടന്മാരാണ്.

(നാണുആശാൻ പ്രവേശിക്കുന്നു).

നാണു—ഓ-(എന്ന് മന്ദസ്മിതംചെയ്തു തൊഴുന്നു).

കുറുപ്പ്—എന്താ രണ്ടുദിവസമായിട്ട് ഇങ്ങോട്ടൊന്നും കണ്ടില്ല എന്ന് തോന്നുന്നു.

നാണു—ച്ചാൽ-ഞാൻ രണ്ടുദിവസമായിട്ട് ഇവിടെ ഉണ്ടായിരുന്നില്ല

കുറുപ്പ്—ഉം-വിശേഷിച്ച് വല്ല തിരക്കും ഉണ്ടായിരുന്നുവൊ?

നാണു—ഇങ്ങിനെ ഓരോ പ്രാരബ്ധങ്ങളായിട്ട് കഴിഞ്ഞു.

"ഗജഭുജംഗവിഹംഗമബന്ധനം
ശശിദിവാകരയോർഗ്രഹപീഡനം
മതിമതാംചവിലോക്യദരിദ്ര്യതാം
വിധിരഹോബലവാനിതിമേമതിഃ"

എന്നല്ലെ ! ആക്കാണ് പ്രാരബ്ധങ്ങൾ ഇല്ലാത്തത് ! കാളിദാസന്ന് തന്നെ എന്തെല്ലാം ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ട് ! 'ഭിക്ഷോ ! മാംസനിഷേവണംകിമുചിതംകിംതേന'—

കുറുപ്പ്—കാൎയ്യം ഗ്രഹപ്പിഴയായെല്ലൊ. എവിടെയായിരുന്നു എന്തായിരുന്നു തിരക്ക് എന്നാണ് ഞാൻചോദിച്ചത്.

നാണു—ച്വാൽ-നൊന്മടെ ചിലമരാമത്ത് ഒരുദ്ദ്യോഗം തുടങ്ങീട്ടുണ്ടെല്ലൊ. അതിൻെറ അന്വേഷണം വഴിക്ക് ഒന്നു പോകേണ്ടിവന്നു.

കുറുപ്പ്—(ചിരിച്ചുംകൊണ്ട്) എന്നാൽ അതുപറഞ്ഞാൽ പോരെ. കാളിദാസനേയും മററും മരാമത്തുകാൎയ്യത്തിലും കൊണ്ടുവരണൊ ?

നാണു—അതല്ല അതിൻെറഅൎത്ഥം. ഉപമ—അത്രതന്നെ. പിന്നെ കാളിദാസരല്ലെ ലോകത്തിൽവെച്ചു വലിയകവി.

കാളിദാസകവിതാനവംവയൊ
മാഹിഷംദധിസശക്കരംപയഃ
ഏണമാംസമബലാചകോമളാ
സംഭവന്തുമമജന്മജന്മനി.

കുറുപ്പ്—(ചിരിച്ച്തലയാട്ടി) അങ്ങിനെതന്നെ.

നാണു—ഭോജരാജാവും ഒട്ടുംതാഴില്ല. ചമ്പുവിലെ ചില ശ്ലോകങ്ങൾ എത്രവിശേഷമായിരിക്കുന്നു. ഞാൻ ഒന്നുചൊല്ലാം.

കുറുപ്പ്—(ചിരിച്ച് ആത്മ) ഇയ്യാൾഗണ്യമില്ലാതെ 'കാളിദാസര്,' 'ഭോജരാജാവ്' എന്നപറയുന്നതുകേട്ടാൽ അവർ ഇയ്യാളുടെ അങ്ങെവീട്ടിലുള്ളവരൊ അളിയന്മാരൊ ആണെന്നുതോന്നും. (പ്രകാശം) എന്താശ്ലോകം ?

നാണു—ചൊല്ലാം. ശൂൎപ്പണഖയുടെശ്ലോകമാണ്.

കുറുപ്പ്—(ചിരിച്ചുംകൊണ്ട്) നിങ്ങളല്ലെപറഞ്ഞത് ഭോജരാജാവിൻെറ ശ്ലോകമാണെന്ന് !

നാണു—അതെ. ശൂർപ്പണഖ പറയുന്നശ്ലോകം.

കുറുപ്പ് —(ചിരിച്ചുംകൊണ്ട്) ശരി. ശരി. കേൾക്കട്ടെ.

നാണു—"ലാവണ്യാംബുനിധേരമുഷ്യ—"

കുറുപ്പ് —(ആത്മ) ന്ത്രാമത്തെപ്രാവശ്യമാണ് ഇയ്യാൾ ഈശ്ലോകംകൊണ്ട് ഉപദ്രവിക്കുന്നതു. (പ്രകാശം) നിങ്ങൾതന്നെമുമ്പ് ഈശ്ലോകം എന്നെ ചൊല്ലികേൾപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നു.

നാണു—ഉവ്വൊ ? എനിക്കു ഓർമ്മയില്ല. എന്നാലും ഒന്നുകൂടി കേൾക്കേണ്ടതാണു.

"ലാവണ്യാംബുനിധേരമുഷ്യദയിതാ നേനോ—"

(ഒരു വാലിയക്കാരൻ പ്രവേശിച്ച് കുറുപ്പിന്ന് ഒരെഴുത്തു കൊടുക്കുന്നു. കുറുപ്പ് എഴുത്ത് വായിച്ച് വിചാരമഗ്നനായിനിൽക്കുന്നു).

നാണു—എവിടുന്നാണ് എഴുത്ത് ?

കുറുപ്പ് —(ആത്മ) ഉണ്ണീരിമേനോൻ ഇങ്ങിനെഎഴുതിയിരിക്കുന്നതിൻെറ താല്പൎയ്യമെന്താണ് ? കല്യാണിക്കുട്ടിക്കു ഇപ്പോൾ പുതിയതായ ഒരു സംബന്ധാലോചനയൊ ! അതും ഇത്ര ബദ്ധപ്പെട്ടിട്ടൊ !

നാണു—എന്താ വിശേഷിച്ച് ? എവിടുന്നാണ് എഴുത്ത് ?

കുറുപ്പ് —വിശേഷിച്ചൊന്നുമില്ല.

നാണു—എവിടുന്നാണ് എഴുത്ത് ?

കുറുപ്പ് —പാലപ്പറമ്പിന്നു.

നാണു—വിശേഷിച്ചൊന്നുമില്ലല്ലൊ ?

കുറുപ്പ് —വിശേഷിച്ചൊന്നുമില്ല. (ആത്മ) ഇങ്ങിനെ ഒരു പുതിയ ആലോചനക്കു എന്തായിരിക്കും കാരണം ? നമ്പൂരിപ്പാട്ടിലെ പണംതന്നെ. അതല്ലാതെ എന്താണ്. എന്തായാലും ഇതുസമ്മതിപ്പാൻ പാടുള്ളതല്ല. ഇപ്പോൾതന്നെ

പാലപ്പുറമ്പിലെക്ക് പോകയാണ് നല്ലത്. (എന്ന് എഴ നേൽക്കുന്നു).

നാണു—നേരത്തെത്തെ ആ ശ്ലോകം മുഴുവനാക്കീല്ലെല്ലൊ.

കുറുപ്പ് —എനിക്കിപ്പോൾ അല്പംതിരക്കുണ്ട്. പിന്നെ കാണാം.

നാണു—തുടങ്ങിയശ്ലോകംമുഴുവനാക്കണ്ടെ?

കുറുപ്പ് —വേണ്ട പിന്നെയാവാം ഞാൻ മുമ്പുകേട്ടിട്ടുള്ള ശ്ലോക വുമാണെല്ലൊ.

നാണു—എന്നാൽ ഉച്ചക്കുവരാം. ചമ്പുവുംകൊണ്ടുവരാം.

കുറുപ്പ് —ഉച്ചക്ക് ഞാൻഇവിടെ ഉണ്ടാവില്ല. അടിയന്തരമായി പാലപ്പുറമ്പിലോളം ഒന്നു പോകേണ്ടിവന്നിരിക്കുന്നു.

നാണു—അവിടെ മകൾക്കുംമററും ക്ഷേമംതന്നെയല്ലെ.

കുറുപ്പ് —അതെ.

നാണു—പിന്നെഎന്താ വിശേഷിച്ച്?

കുറുപ്പ് —വിശേഷിച്ച് പറയത്തക്കവണ്ണം ഒന്നുമില്ല. എനിക്ക് അവിടെഒന്നു പോയിവരണ്ട കാൎയ്യമുണ്ട്.

നാണു—അല്ല! എന്താഎന്ന് ചോദിച്ചു. വിരോധമുള്ളപക്ഷം പറയേണമെന്നില്ല.

കുറുപ്പ് —(ഗൌരവത്തോടെ ആത്മ) മററുള്ളവരുടെ കാൎയ്യങ്ങൾ മനസ്സിലാക്കുവാൻ ഇവക്ക് എന്തുവാസനയാണ. (പ്രകാശം) വിരോധമുള്ളപക്ഷം ഞാൻ പറയുമൊ! (ചിരിച്ചുംകൊണ്ട) പറയത്തക്കവണ്ണം ഒന്നുമില്ല. പിന്നെക്കാണാം.

നാണു—ഓ! അങ്ങിനെതന്നെ. എന്നാൽ ഞാൻ ഇപ്പോൾ ഇവിടെവന്നകാൎയ്യം—അന്നുചോദിച്ച ഉറപ്പിക വഴിയാകുമൊ എന്ന്—

കുറുപ്പ് —അതെല്ലാം മടങ്ങിവന്നിട്ട് പറയാം. തല്ക്കാലം നിങ്ങൾ എന്നെ ബുദ്ധിമുട്ടിക്കരുത്. പിന്നെകാണാം.

നാണു—ഓ! ഓ! ബുദ്ധിമുട്ടിക്കയാണെന്നു തോന്നരുതെ.

കുറുപ്പ്—ഇല്ല. എന്നാൽ പിന്നെകാണാം.

(നാണുആശാൻ യാത്രപറഞ്ഞുപോകുന്നു).

കുറുപ്പ്—(ചിരിച്ചാത്മഗതം) കാളിദാസൻേറയും ഭോജരാജാവിൻേറയും കവിതയിൽതന്നെ എന്തുകാലം കഴിഞ്ഞാലും പണത്തിന്ന് പണംതന്നെ വേണം. സാധുക്കൾ! പക്ഷെ എന്തിന്നീപിരട്ടുംകൊണ്ടു നടക്കുന്നു. അതിരിക്കട്ടെ. (എഴുത്ത് ഒന്നുകൂടിവായിച്ച്) ഉണ്ണിരിമേനോൻ ൟ സംബന്ധം തീച്ച്യയാക്കുമൊ? പണത്തിന്ന വേണ്ടി ഇവക്ക എന്തുചെയ്യാനും മടിയില്ല. പക്ഷെ ആൾ ഒരു ശുദ്ധനാണ്. അതൊരു ഗുണമുണ്ട്. ഏതായാലും ൟ സംബന്ധകാൎയ്യം സമ്മതിപ്പാൻ പാടുള്ളതല്ല. തീച്ച്യതന്നെ. ബാലകൃഷ്ണൻ കോൺഗ്രസ്സിന്നൊന്നും താമസിക്കേണ്ടിയിരുന്നില്ല. ആയാൾ ഇപ്പോൾ ഇവിടെ ഉണ്ടെങ്കിൽ നന്നായിരുന്നു. (ആലോചിച്ച്) പാലപ്പറമ്പിലേക്ക് ഇപ്പോൾതന്നെ ഇറങ്ങിക്കളയാം. എത്രത്തോളം തീച്ച്യയാക്കിയിരിക്കുന്നു എന്നറിഞ്ഞിട്ടാവാം ബാലകൃഷ്ണന്ന് മദ്രാശിക്ക് എഴുതുക.

(എന്ന് പോകുന്നു).

രംഗം—൩.

പാലപ്പറമ്പ് വീട്ടിലെ മാളിക.

(ദുഃഖപരവശയായ കാല്യാണിക്കുട്ടി പ്രവേശിക്കുന്നു).

നാഥനാമക്രിയ—അദിതാളം.

(“അജിമൊരെസയ്യാ പ്യാരേലഗായി” എന്നപോലെ).

കല്യാ—ഇതുവരുത്തൊല്ലെ മാതാവെ! ദേവി!

മാതാവെ! ലോകമാതാവെ! ദേവി                ഇതു...

ഇതുവരെസ്നേഹിച്ചനാഥനെവെടിയുകിൽ
മതി മതി ജീവിതം ക്ഷിതിയിലെന്തന്യമിഹ ഇതു...

ഇന്നലെ അമ്മായി പറഞ്ഞതുകേട്ട എന്റെ ഹൃദയം എ ങ്ങിനെ നടുങ്ങി! എത്രയൊകാലംമുമ്പെ ഞാൻ മനസാ വരിച്ചിട്ടുള്ള എന്റെ പ്രാണനാഥനെ—എന്റെ പ്രിയ ഭർത്താവിനെ—ഇപ്പോൾ വെടിയുക! ആലോചിക്കുമ്പോ ൾ എന്റെ മനസ്സുപൊട്ടുന്നു.

ആനന്ദഭൈരവി—ത്രിപുട.

("അംഗനമാരിംഗിതങ്ങൾ" എന്നപോലെ).

മുന്നമെഭവാനായുന്നെനെന്നുടെഹൃദയംനാഥ!
ഇന്നതുനൽകേണമന്യനെന്നിവർചൊന്നാൽസാദ്ധ്യമൊ.
മന്നിടെഭവാനല്ലാതെ യന്യനില്ലെനിക്കുനാഥൻ
എന്നുമേമൽപ്രാണനാഥനെന്നിയെമററാരാധാരം! മുന്ന...

പ്രിയതമനെവിട്ടു എന്റെപ്രാണൻ ഒരുനിമിഷം ഇരിക്കു മൊ! ഞാൻ ഏററവും സ്നേഹിച്ചും എന്നെ ഏററവും ലാളിച്ചും പോന്നഎന്റെ അമ്മാമൻ ഇക്കാൎയ്യത്തിൽ എ ന്നെ ശാസിക്കുന്നുവെല്ലൊ! അവരെല്ലാം ഇതിന്നുത്സാഹി ച്ചു നടത്തേണമെന്നുള്ളവരാണ്. അച്ഛൻമാത്രം എന്നി ലുള്ള ഇഷ്ടംനിമിത്തം എന്റെ ഹിതമെന്തെന്നു ചോദിച്ചു. ഇന്നുരാവിലെ അച്ഛനോട് എല്ലാംപറഞ്ഞപ്പോൾ അച്ഛ നും എങ്ങിനെ വ്യസനിച്ചു. എനിക്ക് എന്റെ അമ്മയു ണ്ടായിരുന്നുവെങ്കിൽ—ഇങ്ങിനെയൊക്കെ വരുമായിരുന്നൊ. പ്രിയമാതാവെ! എന്നെ എന്തിന്നീലോകത്തിൽ വിട്ടും വെച്ച്പോയി? എന്റെ മനസ്സിലുള്ള സങ്കടം അറിവാൻ ഇപ്പോൾ ഇവിടെ ആരുണ്ട്.

വെഞ്ഞൂരുട്ടി—ആദിതാളം.

(“പാർഷതിമമസഖി”—എന്നപോലെ)

ദീനയാമെന്നുടെ മാനസപാരവശ്യം
എന്തുമറിയുന്നൊ മാതുലനയ്യോമമ !
ഹാ ! ഹാ ! ഈവിധംവരുവതുമോത്തിതൊ
സ്നേഹമുള്ളവരിദം വെടിവതുമോത്തിതൊ ദീനയാ...
വ്യഥയാലയ്യോ ഹൃദയമിതുരുകുന്നു
നാഥ ! ഭവാനെന്യേ ശരണമില്ലാരുമിഹ. ദീനയാ...

(മാധവിഅമ്മ പ്രവേശിക്കുന്നു).

മാധ—(ആത്മ) നോക്കപെ പെണ്ണിന്റെ ഒരവസ്ഥയും കുറമ്പും. നമ്പൂരിപ്പാട് സംബന്ധം ആലോചിച്ചത് രസിച്ചില്ലത്രെ. ആവു ആവു ഇക്കാലത്തെ കുട്ടികളുടെ ഒരുനില ! അവളും അവളുടെ ബാലകൃഷ്ണമേനോനും—ഇങ്ങിനെഉണ്ടൊ ? എന്റെ മകളായിരുന്നുവെങ്കിൽ ഈ കരച്ചിലും തൊഴിച്ചിലും ഒന്നും ഞാൻ സമ്മതിക്കയില്ല പക്ഷെ ഇവളെ കുട്ടിക്കാലത്ത് കേടുവരുത്തി. അമ്മയില്ലാത്തകുട്ടി എന്നുപറഞ്ഞു വല്ലാതെഒക്കെ ലാളിച്ചു. കുട്ടികളെ കുട്ടികളുടെ നിലക്കു വെക്കണം. ഏതായാലും ഈ കണ്ണിലെ വെള്ളം കണ്ടതുകൊണ്ടൊന്നും നിശ്ചയിച്ചതുമാററാൻ പാടില്ല. (അരികത്ത്ചെന്ന് കല്യാണിക്കുട്ടിയെ മെല്ലെ തലോടിക്കൊണ്ട് പ്രകാശം) കല്യാണിക്കുട്ടി ! അമ്മു ! നീ എന്തിന്നിങ്ങിനെ കരയുന്നു ? (കണ്ണീർതുടച്ചുംകൊണ്ട്) ഞാൻ ഇന്നലെ പറഞ്ഞ സംഗതി വിചാരിച്ചിട്ടാണൊ നിണക്ക് ഇത്ര സുഖക്കേട് ? നീ ഇങ്ങിനെ വ്യസനിക്കരുതെ.

കല്യാ—(കരഞ്ഞുംകൊണ്ട്) അമ്മായി ! അമ്മാമനും മററുംഎന്തിന്നിങ്ങിനെ നിശ്ചയിച്ചു ? പണ്ടെനിശ്ചയിച്ചിരുന്നത് വേറെ പ്രകാരത്തിലല്ലെ.

മാധ—പിന്ന്യേംനീ കഥയില്ലാത്തവരെപ്പോലെ സംസാരിക്കരുതെ. ആട്ടെ നിണക്ക് നിൻെറ അമ്മാമനെ ഇഷ്ടമുണ്ടൊ?

കല്യാ—എന്താ അമ്മായി ഇങ്ങിനെചോദിക്കുന്നത്. എന്നെ സ്നേഹിക്കുന്ന അമ്മാമനെഎനിക്ക് ഇഷ്ടമില്ലാതിരിക്കുമൊ?

മാധ—എന്നാൽ നീ അദ്ദേഹത്തിൻെറ ഹിതത്തിന്നു വിരോധം പറയുന്നതുനന്നൊ? ഈ സംബന്ധം നടക്കേണമെന്ന് നിൻെറ അമ്മാമന്ന് എന്തൊരു താല്പൎയ്യമാണ്. "കല്യാണിക്കുട്ടിക്ക് തരംഃപോലെ ഒരാളെ ഉണ്ടാക്കേണമെന്നായിരുന്നു എൻെറ ആലോചന. അതിപ്പോൾ സാധിച്ചുവല്ലൊ" എന്ന് രാവുപകൽപറഞ്ഞുകൊണ്ടു ഇരിക്കുന്നു. പിന്നെ നിൻെറ അമ്മാമൻെറ ജന്മിയല്ലെ ആലോചിക്കുന്നത്. വിരോധംപറവാൻ നിൻെറ അമ്മാമന് തരമുണ്ടൊ? നിന്നോട് ഇത്രയൊക്കെ പറഞ്ഞ് മനസ്സിലാക്കണൊ. ഇതൊക്കെ നിണക്കുതന്നെ ആലോചിക്കാൻ ശക്തിയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കീരുന്നത്.

കല്യാ—എന്നാലും അമ്മായി എനിക്ക്—ഞാൻ എന്തുചെയ്യട്ടെ—എന്നാൽ ഒന്നായ്ക്കോട്ടെ—എനിക്കിപ്പോൾ ഭൎത്താവായി ആരുംതന്നെ വേണ്ട.

മാധ—(ആത്മ) ഹാവു ആവു! എന്തെല്ലാമാണ് പെണ്ണിൻെറ ഒരുനില. (പ്രകാശം) നല്ലകഥ! തിരണ്ടു തീണ്ടാരിതുടങ്ങിയ ഒരുപെണ്ണ് ആരുമില്ലാതെ ഇരിക്കെ? നിൻെറ അമ്മാമനും എനിക്കും കുറവില്ലെ.

കല്യാ—.അമ്മായി! എനിക്ക് ഈ നമ്പൂരിപ്പാട് വേണ്ട. തീൎച്ചയാണ്. എൻെറ ഹൃദയവും അനുരാഗവും മററൊരാൾക്ക് കൊടുത്തിരിക്കുന്നു.

മാധ—(പുഞ്ചിരിയോടെ ആത്മ) പുതിയസമ്പ്രദായമൊന്നും എനിക്ക് മനസ്സിലാകുന്നില്ല്യ. അനുരാഗം വെച്ചിരി

ക്കുന്നു. അരക്കിന്ന് കിഴ്പട്ട് തൊലിവെക്കരുത്. അതാ
ണ് വേണ്ടത്. ഞാനെങ്ങാനും ഇങ്ങിനെ പറഞ്ഞിരുന്നാൽ
എന്റെ അമ്മ നാവിന്മേൽ ഇരുമ്പു പഴുപ്പിച്ചുവെച്ചിരുന്നു.
(പ്രകാശം) നീ പറയുന്നതു കാൎയ്യമല്ലായല്ല. പക്ഷെ മററെ
ഭാഗവും ആലോചിച്ചുനോക്ക്. നിന്നെ നിന്റെ അമ്മാ
മന്ന് എത്ര ഇഷ്ടമാണ്. അദ്ദേഹം ഇത് കൂടിയെ കഴിയൂ
എന്നു പറയുമ്പോൾ സമ്മതിക്കാഞ്ഞാലൊ? എന്നാൽ
വല്ല ആളേയുമാണൊ നിണക്കുനിന്റെ അമ്മാമൻ കണ്ടു
വെച്ചിരിക്കുന്നത്. കണ്ടാലും, മുതലുകൊണ്ടും, ജാതിവലി
പ്പംകൊണ്ടും, സ്വഭാവംകൊണ്ടും, വളരെ യോഗ്യൻ—
നിങ്ങടെ സ്വന്തം ജന്മി—നിങ്ങളെ വളരെ താല്പൎയ്യമുള്ള
ഒരാൾ.

കല്യാ—അമ്മായി! ഇതൊന്നും പറഞ്ഞിട്ട് ഫലമില്ലെല്ലൊ.
ഇത് എന്റെ യോഗമാണ് ഇങ്ങിനെ വ്യസനിപ്പാൻ.

ദേശികതോടി—രൂപകതാളം.

ദുഃഖാബ്ധിയിലേത്തും കരകാണാതുഴലാറായ്
ഇക്കാലമൊരാലംബനമെന്ന്യേ വലയാറായ്
ഹാ ഹാ തളരുന്നു മനമയ്യോ പിളരുന്നു
നാഥ! തവവിരഹാധികദാഹംവെളരുന്നു
ചേരും പരിതാപഭരമാരുമറിയുന്നോ!
തീരുവതുമല്ലീയഴലെന്നൊ വിധിലിഖിതം? ദുഃഖ...

മാധ—(ആത്മ-എന്തോചെയ്യണ്ടത്. പെണ്ണ് വാശി വിടുന്നില്ല.
വ്യസനിക്കുന്നത് കാണുമ്പോൾ എനിക്കും പാവം തോന്നു
ന്നു. എങ്ങിനെയെങ്കിലും പാട്ടിൽ കൊണ്ടുവരണൊലൊ.
(പ്രകാശം) ആട്ടെ. നീവ്യസനിക്കെണ്ട. ഇത്രകാലം
ബാലകൃഷ്ണമേനോനെപ്പററി മാത്രം വിചാരിക്കുകൊണ്ടാ
ണ് നിണക്ക് ഇങ്ങിനെയെല്ലാം തോന്നുന്നത്. ഷീശ്ശ്

സുഖമായിട്ട് ഒരു ഭത്താവിനോടുകൂടി ഇരിക്കണംഎന്ന് എനിക്ക് ആഗ്രഹമുള്ളപോലെ വേറെ ആക്കെങ്കിലും ഉണ്ടാകുമൊ.

(അണിയറയിൽ) മാധവി! മാധവി! എങ്ങട്ടാ ഠരം കടന്ന് പോയിരിക്കണത്.! എത്രനേരായി നോക്കണു.

മാധ—അതാ എന്നെ വിളിക്കണു. ഞാൻപോട്ടെ. നീഇങ്ങിനെ കരയരുതെ—പിന്ന്യം പറയാലൊ—ഞാൻ പോയി വേഗം വരാം.

(എന്നു പോകുന്നു).

കല്യാ—ഇവരാരെങ്കിലും എന്റെ വ്യസനം അല്പംപോലും അറിയുന്നുണ്ടൊ! അന്തരംഗത്തിൽ എന്നെ ഒട്ടുംസ്നേഹമില്ല; അതുതന്നെ. അല്ലെങ്കിൽ ഇത്രപൊടുന്നനവെ ഇങ്ങിനെയൊക്കെ നിശ്ചയാക്കുമൊ! രണ്ടുദിവസംമുമ്പെകൂടി എന്നോടു പറഞ്ഞിരുന്നാൽ ഈ സമയത്തേക്ക് പ്രാണനാഥന്ന് ഇവിടെ എത്താമായിരുന്നു. ഏതായാലും ഇന്നു മദിരാശിക്കു എഴുതീട്ടുണ്ടല്ലൊ. അച്ഛനും എഴുതീട്ടുണ്ടെന്നല്ലെ പറഞ്ഞത്—ദേവി! എന്റെ പ്രിയതമനെ വേഗത്തിൽ ഇവിടെ എത്തിക്കേണമെ. എനിക്ക് ഈ ലോകത്തിൽ അദ്ദേഹമല്ലാതെ വേറെ ഭത്താവില്ല. നിശ്ചയാണ്.

(അജാകൌനമളെംസയ്യാംബാ സുരീബജ യുരെ—എന്നപോലെ)

ജീവനുള്ളനാളെനിക്കുജീവനായകൻഭവാൻ
ജീവനാഥനെന്നിയെമമജീവിതംകഥംഭുവി. ജീവ...

ഞാൻദുഃഖിക്കേണ്ടിവരില്ല. ദേവിഎന്നെസഹായിക്കും.

ഈവിഷാദഹാനിവരുമെൻദേവിതൻകൃപാവശാൽ
ദേവിതൻപ്രഭാവമഖില-കാമിതംവരുത്തിടും. ജീവ...

(പോകുന്നു).

---

രംഗം—൧.

പാലപ്പറമ്പ്.

(ഉണ്ണീരിമേനോനും കിട്ടൻപട്ടരും പ്രവേശിക്കുന്നു).

ഉണ്ണി—അമ്പലത്തിലെ സദ്യയുടെകാൎയ്യം എന്നാൽ സ്വാമി ഏററുവൊ? എല്ലാം ശുഭമായി കലാശിക്കണം ഇല്ലെങ്കിൽ നാട്ടുകാർ അപഹസിക്കും—ഒരു പുടമുറി കഴിച്ചോളാൻ നല്ല ബുദ്ധിമുട്ട്!

കിട്ടൻ—ഓ അതെല്ലാം ഞാൻ റഡിയാക്കികൊള്ളാം. അപ്പളെ എന്താ കുറുപ്പിന്ന് ഇന്തകാൎയ്യം രസിക്കലൈ എന്നെല്ലാം ഒരു പേച്ച് കേട്ടേൻ.

ഉണ്ണി—രസിച്ചില്ലെങ്കിൽ വേണ്ട. ഇന്നലെ ഞങ്ങൾതമ്മിൽ കുറച്ചൊന്നു പറഞ്ഞു. കുറുപ്പിൻെറ ഒരു അധികാരം നടിക്കല് കണ്ടപ്പോൾ എനിക്കും ദ്വേഷ്യംവന്നു. ഈ സംബന്ധം നടക്കേണമെന്നു ഞാൻ തീൎച്ചയാക്കികഴിഞ്ഞു. ഇനി ദേവേന്ദ്രൻതന്നെ വന്നുപറഞ്ഞാലും—അല്ല—എന്നാലും എളകില്ല.

കിട്ടൻ—കാൎയ്യംതന്നെ. നമുക്കു മക്കത്തായമായിട്ടില്ലെല്ലൊ. ഇപ്പോൾ മരുമക്കത്തായം തന്നെഅല്ലെ. അന്തസമ്പ്രദായത്ത്ക്ക് പെണ്ണുകളെ സന്മന്തംശെയ്യുകൊടുക്കിറതെല്ലാം തറവാട്ടിൽ കാരണവനോടെ ഇഷ്ടംതാൻ. ആക്ഷേപനഎന്ന!

ഉണ്ണി—കുറുപ്പ് അങ്ങിനെ മുടക്കം പറകയുണ്ടാവില്ല്യൊ.

കിട്ടൻ—അതാ വറാൻ കുറുപ്പ്.

(കുഞ്ഞിരാമക്കുറുപ്പ് പ്രവേശിക്കുന്നു).

ഉണ്ണി—(ആത്മ) പിന്നെയും ഇതിനെപ്പററി സംസാരിപ്പാനായിരിക്കുമൊ? എനിക്ക് ഇദ്ദേഹം സംസാരിപ്പാൻ വരു

മ്പോൾ പേടിയാകുന്നു. കാൎയ്യമെ പറയൂ.

കുറപ്പ് — (ആത്മ) ഇനിയും ഇയ്യാൾപറഞ്ഞാൽ കേട്ടില്ലെങ്കിൽ എന്തുചെയ്യും? കല്യാണിക്കുട്ടിയുടെ വ്യസനം കാണുക വയ്യാ. ബാലകൃഷ്ണനും എങ്ങിനെ വ്യസനിക്കും. അക്രമ മല്ലെ ഇത് ! ആട്ടെ ഒന്നുകൂടി പറഞ്ഞുനോക്കട്ടെ (ഉണ്ണീരിമേനോനോട്) ഒരുകാൎയ്യം പറവാനുണ്ടായിരുന്നു. ഇത്ര ത്തോളം ഒന്നുവന്നാൽ വേണ്ടില്ല.

ഉണ്ണീ — എന്താകാൎയ്യം ? ഇവിടെ പുറമെ ആരുമില്ലെല്ലൊ. പറയാലൊ. (കുറപ്പ് പട്ടരുടെ മുഖത്തുനോക്കുന്നു) ഇദ്ദേഹം ഇവിടുത്തെ ആളല്ലെ ! പിന്നെന്താ ? പറഞ്ഞോളു.

കുറപ്പ് — അല്പം സ്വകാൎയ്യമാണ്. നാം രണ്ടുപേരും മാത്രം കേട്ടാൽമതി.

കിട്ടൻ — (താഴ്മയോടെ) നാൻ പോറേൻ അപ്പാ. നീങ്കൾ സ്വകാൎയ്യം പേശുങ്കൊ.

ഉണ്ണീ — നിക്കു സ്വാമി ! എനിക്ക് നിങ്ങളോട് ചിലതൊക്കെ പറയാനുണ്ട്. (കുറപ്പിനെനോക്കി) കുറപ്പിന്ന് പറയാനുള്ളത് പറഞ്ഞോളു. ഇദ്ദേഹം കേട്ടതുകൊണ്ട് ഒരു വിരോധവുമില്ല.

കുറപ്പ് — (ആത്മ) കഷ്ടം ! ഇദ്ദേഹം ഇങ്ങിനെ ചില്ലറകാൎയ്യങ്ങളിലും വാശിവിടുന്നില്ലെല്ലൊ. ഞാൻ എന്തിന്നു ഇക്കാൎയ്യത്തിൽ എന്റെ നാവു ചെലവാക്കുന്നു ? എങ്കിലും പാവം അവളെ ഓൎത്തുമാത്രമാണ്. (പ്രകാശം) എന്നാൽ പറയാം. പുതിയതായി നിശ്ചയിച്ച സംബന്ധത്തെ പററിയാണ്.

ഉണ്ണീ — അതെല്ലാം ഇന്നലെ ഒരുവട്ടം പറഞ്ഞൂലൊ.

കുറപ്പ് — ശരി-എന്നാൽ അതുതന്നെ ഒന്നുംകൂടി ആവൎത്തിക്കാം.

ഉണ്ണീ — (ഗൌരവത്തോടെ) കുറപ്പെ ! നിങ്ങൾ പറയാൻപോകുന്നത് എനിക്കു മനസ്സിലായി. ഞാൻ ഒന്നുപറയാം. നമ്പൂ

രിപ്പാട്ടിലേ ഈ സംബന്ധം നടക്കേണമെന്ന് ഞാൻ തീച്ച്യാക്കികഴിഞ്ഞു. അവിടുത്തേക്കു വാക്കുകൊടുക്കലും കഴിഞ്ഞു. ഇനി ആ വാക്ക് മാററണമെന്നു—നിങ്ങളല്ല—ദേവേന്ദ്രൻതന്നെ വന്നുപറഞ്ഞാലും ഞാൻ അത് ചെയ്യില്ല.

കുറുപ്പ്—ദേവേന്ദ്രനും ഞാനും നിങ്ങളോട് വാഗ്ദത്തലംഘനം ചെയ്യേണമെന്നു ഒരുകാലത്തും ആവശ്യപ്പെടുകയില്ലല്ലൊ. (ഉണ്ണീരിമേനോൻെറ മുഖംകറുക്കുന്നു) എന്താണ് നിങ്ങൾ അവളുടെ ഇഷ്ടത്തെ ലേശംപോലും ഗണിക്കാത്തത് ? പാവം. അവളുടെ ദുഃഖംകണ്ടാൽ നിങ്ങൾ ഒരിക്കലും ഇങ്ങിനെ തീച്ച്പ്പെടുത്തില്ല.

ഉണ്ണീ—അവൾക്ക് ഇത് സമ്മതമാണെന്ന് എന്നോട് മാധവി പറഞ്ഞുവല്ലൊ.

കുറുപ്പ്—(അല്പം ഭാവഭേദത്തോടെ) അവനവൻെറ കാൎയ്യം മററാരാൾ പറഞ്ഞാൽ മതിയൊ. ഉണ്ണീരിമേനോനെ ! എനിക്ക് ഈ സംബന്ധകാൎയ്യം ഒട്ടുംസമ്മതമല്ല. പിന്നെ കല്യാണിക്കുട്ടിയെ ബാലകൃഷ്ണന്ന് സംബന്ധംചെയ്തു കൊടുക്കണമെന്നല്ലെ എത്രയൊപണ്ടെ അവളുടെ അമ്മയും നമ്മളും നിശ്ചയിച്ചിട്ടുള്ളത് ! ആ വാക്ക് ഇപ്പോൾ മാററാമൊ ?

ഉണ്ണീ—ഞാൻ വാക്കുമാററില്ല. നമ്പൂരിപ്പാട്ടിലെ സംബന്ധം എനിക്കു സമ്മതമാണെന്നു ഞാൻ അവിടുത്തെ അറിയിക്കകഴിഞ്ഞു. ഇനി അവിടുത്തോട് വാക്കുമാററ് ! അത് ഒരിക്കലും ഞാൻചെയ്യില്ല. അദ്ദേഹം ആരാണെന്നറിയൊ ? നിങ്ങടെ ബാലകൃഷ്ണനെപ്പോലെയാ !

കുറുപ്പ്—അദ്ദേഹംവളരെ യോഗ്യനായിരുന്നോട്ടെ. അതിന്നു ഞാനെന്തുവേണം. പക്ഷെ എൻെറ മകളെ അദ്ദേഹത്തിന്നു കൊടുക്കുന്നതു എനിക്കു സമ്മതമല്ല.

ഉണ്ണി—(ശുണ്ഠിയോടെ ഞാൻ ഇതു തീൎച്ചയാക്കികഴിഞ്ഞു. ഞാൻ വാക്കു മാററില്ല. (എന്നു പട്ടരോട്ടുകൂടി പോകുവാൻ ഭാവിക്കുന്നു).

കുറുപ്പ്—എന്നാൽ ഇത്രത്തോളം തീൎച്ചപ്പെടുത്തുന്നതിന്ന് മുമ്പായി ബാക്കിയുള്ളവരോടും ഒന്ന്—മൎയ്യാദക്ക്—ആലോചിക്കായിരുന്നില്ലെ?

ഉണ്ണി—(ദ്വേഷ്യത്തോടെ) ആലോചിക്കാത്തതുകൊണ്ട് ഒരു മൎയ്യാദകേടും ഇല്ല. കുറുപ്പ് എനിക്കൊട്ടു മൎയ്യാദപഠിപ്പിച്ച് തരുംവേണ്ട. കുറുപ്പ് യോഗ്യൻതന്നെ. പക്ഷെ എന്റെ തറവാട്ടിലെ അററകുററങ്ങൾ അന്വേഷിക്കല് ഞാൻ കഴിച്ചോളം. നിങ്ങളുടെ അധികാരം നിങ്ങളുടെ തറവാട്ടിൽ. എന്താസ്വാമി?

കിട്ടൻ—(തലയാട്ടി) ആം-ആം-ഒങ്കളോടെ മരുമക്കത്തായം നടവടി അപ്പടിതാനെ.

കുറുപ്പ്—(വ്യസനത്തോടും പുച്ഛത്തോടുംകൂടി) കഷ്ടം! നിങ്ങൾ ഇങ്ങിനെ ധരിക്കുന്നുവെല്ലൊ. ഈ കാൎയ്യം തീൎച്ചപ്പെടുത്തുന്നതിന്നുമുമ്പായി നിങ്ങളുടെ ഒരു ബന്ധുവിന്റെ നിലയിൽ എന്നെയും ഒന്നറിയിക്കാമായിരുന്നു എന്നെ ഞാൻ പറഞ്ഞുള്ളു. കല്യാണിക്കുട്ടി നിങ്ങളുടെ മരുമകൾതന്നെ. എങ്കിലും എന്റെ മകളുമല്ലെ. ഇതുതന്നെ നന്മൾതമ്മിൽ പറവാനിടവന്നതിൽ ഞാൻ വ്യസനിക്കുന്നു.

ഉണ്ണി—കുറുപ്പിന്ന് വിശേഷിച്ച് പ്രവൃത്തിയില്ലെങ്കിൽ എനിക്കു കുറച്ചുണ്ട്. സ്വാമി! വരു.

(എന്നുകിട്ടൻപട്ടരോടുകൂടിപോകുന്നു).

കുറുപ്പ്—ഇയ്യാളോട് പറഞ്ഞിട്ട് ഒരുഫലവുമില്ല കഷ്ടം! ഇതല്ലെ നന്മൾക്കുള്ള ഒരുദോഷം ഒരു പിതാവിന്നു തന്റെ മക്കളിൽ യാതൊരു അധികാരവും ഇല്ല. സൂക്ഷ്മത്തിൽ

അവരിൽ സ്നേഹത്തിന്ന് തീരെ അവകാശമില്ലാത്ത അമ്മാമന്മാക്കാണത്രെ അധികാരം. എന്ത് നടവടി! എന്ത് സമ്പ്രദായം! ഈ മരുമക്കത്തായം വേരോടെ പറിച്ചു അറബിക്കടലിലേക്ക് വലിച്ചെറിയേണ്ടകാലം ഇനിയും ആയിട്ടില്ലെ.! (അല്പമായ കോപത്തോടെ) കല്യാണിക്കുട്ടിയുടെ വ്യസനം ഓക്കുമ്പോൾ എനിക്കെന്തൊക്കയൊ സാഹസം പ്രവൃത്തിപ്പാൻ തോന്നുന്നു. പക്ഷെ അതുവായ്യലൊ- എന്തായാലും ബാലകൃഷ്ണൻ കൂടിവരട്ടെ. ആയാൾക്ക് എഴുതീട്ടുണ്ടല്ലൊ. നാളെക്ക എത്തുമായിരിക്കാം—ഈ സംബന്ധം നടക്കുന്നപക്ഷം അതുകാണ്മാൻ ഞാൻ ഇവിടെ ഇല്ല. തീച്ചതന്നെ.

(പോകുന്നു).

---

## രംഗം—൫.

താമരക്കോട്ട് പത്തായപ്പുര.

(താഴ്വാരത്തിലെ പടിയിന്മേൽ ക്ഷീണിതനായ ബാലകൃഷ്ണമേനോൻ കിടന്നുറങ്ങുന്നു. അല്പം ദൂരെയുള്ള കുളപ്പുരയിലേക്കു പോകുന്ന നാണുആശാൻ ആ വഴിയെ പ്രവേശിക്കുന്നു).

നാണുആശാൻ—(പൂവ്വഭാഗത്തേക്കു നോക്കി) അഹൊ എത്ര വിശേഷമായ പ്രഭാതസമയം!

യാത്യേകതോസ്തശിഖരംപതിരോഷധീനാ-
മാവിഷ്കൃതാരുണപുരസ്സരഏകതോക്കഃ
തേജോദ്വയസ്യയുഗപദ വ്യസനോദയാഭ്യാം
ലോകോനിയമ്യതഇവാത്മദശാന്തരേഷു.

ഇന്ന് ഒരു സുപ്രഭാവം തന്നെ. (നാലുഭാഗവും നോക്കി) ഇവിടെ ജനങ്ങളാരും ഉണൎന്നിട്ടില്ലെന്നു തോന്നുന്നു. ഇവക്ക് എങ്ങിനെയാണ് ഈ സമയത്ത് ഉറക്കം വരുന്നത്! ഈ പ്രഭാതകാലത്തെ കണ്ടാനന്ദിക്കുവാൻ ഇവൎക്കുയോഗമില്ല. (ആലോചിച്ച്) ജനങ്ങൾ ഉണൎന്നു തിരക്കാകുന്നതിന്നുമുമ്പെ കുളത്തിൽപോയി പ്രാതസ്സ്നാനം കഴിക്കാം. കുറുപ്പ് ഇനിയായിട്ടും എത്തീട്ടുണ്ടായിരിക്കയില്ല. അവിടെ ഇന്നാണെല്ലൊ അടിയന്തരം. (പത്തായപ്പുരയിലേക്കു നോക്കി) ആരാണ് ഒരാൾ പത്തായപ്പുര താഴ്വാരത്തിലെ പടിയിന്മേൽ കിടന്നുറങ്ങുന്നത്? (ചുററിനടന്ന് ബാലകൃഷ്ണമേനോൻെറ അരികെചെന്ന്) ഇതാരാണ് കാലോറയും ബൂട്ടിസ്സും ഒക്കെഇട്ട് ഒരാൾ ഇവിടെ വന്നിരിക്കുന്നത്? ഓഹൊ! ഇത് നമ്മുടെ ബാലകൃഷ്ണമേനോനല്ലെ. മദിരാശിയിൽനിന്ന് എന്നെ എത്തിയത് ആവൊ. അല്ല! ഇയ്യാൾ ഈ സമയത്ത് എന്തിന്നാണ് ഇവിടെ വന്നിരിക്കുന്നത്! ഇയ്യാൾക്കാണ് കുറുപ്പിൻെറ മകളെ സംബന്ധം ചെയ്യുകൊടുപ്പാൻ നിശ്ചയിച്ചിട്ടുള്ളത് എന്നും മററും ഒരു സംസാരം പണ്ടു കേട്ടിരുന്നു. ഇപ്പോൾ അതില്ലാഎന്നു വെച്ചിട്ടല്ലെ നമ്പൂരിപ്പാട്ടിലെ ആലോചന സമ്മതിച്ചത്. എന്നാൽ എൻെറ ആന്തരം പറകയാണെങ്കിൽ ഇവർ തമ്മിൽതന്നെ ആയിരുന്നു അധികം ചേൎച്ച. (ബാലകൃഷ്ണമേനോൻെറ മുഖത്ത് നോക്കി) ഉറക്കം ഉണരുന്നുണ്ട് എന്ന് തോന്നുന്നു. വിളിച്ചുനോക്കാം (അരികെചെന്നു കുമ്പിട്ട്) ആരാണ് ഈ കിടക്കുന്നത് ആരാത്! (ആത്മ) നല്ലഉറക്കം. എന്താണ് മുഖംകൊണ്ട് ചില ഭയങ്കരവികാരങ്ങൾ കാണിക്കുന്നത്? (ബാലകൃഷ്ണമേനോൻെറ ദേഹത്തെ തൊട്ടു) നേരംപുലൎന്നു. എണീക്കു.

ബാലകൃഷ്ണമേനോൻ—(പെട്ടെന്നു ചാടി എഴുന്നീററു നാണആശാൻെറ കൈകൾ അമർത്തിപ്പിടിച്ച്) എടാ! നീ എൻെറ പ്രിയ—തൊട്ടുവൊ (എന്നു ഭയങ്കരമായി നോക്കുന്നു)

നാണ.—(പരിഭ്രമത്തോടെ) അയ്യോ—ഇതു ഞാനാണെ—അയ്യോ എന്നെ ഒന്നുംചെയ്യരുതെ ബാലകൃഷ്ണമേനവനെ (എന്നു നിലവിളിക്കുന്നു)

ബാല—(സുബോധംവന്നു നാലുപുറവുംനോക്കി) അയ്യോ ദൈവമെ! (എന്നു മോഹാലസ്യത്തോടെ നിലത്തുവീഴുന്നു).

നാണ—(സംഭ്രമത്തോടെ) ഇതെന്താണീശ്വരാ! (അരികെചെന്നു കുമ്പിട്ട്) എന്താണ് സുഖക്കേട്? വഴിയാത്രകൊണ്ടുള്ള ക്ഷീണമായിരിക്കുമൊ? വിളിച്ചാൽ മിണ്ടുന്നില്ലെല്ലൊ. ഇവിടെ ആരേയും കാണാനുമില്ല.

ബാല—(കണ്ണുമിഴിച്ച്) അയ്യോ! ഞാനെവിടെയാണ് പ്രിയ—(നാണആശാൻെറ മുഖത്തുസൂക്ഷിച്ചു നോക്കുന്നു).

നാണ—എന്താണ് വല്ലസുഖക്കേടുമുണ്ടൊ? അതൊ വല്ലദുസ്വപ്നവും കണ്ടുവൊ?

ബാല—(പെട്ടെന്ന് എഴുന്നീററ് ആത്മ) ഞാനനുഭവിച്ചതെല്ലാം സ്വപ്നങ്ങളായിരുന്നുവൊ? അഹൊ! ഹൃദയം ഇപ്പോഴും തുടിക്കുന്നു. എന്തൊരുഭയങ്കരസ്വപ്നമാണ് ഞാൻ കണ്ടത്. ആലോചിക്കുമ്പോൾ മനസ്സ് ദഹിക്കുന്നു. അയ്യോ! ഇതെന്താണ്?

ഹിന്തുസ്ഥാനിതോടി—ഏകതാളം.

കിമിദംമെമോഹസംഭ്രമംമാനസെ
കിമിദംദൈവമെ!ചേതോ
കഠിനപീഡനംജാതം കിമിദംമെ...
പൃഥുലവികാരപരി
തരളംമാനസംഭീതം കിമിദംമെ...

UNIVERSITY LIBRARY
3 MAY 1933
MADRAS

ഒന്നാമങ്കം.

അവശബോധമൊതാപ
സൂചകമോഹാ ഹാ ഹാ
കിമിദംമമമോഹസംഭ്രമംമാനസെ

നാണു—എന്താ സുഖക്കേട്? എന്നെ മദിരാശിനിന്ന് എത്തിയത്?

ബാല—(ഞെട്ടിഉണൎന്നപോലെ) നാണുആശാനൊ! നിങ്ങൾ എപ്പോഴാണ് വന്നത്? കുറുപ്പ് ഇവിടെഇല്ല-ഉണ്ടൊ?

നാണു—ഞാൻ എപ്പഴെ എത്തിയത് എന്നൊ? എന്നെഅല്പംമുമ്പെ കൊന്നു എന്നാണ് ഞാൻ ആലോചിച്ചത്. എന്നെ എന്തിന്നായിരുന്നു അമൎത്തുകെട്ടിപ്പിടിച്ചത്. വല്ല ദുസ്വപ്നവും കണ്ടു കിടക്കയായിരുന്നുവൊ?

ബാല—(പരിഭ്രമത്തോടെ) ഞാൻ നിങ്ങളെ അപ്രകാരം ചെയ്തുവൊ?

നാണു—അതൊന്നും ഓൎമ്മയില്ലെ? പക്ഷെ ഉണ്ടായിരിക്കില്ല. "അശേഷലോകാൎത്ഥവിമുഖജ്ഞഃ നിദ്രാസംപ്രാപ്തചേതനോനിത്യം" എന്നല്ലെ.

ബാല—ഞാൻ അറിയാതെ ചെയ്തതാണ്. സുഖക്കേടരുതെ. (ചിന്താമഗ്നനായി നില്ക്കുന്നു).

നാണു—സുഖക്കേടൊ! ഐ-ഇതിനൊക്കെ സുഖക്കേടൊ? എന്തെ സ്വപ്നംകണ്ടത്?

ബാല—കുറുപ്പ് എന്തിനാണ് പാലപ്പറമ്പിലേക്ക് പോയിരിക്കുന്നത്? ഇവിടെ ആരും ഇല്ലാത്തപോലെ ഇരിക്കുന്നുവെല്ലൊ.

നാണു—കുറുപ്പ് ഇവിടെ ഇല്ല. പാലപ്പറമ്പിലേക്കു പോയിരിക്കുന്നു. ബാക്കി എല്ലാവരും ഇവിടെ ഉണ്ടെല്ലൊ.

ബാല—ഇന്നലെരാത്രി ഞാൻഇവിടെ എത്തിയപ്പോൾ ആരും ഇല്ലാത്തപോലെ തോന്നി. ഒരു പുതിയ വാലിയക്കാരനെ

മാത്രം കണ്ടു. അവനാണ് പറഞ്ഞത് കുറപ്പ് ഇവിടെ ഇല്ലെന്ന്.

നാണു—കുറപ്പ് ഇവിടെ ഇല്ല (—) അപ്പൊ മദിരാശി ഇപ്പോ ഠം കോടതിപൂട്ടിയ കാലമായിരിക്കാം. എന്താനന്നെ ക്ഷീണംഉള്ളപോലെ തോന്നുന്നത്.

ബാല—വിശേഷിച്ചൊന്നുമില്ല. കുറപ്പ് പാലപ്പറമ്പിലേക്കു തന്നെയാണൊ പോയിരിക്കുന്നത് ? എന്തിനാണ് പോയിരിക്കുന്നത്.

നാണു—അതെ പാലപ്പറമ്പിലേക്ക്. (ആത്മ) നമ്പൂരിപ്പാട്ടിലെ സ്വയംവരത്തിന്റെ കഥയൊന്നും ഇയ്യാൾ അറിഞ്ഞിട്ടില്ലെന്നുണ്ടോ ?

ബാല—(വ്യസനത്തോടെ) അയ്യൊ! എന്റെ സംശയങ്ങളെല്ലാം ശരിയായിരിക്കുമൊ ? എന്റെ മനസ്സ് എരിയുന്നു-ഹൃദയം പൊട്ടുന്നു.

നാണു—ക്ഷീണംനന്നെ ഉള്ളപോലെ തോന്നുന്നു. കുളികഴിക്കുക.

ബാല—(ആത്മ) ഏതായാലും ചോദിച്ചാലറിയാം. അയ്യൊ! ഞാനെങ്ങിനെ ഠരം സംഗതിചോദിക്കും. എനിക്ക് ലേശം ധൈൎയ്യം വരുന്നില്ല.

നാണു—എന്നാൽ കുളികഴിക്കയല്ലെ നല്ലത്. ക്ഷീണത്തിന്ന് വളരെ ഭേദമുണ്ടാവും.

ബാല—കുറപ്പ് എന്നെ പോയത്. അറിയുമൊ ?

നാണു—കുറപ്പ് പോകുമ്പോൾ ഞാനും ഇവിടെ ഉണ്ടായിരുന്നു. ഇതാ ഇന്നേക്ക് മൂന്നുദിവസമായി.

ബാല—(മുഖംതിരിച്ച്). അവിടെ—എന്താ—എന്താവിശേഷിച്ച് ?

നാണു—അവിടെ മകളുടെ—

ബാല—അയ്യൊ! (എന്ന് ആലസ്യത്തോടെ നിലത്ത്‌വീഴുന്നു)

നാണു—എന്താ സുഖക്കേട് ? എന്താസുഖക്കേട് ?

ബാല—(നെററിയെ കൈകൊണ്ടുതാങ്ങി) എനിക്കെന്തൊ ഒട്ടും സുഖമില്ല. കേളു ! കേളു !

നാണു—ഞാൻ വിളിക്കാം. എവിടെയാണ് കിടക്കുന്നത്? കേളു ! കേളു ! (എന്ന് പോകുന്നു).

ബാല—(അത്യുൽക്കണ്ഠയോടെ) അറിയേണ്ടതെല്ലാം അറിഞ്ഞു.

ഹിന്തുസ്ഥാനിശ്ലോകരീതി
തോടി

നിപാതംഹാകഠോരാപൽപ്രമാദം
ക്ഷതംമേചേതസംജാതംവിഷാദം
പ്രിയെ ! തെചാരുദൃക് പാതംവിനാമെ
കഥംഹാഭൂതലെകിഞ്ചിന്നിവാസം.

("ദിലദാറദിലാറാദിലബറഹൈ"—എന്നപോലെ)

വിധിപാകമിദാനീം
കഥമീവിധംഭവി-സഹനീയമഹൊ
പരിഹതമഹഹഹതരളതരളപര
വശതരമാനസമവതധൃതമപഹൃതമഭിലാഷഗതം
വിധിപാകമിദാനീം.........
മാനസാഹ്ലാദമകസ്മാദിദംഗതംഹൊകിം?
മോഹജാലാവൃതഹൃൽഗാനമദ്ധ്യയാതംകിം?
ആയതാപാംഗി ! സദാമാനസൈകസൌഖ്യംതെ
പ്രേമസംവീക്ഷണപിയൂഷമദ്ധ്യയാതംകിം ?
പരിഹതമഹഹഹ.........

(നാണുആശാനും കേളുവും പ്രവേശിക്കുന്നു)

കേളു—(ആത്മ)അയ്യോ ! എൻെറ യജമാനന്ന് ഇങ്ങിനെ ഒരു സുഖക്കേടിന്നിടയായെല്ലൊ. യജമാനന്ന് ഇത്ര ഇഷ്ടമായിരുന്ന കല്യാണിക്കുട്ട്യേന്നകൂടി ഇങ്ങിനെചെയ്യുമെന്ന ആ

ര് വിചാരിച്ചു! പെണ്ണുങ്ങളെ എങ്ങിനെ വിശ്വസിക്കും!

നാണു—ഇതാ കേളു വന്നിരിക്കുന്നു. കുളിച്ച് വല്ല ചായയൊ മററൊ കഴിക്കയെല്ലെ?

ബാല—അയ്യൊ! ദൈവമെ! എന്റെ ജീവനെ ഈവിധം പീഡിപ്പിക്കേണമെ!

നാണു—(ആത്മ) ഇങ്ങിനെ വ്യസനം ഞാൻ ഒരാൾക്ക് കണ്ടിട്ടില്ല—ഇവര് തമ്മിൽതന്നെയായിരുന്നു അധികം ചേർച്ച—എങ്ങിനെഎങ്കിലും സമാധാനിപ്പിച്ച് നോക്കട്ടെ (പ്രകാശം) എന്തിനാണ സുഖക്കേട വിചാരിക്കുന്നത്. വലിയ കഷ്ടംനേരിട്ടാൽകൂടി മനസ്സിനെ ഇങ്ങിനെദുഃഖിപ്പിക്കരുത്. അറിവുള്ളവർ സാധാരണ ജനങ്ങളെപ്പോലെ ഈ വക നിസ്സാരസംഗതികളിൽമനസ്താപംകരുതുന്നതുയുക്തമാണൊ?

അവഗച്ഛതിമൂഢചേതനഃ
പ്രിയനാശംഹൃദിശല്യമർപ്പിതം
സ്ഥിരധീസ്തുതദേവമന്യതെ
കുശലദ്വാരതയാസമുദ്ധൃതം

എന്നല്ലെ കാളിദാസർ രഘുവംശത്തിൽ പറഞ്ഞിരിക്കുന്നത്.

(ബാലകൃഷ്ണമേനോൻ അന്ധനെന്നപോലെ നില്ക്കുന്നു)

നാണു—(പിന്നെയും) അതുകൊണ്ട് സുഖക്കേട് ഒരുവിധത്തിലും ആവശ്യമില്ല.

ബാല—(ഞെട്ടി) അയ്യൊ-കല്യാ—(എന്നു തളർച്ചയോടെ നിലത്തിരിക്കുന്നു).

നാണു—(കേളുവിനോട്) വേഗം പോയി ചായ ഉണ്ടാക്കി കൊണ്ടാ—വേഗംപോ. (കേളു പോകുന്നു)

നാണു—(ആത്മ) പാവം. വല്ലാത്തസുഖക്കേട്. ഇവര് തമ്മിൽ തന്നെയായിരുന്നു അധികം ചേർച്ച—എന്നാലും ഇനി

സുഖക്കേട് വിചാരിച്ചിട്ട് കാൎയ്യമെന്താണ്. (പ്രകാശം) ഈ വക ബന്ധങ്ങളെല്ലാം നിസ്സാരങ്ങളെന്നറിഞ്ഞാൽ അവയെപ്പററി ആരെങ്കിലും വിഷാദിക്കാറുണ്ടൊ!

ബാല—(പാരവശ്യത്തോടെ) എന്തൊ എനിക്ക് അശേഷം സുഖമില്ല. അല്പനേരം ഞാൻ ഇവിടെ തന്നിയെ ഇരിക്കട്ടെ.

നാണു—എന്നാൽ വേഗത്തിൽ കുറുപ്പിന്ന് ഒരാളെ അയക്കയല്ലെ നല്ലത്.

ബാല—അത് വേണ്ട!

നാണു—ഓ-ശരിതന്നെ. അല്ലെങ്കിലും കുറുപ്പിന്ന് ഇപ്പോൾ വരാൻ തരമാകുമൊ സംശയമാണ്. അവിടെ ഇന്നാണെല്ലൊ അടിയന്തരം.

(ബാലകൃഷ്ണമേനോൻ ഞെട്ടി അസഹനീയമായ ഉൽക്കണ്ഠയോടെ നാണുആശാനെ നോക്കുന്നു.)

നാണു—(ആത്മ) എന്തൊരു സുഖക്കേടാണിത്. ഞാൻ ഒരു മനുഷ്യനും ഇങ്ങിനെ സുഖക്കേട് കണ്ടിട്ടില്ല. (പ്രകാശം) മനസ്സിനെ ഇങ്ങിനെ കഷ്ടപ്പെടുത്തിയാൽ ക്ഷീണം വൎദ്ധിക്കയല്ലെ ഉള്ളൂ. ആത്മാവിനെ എന്തിന്നു വെറുതെ ദുഃഖിപ്പിക്കുന്നു. "ആയാതമായാതമപേക്ഷണീയം ഗതംഗതംസൎവ്വമുപേക്ഷണീയം" അത്രയല്ലെ നമുക്ക് തരമുള്ളൂ. ഇതെല്ലാം ഓരൊ യോഗമാണ്. "അഥവാഭവിതവ്യാനാം ദ്വാരാണിഭവന്തിസൎവ്വത്ര" എന്നു കാളിദാസർ പറഞ്ഞിരിക്കുന്നു. പിന്നെ—

ബാല—എനിക്ക് വല്ലാത്തക്ഷീണംതോന്നുന്നു. നിങ്ങൾ പോയികേളുവിനോട് ഇങ്ങോട്ട് വേഗത്തിൽ വരാൻപറയുമൊ?

നാണു—അവൻ ഇപ്പോൾവരും എങ്കിലും ഞാൻവിളിക്കാം.

(എന്ന് പോകുന്നു.)

ബാല—അയ്യൊ-ദൈവമെ! ഞാൻ ഇതെങ്ങിനെ സഹിക്കും ഇതൊ എന്റെ യോഗം!

ഹിന്ദുസ്ഥാനിതോടി—ഏകതാളം.

('അബമയിക്യാകരുസജനി'—എന്നപോലെ)

പ്രിയജനംവേർവിട്ടോഭുവനേഅശരണമോമേവിധി
ഇവിധമൊ മയി പ്രേയസീ. പ്രിയജ...
കോമളാംഗി! നാഥെ! ഹാമറന്നിതോമാം
നീമറന്നീടുമെന്നുഞാനോത്താപ്രേയസീ പ്രിയ...
കഷ്ടകാലത്താലെന്നിഷ്ടനാശമാഗതം
പിഷ്ടപിഷ്ടമാനസംവി നഷ്ടംദൈവമെ പ്രിയജ...

ഇതാണ് സഹിപ്പാൻവയ്യാത്ത ദുഃഖം. ഇതിന്ന് ഒരു അതിരും കാണുന്നില്ലല്ലൊ. ഞാൻ എത്രയൊ സ്നേഹിച്ച് പോന്ന എൻെറ പ്രിയതമകൂടി—ആലോചിക്കുന്തോറുംഹൃദയം പൊട്ടിത്തകരുന്നു. ലോകത്തിൽ എല്ലാവരും ഇങ്ങിനെവെടിഞ്ഞുവൊ! എൻെറപ്രിയപ്പെട്ട അച്ഛനും അമ്മയും പണ്ടെമരിച്ചു. എന്തിന്നിങ്ങിനെ ഞാൻ മാത്രം—(പൊട്ടിക്കരയുന്നു) ദൈവമെ! ദൈവമെ! ഈ വിധംദുഃഖിപ്പിക്കേണമൊ.

(ചായയുംകൊണ്ടു കേളുപ്രവേശിക്കുന്നു.)

കേളു—(ആത്മ) എന്തുചെയ്താലാണ് എജമാനൻെറ ഈ സുഖക്കേട് മാററാൻ കഴിയുക. അയ്യൊ! ഇങ്ങിനെയജമാനനെ കാണാൻ വയ്യ-കഷ്ടം-ഇങ്ങിനെ വന്നുവെല്ലൊ.

ബാല—നീ പോയി പത്തായപ്പുരയുടെ താക്കോൽ വാങ്ങികൊണ്ടുവാ. എനിക്ക് വല്ലാതെ ക്ഷീണം തോന്നുന്നു.

(കേളു ബാലകൃഷ്ണമേനോൻെറ അടുക്കൽ ചായകൊണ്ടു വെച്ച് പോകുന്നു).

ബാല—(അല്പനേരം ആലോചിച്ച്) ഞാൻ എന്തിന്നിങ്ങിനെ വിചാരിക്കുന്നു. എന്തിന്നായിട്ട് മററുള്ളവരെ കുററപ്പെടുത്തുന്നു. എന്നെ ആരെങ്കിലും സ്നേഹിക്കാത്തതിനെ കുറി

ച്ച് ഞാൻ ശഠിക്കേണ്ടതുണ്ടോ. ഞാൻ ഓരോന്ന് തെററിദ്ധരിച്ചതായിരിക്കാം. എന്റെ സ്വപ്നങ്ങൾക്ക് മററുള്ളവരൊ ഉത്തരവാദി! ഇതെല്ലാം ദൈവമതമാണ്. തടുപ്പാൻ പാടില്ലാത്ത യോഗശക്തി. (ആലോചിച്ച്) ചപലമനോവികാരങ്ങളെപററി വിചാരിച്ച് ദുഃഖിച്ച് ജീവകാലം ഇങ്ങിനെ നിസ്സാരമാക്കി കളയുന്നുവെല്ലൊ കഷ്ടം! മാതൃഭൂമിയുടെ അഭിവൃദ്ധിക്കായി എത്ര സ്വദേശാഭിമാനികൾ ദിനംപ്രതി ഭാരതഖണ്ഡത്തിൽ യത്നിക്കുന്നു. ഉൽകൃഷ്ടങ്ങളായ ഉദ്യമങ്ങൾ ഇരിക്കെ ഹീനവിഷയങ്ങളിൽ മനസ്സിനെ ലയിപ്പിച്ച ജീവകാലംകഴിച്ചതിന്ന് ദൈവത്തിന്റെ തക്കതായ ഒരു ശിക്ഷയായിരിക്കാം ഈവന്നു ചേൎന്നത്. ലജ്ജാവഹമായ ഈ സ്ഥിതി എന്തിന്ന്!

"ഹാതൊജാതെഹിസഷർഹിർനഹിആനെവാലെ" എന്നപോലെ,

ഹന്തമോഹാന്ധമനോദാസ്യമെന്തിനീവാസം
ഓക്കിലീസമ്പ്ധരാബന്ധമെത്രനിസ്സാരം
സ്വപ്നജാലാവൃതനായത്രമോഹസംസാരെ
കഷ്ടമിജന്മമശേഷംവൃഥാകഴിക്കാമൊ
ഉന്നതോദ്ദേശമോട്ടുംയത്നമാശുചെയ്യുന്നോ
നിന്നുമേൽദൈവമതംവന്നുചേൎന്തിക്കാലം
പൂൎവ്വസൌഹാൎദ്ദമുടൻവേർപെടുത്തിടുന്നേരം
പാരമുണ്ടല്ലലതിനെന്തുചെയ്വുഞാനയ്യൊ.
മാതൃഭൂപുണ്യപദംഎകമാശ്രയിപ്പാനായ്
എത്തുമെതാമസമിക്കാലമാഗമിക്കാമൊ !
ആമയാവേശഹൃദെന്നാലുമദ്യപോകുന്നേൻ
പ്രേമസൽഭാജനമെ! നിന്നെവിട്ടുപോകുന്നേൻ.

(ഒന്നാമങ്കം കഴിഞ്ഞു).

## രണ്ടാമങ്കം.

---

### രംഗം—൧.

പാലപ്പുറമ്പിൽനിന്നു അല്പംദൂരെയുള്ള ഭഗവതിക്ഷേത്രത്തിന്നു സമീപമുള്ള ഒരു പറമ്പ്.

(വ്യസനത്തോടെ പാടിയുംകൊണ്ട് ഉത്തരേന്ത്യക്കാരനായ ഒരു വൈരാഗിയുടെ വേഷംധരിച്ച് ബാലകൃഷ്ണമേനോൻ പ്രവേശിക്കുന്നു).

‘നഖക്ഷഠഹമാറംറൊണാകഝംഗൾബൈർഗയം’ എന്നപോലെ

ദിവ്യപ്രകാശവ്യോമപദംഹാഗതംഗതം
ഭൂരംഗമിദംനിഷ്പ്രഭമുന്മാദമാഗതം
സ്നിതാനുരാഗഭോഗസുധാശീതവാഹിനീ
യാതാസുജാതപുഷ്പവനംസ്വപ്നവൽഗതം
ഹാലാഹലാതിഘോരതമൊസംവൃതംമനം
ഹാഹാവിനഷ്ടദിഷ്ടമിദംജീവിതംകഥം.

ജീവിതകാംക്ഷയെല്ലാമിന്നവസാനിച്ചു. നിഖിലസുഖങ്ങളും നശിച്ചു. സൎവ്വമനോരഥങ്ങളും പോയസ്തമിച്ചു. കത്തിക്കാളുന്ന ഈ ഹൃദയംമാത്രം അവശേഷിച്ചു. എന്റെ ഈ ദുഃഖത്തിന്ന് ഒരവസാനവുമില്ലെന്നൊ! പ്രയത്നപ്പെട്ടു അതിനെ ഒതുക്കുവാൻ ഞാൻ എത്രത്തോളം യത്നിക്കുന്നുവൊ അത്രത്തോളം അതു ജൃംഭിച്ചുപരക്കുന്നു! (ആലോചിച്ച്) കുറപ്പ് കൂടി ഇങ്ങിനെ ചെയ്യുവെല്ലൊ ദൈവമെ! ലോകമെല്ലാം ഇതു പൊട്ടുന്നനവെ മാറിപ്പോയൊ! ഇതെല്ലാം സ്വപ്നമൊ നടക്കുന്ന കാൎയ്യങ്ങളൊ! കഷ്ടം! കഷ്ടം! പണത്തിന്നുവേണ്ടി എത്രയൊ വലിയ

സ്നേഹത്തേയും മറക്കുവാൻ മനുഷ്യനു മടിയില്ലെന്നൊ! അല്ലെങ്കിൽ, എന്റെ കല്യാണിക്കുട്ടി! നീ കൂടി ഇങ്ങിനെ ചെയ്യുമെന്ന് സ്വപ്നേപി ഞാൻ വിചാരിച്ചോ! സ്നേഹം!-- ഈ ലോകത്തിൽ സ്നേഹമുണ്ടോ! ഒരിക്കലും ഇല്ല.

നാഥനാമക്രിയ-ഏകതാളം.

("അഞ്ചുകല്ലാലൊരു കോട്ടെ" എന്നപോലെ)

സ്നേഹാനുരാഗങ്ങളുണ്ടോ!—ഭൂമൌ
മാനാവമാനാദിഭേദങ്ങളുണ്ടോ!
(ഒരു) ലോഹത്തെകാംക്ഷിച്ചുലോകം—പര-
മാപത്തുവരുത്തുന്നതിന്നെതിരുണ്ടോ!
സൂക്ഷ്മചിന്തമർത്ത്യനുണ്ടോ!—ഇഹ-
ജീവിതോദ്ദേശമെന്തെന്നറിവുണ്ടോ!
ദൈവമെ ഹാജഗത്സർവ്വം—ഏവം
കീഴ്മേൽമറിഞ്ഞുകിടക്കേണ്ടതുണ്ടോ!
സ്നേഹാനു......

(എന്ന് തന്നത്താൻ മറന്നു മേല്പോട്ടുനോക്കി നില്ക്കുന്നു. ഉച്ചക്ക് അമ്പലത്തിൽ ഉറക്കവുംകഴിഞ്ഞ് കണ്ണ് തുടച്ചുംകൊണ്ട് വരുന്നശംഭുഎമ്പ്രാൻ ബാലകൃഷ്ണമേനോന്റെമേൽ അറിയാതെ വന്നുമുട്ടുന്നു. രണ്ടുപേരും പരിഭ്രമിച്ച് അന്യോന്യം മാറി നോക്കുന്നു).

ശംഭു—എന്നു അബ്ബാ ഇദു എന്നു?

ബാല—(ആത്മ)-ഇതാരാണ്? ഓഹോ ഇത് നമ്മുടെ ശംഭു എമ്പ്രാന്തിരിയല്ലെ? അപ്പോൾ ഈ ദിക്കിലാണൊ ഒടുവിൽ ഞാൻ എത്തിചേൎന്നത്? ഏതായാലും ഈ വേഷത്തിൽ എന്നെആരും തിരിച്ചറിയുവാനിടയില്ല. ഈശ്വര! ഇതിന്നെല്ലാം സംഗതി വന്നുവെല്ലൊ.

ശംഭു—ആരബ്ബാ! ബിക്ഷു! എബ്ബൊ വന്തു?

ബാല—(ആത്മ) ഇയ്യാൾ എന്നെ ലേശം അറിയാതെ കഴിക്കണം. മലയാളം നിശ്ചയമില്ലെന്നു നടിക്കാം. ഹിന്തുസ്ഥാനിയിൽ സംസാരിക്കാം. (പ്രകാശം) ക്യാഭായി? ക്യാബോൽതെ ?

ശംഭു—എനക്കു മലയാളബർത്തുണ്ടു. തമിളുകർണ്ണാടകമുംബർത്തുണ്ടു. ഇദു എന്ന ബാഷ? ഓ! ഹിന്തുസ്ഥാനി! മാലൂം- ഹിന്തുസ്ഥാനിബാഷാഹംകുമാലൂം.

ബാല—(ചിരിച്ചുംകൊണ്ട്) മാലൂം? ഹമാറിബാത്മാലൂം? അച്ഛാ! ഹംനെ പരദേസി-ഹമാറിവതൻ അജ്ജുദ്ധ്യാ-ഹം രാമേഷ്പർ ജാനെ വാലാ.

ശംഭു—(മനസ്സിലായി എന്നുനടിച്ച്) മാലൂം. മാലൂം. പരദേസി അച്ഛാ.

ബാല—ഹൊ—പരദേസി—രാമേഷ്പർജാനാ- ഇൻലോഗോൻകേബാത്മാലൂം നൈ ഹംകു. മുഝെഭോജൻ ഹോനാ-മാലൂംഹുവെ?

ശംഭു—ക്യാ ? ക്യ ?

ബാല—ഭോജൻഹോനാ (എന്ന് കൈകൊണ്ടു കാണിക്കുന്നു).

ശംഭു—അച്ഛാ-മാലൂം-ഭോജനം ഭോജനം. ഇന്നു ക്ഷേത്രത്തിലെ സദ്യ-നമ്പൂരിപ്പാട് സംബന്ധം- ബഡാസദ്യ-അച്ഛാ ഭോജനംകെടക്കും.

ബാല—(ആത്മ) ഈ നാടെല്ലാം നമ്പൂരിപ്പാട്ടിലെ സംബന്ധത്തിൻെറ സംസാരമെ ഉള്ളു. എന്നെപ്പററി ആർവിചാരിക്കുന്നു! അയ്യൊ കല്യാണിക്കുട്ടി! ഞാനെന്തിന്നിദിക്കിൽ വന്നു. (പ്രകാശം) ക്യായഹാൻ കെപാസ് ക്ഷേത്രാഹൈ? അച്ഛാ-നമസ്കാർ (എന്നു പോകുവാൻ ഭാവിക്കുന്നു).

ശംഭു—പരദേസിക്കു പാട്ടുഇല്ലെ ?

ബാല—(ആത്മ) ഈ സമയത്തൊപാട്ട് ! (പ്രകാശം) ക്യാബോൽതെ ഭായി?

ശംഭു—പാട്ടു-പാട്ടു-ആ-ആ-ആ-(എന്ന് മൂളുന്നു).

ബാല—ഗാനാ! ക്യാഭായി! മുഝെഗാനാനഹി ആതാഹൈ കുച് ഭിമാലൂംനൈ-

ശംഭു—ഉണ്ട്-ഉണ്ട്-എക്ബസ് (എന്നുകിണയുന്നു)

ബാല—(ആത്മ) ഇയ്യാൾക്ക് വേണ്ടി ഒരുപാട്ട് പാട്ടുകതന്നെ. അല്ലാതെവിടില്ല-(പ്രകാശം) അച്ഛാ-സുനൊ.

മോഹനകല്യാണി—അടിതാളം.

ഖേതീകറോഹരിനാമകെ മാനവ
ഖേതീകറോഹരിനാമകെ.
പൈസാനലാഗെ-രുപയാനലാഗെ-
കൌഡീനലാഗെത്ധൂട്ടാധാമകറെമാനവാ
ഖേതീകറോഹരിനാമകെമാനവ ഖേതീ...

ശംഭു—(തലയാട്ടികൊണ്ടു) ഭേഷ് ഭേഷ് - അച്ഛാ- അച്ഛാ.

ബാല—ആപ് കാദിൽസന്തോഷഹുവാക്യാ? അച്ഛാ-നമസ്കാർ-

ശംഭു—അമ്പലത്തിൽപോയിബൈട്ടൊ. ഭോജനം കെടക്കും

(എന്ന് പോകുന്നു)

ബാല—പാട്ടുപാട്ടുന്നു. സന്തോഷംനടിക്കുന്നു. ഹൃദയമൊ ഘോരമായിതപിക്കുന്നു. യോഗത്തിൻെറ കളി! ദേഹത്തിന്നും ഹൃദയത്തിന്നും മനസ്സിന്നും ഒരുപോലെ ക്ഷീണംതോന്നുന്ന സ്ഥിതിക്കു ഈ കാടൻ എമ്പ്രാന്തിരി പറഞ്ഞപോലെ അമ്പലത്തിൽ പോയിഅല്പനേരം വിശ്രമിക്കയാണ് നല്ലത്. (ആലോചിച്ച്) ഇതെന്തുകഥ! നമ്പൂരിപ്പാട്ടിലെ സംബന്ധത്തെപററി എല്ലാവരും ഇങ്ങിനെ ഘോഷിക്കുന്നതിൽ എൻെറ മനസ്സിന്ന് അസ്വാസ്ഥ്യം എന്തിന്ന്? എനിക്ക് ഇതിനെപററി ഇനി വിചാരമെ ഇല്ല.

("ശ്രീരാമചന്തിരനെ ശ്രീസോമസുന്തരനെ, ശ്രീമൻനാരായണനെ രാം രാം രാം" എന്നുപാടി ചുററിനടന്നുംകൊണ്ട് അമ്പലത്തിനുനേരെപോകുന്നു).

(മറവശത്തിൽകൂടെ കേളുവ്യസനത്തോടെ പാടിയും കൊണ്ടു പ്രവേശിക്കുന്നു).

ഹിന്തുസ്ഥാനി ചെഞ്ചുരുട്ടി—ആദിതാളം.

"ശ്രീരാമചന്ദ്രനെ ശ്രീസോമസുന്തരനെ" എന്നപോലെ

(ഒരു) ലേഡിനിമിത്തമാധിതേടിനിരാശയോടെ
നാഡ്യുംവെടിഞ്ഞുപോയൊ ഹാ ഹാ ഹാ !
പോയിതൊ ! സുഖംപോയിതൊ !
ഒരുലേഡി.........

കുറപ്പെജമാൻെറ വീട്ടിൽനിന്ന് എജമാൻ എങ്ങട്ട് പോയിരിക്കും ? കേളുവിനോടുംകൂടി ഒരക്ഷരംമിണ്ടില. അയ്യൊ എൻെറ തങ്കഎജമാൻ എങ്ങട്ട്പോയി ? പാലപ്പുറമ്പിലും എത്തീട്ടില്ലെന്നുകേട്ടു. ഇതെന്താണ് എല്ലാവൎക്കും ഇങ്ങിനെ ഒരുകഷ്ടകാലം ? എങ്കിലും ഒന്നുതീച്ച്യയാണ്. എജമാൻ ഭൂമീൽ ജീവനോടെ ഇരിക്കുനുണ്ടെങ്കിൽ ഞാൻ കണ്ടെത്തിക്കൊള്ളാം.

ടി രാഗം ടി താളം

ലെണ്ടൻവൻപട്ടണത്തിലുണ്ടെങ്കിൽകേളുപോയി
കൊണ്ടിങ്ങുപോന്നീടുവൻ.
ഉണ്ടല്ലൊനാട്ടിലെങ്ങും കമ്പി,തീവണ്ടി,കപ്പൽ,
ഉണ്ടല്ലൊമോട്ടർകാർ,എറ്ർഷിപ്പും.
ഏതുമെഭയമില്ലമെ. ലെണ്ടൻ...

പാലപ്പുറമ്പിലുണ്ടൊ എന്നു ഒന്നുകൂടി ഞാൻതന്നെ ചെന്നറിയട്ടെ. ഒരുപെണ്ണിന്നുവേണ്ടി ഇങ്ങിനെ ജീവനെ കളയുകയൊ ! (എന്നു ചിരിക്കുന്നു. പിന്നേയും വ്യസനം നിടിച്ച്) അയ്യൊ എജമാൻ ദുഃഖം സഹിക്കവെയ്യാതെ വല്ലതും ചെയ്യിരിക്കുമൊ ?

(കഷ്ടമൊരു) ലേഡീനിമിത്തമാധിതേഡീനിരാശയോടെ
നാഡ്യുംവെടിഞ്ഞുപോമയാ ഹാഹാഹാ !
(എന്ന് പാടിയുംകൊണ്ട് പോകുന്നു).

---

രംഗം—൨

അമ്പലം.

(ഒരു വിജനമായ ഭാഗത്ത് വേഷംമാറിയ ബാലകൃഷ്ണമേനോൻഇരിക്കുന്നു. മാധവിഅമ്മയും ദീനയായകല്യാണിക്കുട്ടിയും ദേവിയെ തൊഴാൻവരുന്നു.)

കല്യാ—

കാംബോദരി—ആദിതാളം.
('എന്നെനീകൈവെടിഞ്ഞാൽഞാൻഎന്തുചെയ്യുവൊ' എന്നമട്ട്)

ഈവിധംവന്നിതൊ ! ദേവിയുംകൈവിട്ടൊ !
ഹന്തമാംമറന്നൊകാന്തനുമിന്നേരം ! ഈവിധം...
ഘോരഘോരതാപഭാരത്താലെൻമനം
വാടിടുന്നുജീവൻവേറിടുന്നിതയ്യൊ
ജീവഹാനിവന്നുപോവതിൻമുന്നമെ
ജീവനായക! ഞാൻകാണുമൊനിന്മുഖം? ഈവി...

മാധ—കല്യാണിക്കുട്ടി! നീ ഇങ്ങിനെ വ്യസനിക്കാതിരിക്കെ നല്ലദിവസമായിട്ട്.

ബാല—(ഇവരെകണ്ട് ഞെട്ടി ആത്മ) പ്രിയതമയല്ലെവരുന്നത്? (വ്യസനത്തോടെ) ആരുടെപ്രിയതമ! അയ്യോദൈവമെ! ഇങ്ങിനെയെല്ലാം വന്നുചേൎന്നുഎന്നു എനിക്കു പിന്നെയും വിശ്വാസംവരുന്നില്ല. ഇതെല്ലാം എന്റെ കണ്ണുകൊണ്ടു കാണ്മാൻ ഞാൻഎന്തിന്നിവിടെ എത്തിചേൎന്നു!.

മാധ—എത്രപറഞ്ഞിട്ടും നിണക്ക് വിശ്വാസമാവില്ലെന്നു വെച്ചാലൊ? ബാലകൃഷ്ണമേനോന്ന് നിന്നെഅത്രഇഷ്ടമുണ്ടെ

ങ്കിൽ ഇതിലകത്ത് വരികയെങ്കിലും ഒരെഴുത്തെങ്കിലും അയക്കയൊ ചെയ്യില്ല്യെ! നീയ്യ് ഇവിടെ ഓരൊ വിഡ്ഢിത്തോം വിചാരിച്ചു ഇരുന്നൊ- കഷ്ടം- നീയ്യ് ഇത്രപൊട്ടത്തിയായെല്ലൊ!

ബാല—(ആത്മ) അവൾ ഏററവും ദുഃഖപരവശയായിരിക്കുന്നതിൻെറ കാരണമെന്താണ്? അഥവാ, ഇവളെപ്പററി ഞാൻ തെററിധരിച്ചതായിരിക്കുമൊ? എന്നെത്തന്നെയായിരിക്കുമൊ ഇപ്പോഴും ഇവൾസ്നേഹിക്കുന്നത്?

മാധ—എന്താ നീ ഒന്നുംപറയാത്തത്.

കല്യാ—എന്താണ് അമ്മായി! ഞാൻ പറയേണ്ടത് (എന്നുകരയുന്നു)

മാധ—നീ കരയാതിരിക്കെ- നീ ഇങ്ങിനെ കരയുന്നതുകണ്ടാൽ ഇവരൊക്കെ എന്തുവിചാരിക്കും. എനിക്കൊ പെററമക്കളുണ്ടാവാൻ ഭാഗ്യമുണ്ടായില്ല. എന്നാൽ നിന്നെയെങ്കിലും ഒരു മകളായിട്ട് ദൈവം എനിക്ക് തന്നുവല്ലൊ എന്നാണ് എൻെറ വിചാരം. അപ്പോൾനീ എന്നെഇങ്ങിനെ വ്യസനിപ്പിച്ചാലൊ!

കല്യാ—ഞാൻ നിമിത്തം അമ്മായിവ്യസനിക്കരുതെ. എനിക്കൊ വ്യസനം ധാരാളമുണ്ട്. മററുള്ളവർ എനിക്കുവേണ്ടി എന്തിന്നു വൃഥാവ്യസനിക്കുന്നു. (എന്ന് കരയുന്നു).

മാധ—എന്തുപറഞ്ഞാലും ഒരുപെണ്ണിന് വിശ്വാസമാവില്ല്യഎന്നുവെച്ചാലൊ! ബാലകൃഷ്ണമേനോൻ വരുമെന്നുള്ള വിചാരം നിണക്ക് ഇനിയുംവിട്ടിട്ടില്ലെ?

കല്യാ—(ഉറപ്പോടെ) ഇന്ന് വരാതിരിക്കയില്ല. തീർച്ചയായുംഇന്ന് ഇവിടെഎത്തും. ജീവനോടെ ഇരിക്കുന്നുണ്ടെങ്കിൽ ഇന്ന് ഇവിടെ എത്താതിരിക്കയില്ല.

മാധ—(ആത്മ) എന്നാൽ നോക്ക് അതറിയാലൊ. (പ്രകാശം)

പാവം എന്തൊക്കെയൊ ചില വിസ്മിതപം ധരിച്ച് വെച്ചിരിക്കുന്നു.

(രണ്ടുപേരും ബാലകൃഷ്ണമേനോനെകണ്ടു് നോക്കുന്നു).

ബാല—(ആത്മ) ഞാനാരാണെന്നു് ഇവർ ഊഹിക്കുമൊ? ഇല്ല. ഇവർ എന്നെ ലേശം അറിയുന്നില്ലെന്നു തോന്നുന്നു. നല്ല കാലം. (കല്യാണിക്കുട്ടിയെദയയോടെനോക്കി) എന്താണ് കോമളമായി വാടിയ മുഖത്തോടും കൂടി അവൾ പിന്നെയും പിന്നെയും ഇങ്ങോട്ടുതന്നെ നോക്കുന്നത്. എന്റെ മനോസർവ്വസ്വം ഞാനറിയാതെ അവളിൽ ചെന്നുചേരുന്നു—ഞാൻ ഇവളുടെ അനുരാഗത്തെപ്പററി തീരെ തെററിധരിച്ചതായിരിക്കുമൊ? (ആലോചിച്ച്) സൂക്ഷ്മം അറിവാൻ ഇങ്ങിനെ ഒരുവിദ്യ എടുക്കാം.

(എന്നുദേവിയെ ഉദ്ദേശിച്ചെന്ന നാട്യത്തിൽ പാടുന്നു).

ഉശാനി—ത്രിപട

('എങ്ങിനെഞാൻ സൌഗന്ധികം സാദ്ധ്യമാക്കേണ്ടു' എന്നപോലെ)

സോമബിംബശ്രീജിതാസ്യേ! മോഹനാപാംഗി!
കോമളാംഗി! ഹാമറന്നൊ കൈവെടിഞ്ഞൊമാം?
ജീവകാലാപൂജചെയ്തുപോന്നതിന്നൊമ-
ജ്ജീവനാശംദേവി! നാഥെ! നീവരുത്തുന്നു.
നിൻകടാക്ഷംരക്ഷയെന്നോർത്താശ്രയിച്ചേൻഞാൻ
നിസ്സ്പൃഹായംഘോരവിപിനെവിട്ടുനികഷ്ടം!
ദേവിയുംമാം കൈവെടിഞ്ഞൂ മാഞ്ഞുഭൂലോകം
ഹാവിലാപംകേൾപ്പതില്ലദൈവമെ! തെല്ലും.

കല്യാ—(ആത്മ) ഇതു് പ്രാണനാഥൻതന്നെ സംശയമില്ല. എന്തിന്നാണു് ഈ വേഷമെല്ലാം ധരിച്ചിരിക്കുന്നതു്?

അയ്യോ ! എന്നെപ്പററി വല്ലവരും തെററിധരിപ്പിച്ചിട്ടുണ്ടാ യിരിക്കുമൊ? (എന്ന് ഒഴുകുന്ന കണ്ണീരിനെ തുടക്കുന്നു).

ബാല—(ആത്മ) ഇവൾക്ക് തീച്ചയായും എന്നെ മനസ്സിലായി രിക്കുന്നു. ഞാൻ അകാരണമായി തെററിധരിച്ചതാണ്, സംശയമില്ല.

മാധ—നീ ഇവിടെനിക്ക്. ഞാൻ ഇതാ ഇമ്പ്രാന്തിരിയോട് ചി ലത് പറഞ്ഞവരാം. അല്ലെങ്കിൽ നീ പ്രദക്ഷിണംവെച്ചോ- അല്ലാ ! പിന്ന്യേംനീ കരയാണൊ ! എന്നാൽ പക്ഷെ നമുക്ക് വേഗം തൊഴുത് മടങ്ങുക.

കല്യാ—ഇല്ലാ! ഞാൻ കരയുന്നില്ല. (വ്യസനസമേതമായ മന്ദ സ്മിതത്തോടെ) എന്നാൽ ഞാൻ പ്രദക്ഷിണംവെക്കാം. അമ്മായിപോയ്ക്കോളു. (മാധവിഅമ്മ പോകുന്നു).

(കല്യാണിക്കുട്ടി പ്രദക്ഷിണംവെക്കുന്ന ഭാവത്തിൽ ബാലകൃഷ്ണ മേനോൻ ഇരിക്കുന്നതിന്നരികെപോയി നില്ക്കുന്നു. രണ്ടു പേരും അല്പനേരം നോക്കിയതിന്നുശേഷം)

കല്യാ—(ഗൽഗദത്തോടെ പ്രാണനാഥ ! എന്നെ എന്തിന്നി ങ്ങിനെ വ്യസനിപ്പിക്കുന്നു ?

ബാല—ജീവനായികെ ! ഒരുനിമിഷം നിന്നെഞാൻ വ്യസനി പ്പിക്കുമൊ ! എന്നെയല്ലെ വ്യസനിപ്പിക്കുന്നത് !

കല്യാ—എൻെറ എഴുത്ത കിട്ടിയില്ലെ ?—അച്ഛനെകണ്ടുവൊ ? അച്ഛൻെറ എഴുത്ത് കിട്ടിയില്ലെ ?—അയ്യൊ എനിക്ക് ഇ തൊന്നും മനസ്സിലാകുന്നില്ല.

ബാല—എനിക്ക് ആരുടേയും എഴുത്തില്ലെല്ലൊ.

കല്യാ—പ്രിയഭത്താവെ ! എന്നെ ഇവിടെനിന്ന് വേഗത്തിൽ കൊണ്ടുപോകേണമെ. നമുക്ക് എപ്പോഴാണ് പോകേ ണ്ടത് ?

ബാല—ഇന്നല്ലെ ഒരു പുതിയ ബന്ധം—നമ്പൂതിരിപ്പാട് ഇന്നല്ലെ—?

കല്യാ—(കരഞ്ഞുംകൊണ്ട്) എന്നെ ഇങ്ങിനെ വ്യസനിപ്പി
ക്കേണമൊ!

കാമംശി—രൂപകം.

(“അവനികുടിപോകുന്നാകിൽ” എന്നപോലെ)

നാഥ ഭവാനെന്നിയെമ
റേറതെനിക്കബന്ധമിഹ!
ആധിമേ. ആധിമേ. ആധിമേ. നാഥ!
ആധിവളൎത്തീടരുതെ
ഉദിതബഹുരാഗമെൻെറ
ഹൃദയമെത്രമന്നെതന്നേൻ
ഭേദമോ. ഭേദമൊ. ഭേദമൊ. നാഥാ!
ഭേദമതിനിന്നുണ്ടാമൊ
നിൎദ്ദയമിന്നേവംചൊല്ലി
വൎദ്ധിപ്പിച്ചീടേണമോമൽ?
പ്രാണേശ പ്രാണേശ പ്രാണേശ മാമി
ന്നേവംതപിപ്പിക്കേണമൊ?

(എന്നുമോഹാലസ്യപ്പെടുന്നു. ബാലകൃഷ്ണമേനോൻ കൈ
കൊണ്ടുതാങ്ങുന്നു)

ബാല—പ്രിയതമെ! ക്ഷമിക്ക, എൻെറ അവിവേകതയെ ക്ഷ
മിക്ക.

അഥീർകല്യാണി—ഏകതാളം.

(‘മറയുഗമാംകലിയെന്നെന്നെയറികസുന്ദരി’ എന്നപോലെ)

കരുതരുതെകാതരാക്ഷി പരിഭവംമയി
വിപുലമനോവ്യാകുലേനവിവശനാകയാൽ
കിമപിചെയ്യുവിപ്രിയംനീമനസികരുതൊലാ കരു...
വിധുരഭാവമെന്തിനദ്യഹൃദയപൂൎവ്വമെൻ
പ്രണയിനി!തെവ്യസനഹേതുഞാൻവരുത്തുമൊ

മൃദുലഗാത്രി!നിയൊഴിഞ്ഞുപൃഥിവിയിൽപരം
പ്രിയമെനിക്കുംപിന്നെയൊന്നിലില്ലതോക്കനി.
കരുതരു.........

എന്നാൽ എന്തൊരുഘോഷമാണ് ഇതിനെപററിനടന്നത്? നിണക്കുംഇതുസമ്മതമാണെന്ന് എല്ലാവരും പറഞ്ഞു. എനിക്ക് നിൻെറ ഒരെഴുത്തുമില്ല. പിന്നെ ഞാൻ എങ്ങിനെവിശ്വസിക്കാതിരിക്കും?

കല്യാ—ഇതെല്ലാം അവരുടെ വിദ്യയാണ്. എനിക്കിപ്പോൾ മനസ്സിലാകുന്നു. (ബാലകൃഷ്ണമേനോൻെറ വക്ഷസ്സിൽ തലവെച്ചുംകൊണ്ട) പ്രാണനാഥൻവരാതിരിക്കുമൊ എന്നു ഞാൻ എത്രഭയപ്പെട്ടു. ഇനിഎങ്കിലും എന്നെ ഇവിടെ നിന്ന് വേഗത്തിൽ കൊണ്ടുപോവില്ലെ? (എന്നു പ്രേമത്തോടെ നോക്കുന്നു)

ബാല—ഞാൻ നിമിത്തമാണ് നിണക്ക് ഈ വ്യസനത്തിന്നിട വന്നത്. നിൻെറ സ്നേഹത്തെപററി ഒരു നിമിഷമെങ്കിലും സംശയിച്ച ഞാൻ എത്രകഠിനഹൃദയനാണ്!.

കല്യാ—പ്രാണനാഥാ! നമുക്ക് ഇവിടംവിട്ടുവേഗം പോകുക. എനിക്ക് ഇനിഇവിടെ ഒരുനിമിഷം താമസിക്കവെയ്യാ. അമ്മായിവരുന്നതിന്ന് മുമ്പ് നമുക്ക് പോകയല്ലെ?

ബാല—പ്രിയതമെ! അതെങ്ങിനെ സാധിക്കും? നാം രണ്ടുപേരും ഒരുമിച്ച് ഇപ്പോൾ ഇവിടെ നിന്നു പോകുന്നതു യുക്തമാണൊ? അതും എൻെറവേഷത്തെകൂടി ഓക്കു. (ആലോചിച്ചു) നാം എന്തൊരുപായത്താലാണ് ഈ പ്രദേശത്തെ വിടേണ്ടുന്നത്.

കല്യാ—(ആലോചിച്ച്) രാത്രി പത്തുമണിക്ക് ഞാൻ ഇവിടെ എത്തിക്കൊള്ളാം.

ബാല—(പ്രേമത്തോടെ അരികെചേൎത്തു തലോട്ടികൊണ്ട്) പ്രി

യെ! ഈ വക ബുദ്ധിമുട്ടുകൾ ഒന്നും അനുഭവിച്ചിട്ടില്ലാത്ത നിനക്ക് ഇതിന്നെല്ലാം സാധിക്കുമൊ?

കല്യാ—എന്റെ പ്രാണനാഥന്നുവേണ്ടി ഇതിലധികവും എനിക്ക് സഹിപ്പാൻ കഴിയും. അതാ അമ്മായിവരുന്നു (ബാലകൃഷ്ണമേനോന്റെ അരികിൽ നിന്നു പൊട്ടുന്നനെമാറി) എന്നാൽ ഞാൻ രാത്രി പത്തുമണിക്ക് ഇവിടെത്തന്നെ വരാം.

ബാല—(മുമ്പ് ഇരുന്നിരുന്ന സ്ഥലത്തിൽ ഇരുന്ന് മന്ദസ്വരത്തിൽ) എന്റെ ജീവനായികയോടു കൂടിയല്ലാതെ ഞാൻ ഇനിഇപ്രദേശം വിടുന്നതല്ല. അതാ നിന്റെ അമ്മായി എത്തി. അങ്ങോട്ടു നടന്നുകൊള്ളു. രാത്രി പത്തുമണിക്ക് —ഇല്ലെങ്കിൽ ഞാൻ അവിടെ എത്താം.

(മാധവിഅമ്മവരുന്നു. കല്യാണിക്കുട്ടി അടുക്കെ ചെല്ലുന്നു.)

മാധ—കല്യാണിക്കുട്ടി! വാ വാ നേരംവൈകി. നീയ്യ ആരോടാ ആഗോസായിയോടാ സംസാരിച്ചിരുന്നത്? ആൾ നല്ലയോഗ്യൻ അല്ലെ! (നാലുഭാഗവുംനോക്കീട്ട്) ആവൂ ആവൂ എന്തൊരു തിരക്കാണ് ആ വരുന്നത്! എത്ര പട്ടന്മാരാണ്! ഇന്ന് അമ്പലത്തിൽതന്നെ നല്ല തിരക്കുണ്ടാവും. നിന്റെ നമ്പൂരിപ്പാട് വലിയയോഗ്യൻതന്നെ. ഇങ്ങിനെ ഒരാളെ ആൎക്ക് കിട്ടും?

കല്യാ—(ഉള്ളിൽ ഒതുങ്ങാത്ത സന്തോഷത്തോടെ) അമ്മായി നമുക്ക് വേഗംനടക്കുക. ഇരുട്ടാകുന്നതിന്ന് മുമ്പെ അങ്ങോട്ട് എത്തണ്ടെ? തിരക്കും അല്ലെങ്കിൽ അധികമാവും (രണ്ടാളും ചുററിനടക്കുന്നു)

മാധ—(ആത്മ) ഇവളുടെ ഭാവത്തിന്ന് കുറേശ്ശഭേദംകാണുന്നു. നല്ലകാലം അതൊക്കെ അങ്ങിനെയെവരു. ആദ്യം ഇങ്ങിനെയൊക്കെ കുറച്ച് കാട്ടിക്കൂട്ടും. ഇതൊക്കെ എല്ലാവരും

അനുഭവിച്ചതല്ലേ. (പ്രകാശം) വാ വാ. ഒപ്പം വാ.

(രണ്ടാളും പോകുന്നു).

ബാല—(കല്യാണിക്കുട്ടിയെ കൺമറയുന്നത്‌വരെ നോക്കി ദീൎഘശ്വാസത്തോടെ) എന്റെ ഹൃദയത്തിൽ അവളെ കുറിച്ചുള്ള സ്നേഹം എങ്ങിനെ വൎദ്ധിച്ചുവരുന്നു. കഷ്ടം! ഇത്രയും സ്നേഹിക്കുന്ന പ്രിയയുടെ അനുരാഗത്തെപ്പററി അന്യായമായി സംശയിച്ചുവെല്ലോ. പ്രിയതമെ! ഞാൻ ചെയ്യ സാഹസത്തെ ക്ഷമിക്കുക. എന്റെ ഹൃദയത്തിൽ നിന്നെക്കുറിച്ചുള്ള സ്നേഹത്തിന്ന് ഒരുകാലത്തും ഹാനിവരുന്നതല്ല. നീയല്ലാതെ എനിക്ക് ഈ ഭൂലോകത്തിൽ പ്രിയപ്പെട്ട വസ്തു വേറെയുണ്ടോ!

("വംശിങ്കാവൃരേസാവാരിയ" എന്നപോലെ)

നാഥേ!നീയെന്ന്യേചേതസിമേ
കിംപരമാമോദം
ഹൃദിമമസതതംനിൻമൃദുരൂപം
ഭുവിമമസുഖദംനിൻമുഖമേകം
മൽപരിഖേദംനിൻവിരഹംപ്രിയനാഥെ!മെ.
നാഥെ!നീയെന്ന്യേ.........

എന്റെ ഹൃദയം എങ്ങിനെ പരിതപിച്ചിരുന്നു; ഇപ്പോൾ എങ്ങിനെ സന്തോഷിക്കുന്നു. നശിച്ചുപോയ എന്റെ ജീവൻ രണ്ടാമതും ജീവിച്ചപോലെ ഇരിക്കുന്നു. (അണിയറയിൽനിന്ന് ശബ്ദംകേൾക്കുന്നു) തീരക്ക് അധികമാവുമ്പോഴക്ക് ഇവിടംവിട്ടു പോകയാണ് നല്ലത്. (നാലുഭാഗവുംനോക്കി) നേരം രാത്രിയായിയൊ! അന്ധകാരമതിക്രമിക്കുന്നു. എങ്കിലും എന്റെ മനസ്സിലെ അന്ധകാരമെല്ലാം നീങ്ങി. പ്രിയതമയെ കാണ്മാൻ ഇനിയും അല്പ

നേരംകൂടി കാത്തിരിക്കേണമെല്ലോ എന്നുള്ള വ്യസനം മാത്രമെഉള്ളു.

(എന്ന് പോകുന്നു).

---

രംഗം—൨.

പാലപ്പറമ്പ് വീട്ടിലെ അലങ്കരിച്ച പുറത്തളം.

ഒരുവാലിയക്കാരൻ—(സങ്കടഭാവത്തോടെ) ആവു. ഞാൻ തോററു. ഇതെന്താണ്! തിരിഞ്ഞോടത്തും മറഞ്ഞോടത്തും ഉണ്ട് മൂപ്പര്. ഉച്ചക്കിന്നിങ്ങട്ട് ഒന്ന്ന്തരാൻ എനിക്ക് കൂടീട്ടില്ല. ഇങ്ങിനെ ഒരു പരിഭ്രമം ആരക്കും കണ്ടിട്ടില്ല.

(പിന്നിൽകൂടെ വേറെ ഒരു വാലിയക്കാരൻ ബദ്ധപ്പെട്ട് പ്രവേശിക്കുന്നു).

രണ്ടാമൻ—(മെല്ലെ) ചങ്ങായി! ചങ്ങായി! ഒരു തമാശുണ്ടായിപ്പൊ.

ഒന്നാമൻ—എന്താത്.

രണ്ടാ—അതോ. ഞാൻ നൊമ്മടെ കേളുവിനെ ഇദാ ഇപ്പൊ ഇവിടെ കണ്ടു.

ഒന്നാ—പോട! പച്ചപ്പൊളി പറയാതെ. അവൻ മദിരാശി കിടക്കുന്നു.

രണ്ടാ—കണ്ണുരണ്ടാ സത്യം. പിന്നെ അവനോടല്ലാണ്ടെ വേറെ ആരോടും ഇത്രനേരം വിശേഷംപറയില്ല തീച്ചയാണ്.

ഒന്നാ—ആര് വിശേഷം പറയില്ല.

രണ്ടാ—(സ്വകാര്യമായി) കല്യാണിക്കുട്ട്യേമ്മ.

ഒന്നാമൻ—നേര് പറ. നീയ്യ് കണ്ടുവൊ?)

(അണിയറയിൽ) ഇവററ എല്ലാംകൂടി എവിടേക്കു കടന്നുപോയിരിക്കുന്നു. നാണു! കിട്ടെ! ഗോപാല! ഈ കഴുതേള് എത് ശീമേൽ പോയി ഒളിച്ചിരിക്കുന്നു.

(രണ്ടുപേരും പരിഭ്രമിച്ച് ഓടിപോകുന്നു. ഉണ്ണീരിമേനോൻ പ്രവേശിക്കുന്നു).

ഉണ്ണീ—ആരെടാ അടിയെ ഓടണ് ! കാട്ടുപന്നികൾ. അവിടെ നിക്കിൻ. കള്ളന്മാര് ! ഓടുന്നു പീപ്പുകളെപ്പോലെ. (ശുണ്ഠിയോടെ പിന്നാലെ ഓടിപ്പോകുന്നു).

കിട്ടൻപട്ടര്—(ബദ്ധപ്പെട്ട് പ്രവേശിച്ച്) എങ്കെ എങ്കെ. ഉണ്ണീരിമേനനെങ്കെ. (അങ്ങോട്ടുമിങ്ങോട്ടും പായുന്നു).

ഉണ്ണീ—(പ്രവേശിച്ച് പരിഭ്രമത്തോടെ) അമ്പലത്തിന്ന് പുറപ്പെട്ടോ ? എവിടെ എത്തി ? വെളിച്ചം ധാരാളമുണ്ടല്ലെ ? സദ്യ നന്നായൊ ? (എന്ന് അങ്ങുമിങ്ങും പാഞ്ഞുംകൊണ്ട് ചോദിക്കുന്നു. കിട്ടൻപട്ടര് തലയാട്ടുന്നു).

കിട്ടൻ—(അണിയറയിൽനിന്ന് ശബ്ദംകേട്ട്) അതാവറാൻ. എത്തിയാച്ച്. (പരിഭ്രമംനടിക്കുന്നു).

(നമ്പൂതിരിപ്പാടും പരിവാരങ്ങളും പ്രവേശിക്കുന്നു. ഉണ്ണീരി മേനോൻ അവരെ യഥോചിതം ഇരുത്തി നമ്പൂതിരിപ്പാട്ടിലെ അരികെ പഞ്ചപുച്ഛം അടക്കി നില്ക്കുന്നു).

നമ്പൂ—ഉണ്ണീരി ! സന്തോഷമായി, വളരെ സന്തോഷമായി. ഇല്ലെകിട്ടൻ ?

കിട്ടൻ—അഹാ റൊമ്പമംഗലമായിരിക്ക്. എല്ലാം ബാഗ്യവാൻ

(എല്ലാവരും സന്തോഷത്തോടെ അന്യോന്യം കുശലപ്രശ്നം ചെയ്യുന്നു).

(ഒരു വാലിയക്കാരൻ ബദ്ധപ്പെട്ട് പ്രവേശിച്ച് ഉണ്ണീരി മേനോൻെറ ചെവിയിൽ സ്വകാര്യം പറയുന്നു).

ഉണ്ണീ—അടിയൻ ഇതാ വേഗം വിടകൊള്ളാം.

നമ്പൂ—എന്താ വിശേഷിച്ചൊന്നുമില്ലല്ലൊ.

ഉണ്ണീ—വിശേഷിച്ചൊന്നുമില്ല. വേഗം വിടകൊള്ളാം,

(എന്ന് പോകുന്നു. നമ്പൂതിരിപ്പാട്ടും കിട്ടൻപട്ടരും ഓരോ ന്നു പറഞ്ഞ് രസിക്കുന്നു. അല്പം കഴിഞ്ഞതിന്ന് ശേഷം ഉണ്ണിരിമേനോൻ പരിഭ്രമിച്ച് പരവശനായിവരുന്നു).

നമ്പൂ—എന്താ ഉണ്ണിരിക്കൊരു പരിഭ്രമം? എന്താ പറഞ്ഞോളൂ. എന്തായാലും പറഞ്ഞോളൂ.

ഉണ്ണി—(തൊണ്ട ഇടറിക്കൊണ്ട ) സ്വാമി! ഒന്നുപറയട്ടെ.

നമ്പൂ—ചെല്ലുകിട്ടൻ! എന്താ ചോദിക്കൂ.

കിട്ടൻ—(ചാടിച്ചെന്നു) എന്ന ? എന്ന ? ശൊല്ലുങ്കൊ.

ഉണ്ണി—എന്താസ്വാമീ! പറയേണ്ടത്. പെണ്ണ് അവമാനപ്പെടുത്തിയെല്ലൊ.

കിട്ടൻ—(സ്വകാര്യമായി) എന്താ ? പുറത്തായൊ ?

ഉണ്ണി—എന്നാൽ വേണ്ടില്ലല്ലൊ ഈശ്വര !—അവമാനം. നാട്ടുകാര് എന്തുപറഞ്ഞുണ്ടാകും. എങ്ങട്ടാണീശ്വര കടന്ന് പോയ്ക്ക.

കിട്ടൻ—(പരിഭ്രമത്തോടെ) എന്താ കാണാനില്ലെ ?

ഉണ്ണി—എങ്ങിനെയാണ് ഇനി അവിടുത്തെ മുഖംനോക്കുക. ഇത്ര അധികപ്രസംഗിത്തം ഉണ്ടൊ അവൾക്ക്.

കിട്ടൻ—ഇതെന്ന റൊമ്പ ആശ്ചര്യമായിരിക്കെ.

നമ്പൂ—ഉണ്ണിരി! എന്താത്? കിട്ടൻ! ഉണ്ണിരി! കിട്ടൻ! എന്താ? എന്താ?

(കിട്ടനും നമ്പൂതിരിപ്പാട്ടും സ്വകാര്യംപറയുന്നു)

ഉണ്ണി—അയ്യൊ! അവൾ എങ്ങട്ട് കടന്ന് പോയി! അവൾക്ക് ഈ സംബന്ധം അത്ര ഇഷ്ടമില്ലെങ്കിൽ എന്നോട് പറഞ്ഞാൽ ഞാൻ തീച്ചയാക്കുമൊ? എനിക്ക് അവളെ ജീവനോടെ ഒന്നുകണ്ടാൽമതി എന്നെഉള്ളു അയ്യൊ! അവൾഎന്തെങ്കിലും ചെയ്തിരിക്കുമൊ ? ഈ മാരണോന്നും തലക്ക് വാരിയിടേണ്ടീരുന്നില്ല. കുരപ്പിൻെറ വീട്ടിലേക്കപോ

യിരിക്കുമൊ? ആയാലും ഇന്ന് ഉച്ചക്ക് ശൂണ്ടിയെടുത്ത് പോയി. എന്തായാലും ഞാൻ ഈ വയസ്സ് കാലത്ത് വലഞ്ഞു. എവിടെയാണെന്ന് വെച്ചാണ് ഇനി അന്വെഷിക്കുക (എന്ന് വ്യസനത്തോടെ പോകുന്നു).

നമ്പൂ—(ലജ്ജയോടും വ്യസനത്തോടും) താൻ ഈ പറഞ്ഞത് ശരിയാണെങ്കിൽ ഇതിലും മീതെ നമുക്ക് ഇനി ഒരവമാനം വരാനില്ല.

കിട്ടൻ—അത് താൻ. ഇതെന്ന റൊമ്പ ആശ്ചര്യമായിരിക്കെ.

നമ്പൂ—ഹൈ വലിയ അപമാനമായിപോയി. ജനങ്ങൾ പരിഹസിക്കില്ലെ? കിട്ടൻ! എനിക്ക് വളരെ സുഖക്കേട് തോന്നുന്നു.

കിട്ടൻ—അതുണ്ടാഹുമെ. ഇതെന്ന ആശ്ചര്യമായിരിക്കെ!

നമ്പൂ—നാം ഇങ്ങിനെ വിഡ്ഢ്യാന്മാരായി ഇവിടെ നിൽക്കുന്നതിൻെറ അൎത്ഥമെന്താണ്? ഉണ്ണിരിഎവിടെപോയി?

കിട്ടൻ—പോവ്വാ, നമുക്ക് വേഗം പോവ്വാ.

നമ്പൂ—(ലജ്ജയോടെ) പോവ്വെ! —കഷ്ടം! താനാണ് എനിക്ക് ഈ അപമാനമെല്ലാം വരുത്തിയ്യു.

കിട്ടൻ—നാനാ? നാനാ? (എന്നു മിഴിക്കുന്നു).

നമ്പൂ—കോപത്തോടും വ്യസനത്തോടും) അതെ, താൻ തന്നെയാണ് ഈ അപമാനം ഉണ്ടാക്കിത്തീൎത്തത്. ഞാൻ അന്നും പറഞ്ഞില്ലെ? ഇത് ലേശംനന്നായില്ല കിട്ടൻ! ഇനി താൻ എന്നോടൊന്നും പറയണ്ട.

കിട്ടൻ—(ചിരിച്ച് ആത്മ) പാവം, ആഘോഷമായി സംബന്ധത്തിന്ന് വന്നപ്പൊഴെക്ക് പെണ്ണിനെ കാണാനെഇല്ല. (പ്രകാശം) പോകലാം, പോകലാം. റൊമ്പം പേൎവറത്, അത്ക്ക് മുന്നെ പോകലാം. (ലജ്ജാകോപവ്യസനങ്ങളൊടെ നമ്പൂതിരിപ്പാട് കിട്ടനെ നോക്കുന്നു. കിട്ടൻ നാലുഭാ

ഗവും നോക്കിമിഴിക്കുന്നു: മററുള്ളവർ അത്ഭുതത്തോടെ അന്യോന്യം നോക്കുന്നു)

(തിരശ്ശീലവീഴുന്നു)

---

രംഗം—൪.

---

അമ്പലത്തിൻെറ വിജനമായ ഒരുഭാഗം.

(പ്രകാശംകുറഞ്ഞ നിശ്ശബ്ദമായ രാത്രിയിൽ ബാലകൃഷ്ണമേനോൻ ക്ഷമകേടോടെ നടക്കുന്നു).

ബാല—നേരംപത്തുമണിയായല്ലൊ. എന്നിട്ടും കല്യാണിക്കുട്ടിയുടെ വരവ് കാണാനില്ലല്ലൊ. അഥവാഅവളുടെ പ്രയത്നം നിഷ്ഫലമായിപോയിരിക്കുമൊ ?

(അണിയറയിൽ) എഡെ, എഡെ, ശുപ്പാമണി ദക്ഷിണ കഴിഞ്ഞൊച്ചാ. പൊ ശീക്രം പോടഎഡെ !

എല്ലാം ആയ്യട്ടതാ ? എതെടാവഴി ? അന്തശ്ശട്ടെ കാമിച്ചുതാ. ഇപ്പടിയാ-അപ്പടി-എന്നഎഴവെടാ ഇത്.

ബാല—ഈ വലിയതിരക്കിൽ ആരും അറിയാതെ ഇവിടെ എത്തുവാൻ സാധിക്കാത്തതായിരിക്കാം. എന്നാൽഞാൻ അങ്ങോട്ട് പോയാലൊ ? അപ്പോഴക്ക് ഒരുസമയം—

(പിന്നിൽനിന്ന് ഒരുശബ്ദം കേൾക്കുന്നു; ഇരുട്ടിൽ രണ്ടു സ്വരൂപങ്ങൾ ബദ്ധപ്പെട്ടുവരുന്നു).

കല്യാ—പ്രാണനാഥ !

ബാല—കല്യാണിക്കുട്ടി !

(രണ്ടുപേരും ആലിംഗനം ചെയ്യുന്നു).

കേള—(സന്തോഷത്തോടെ) ആവു. സകലകഷ്ടങ്ങളും തീൎന്നു. എല്ലാം എൻെറ ആഗ്രഹംപോലെ സാധിച്ചു.

നവരസം—അടിതാളം.

("യാരമോരീപ്യാഗി" എന്നപോലെ)

ചേരുവതിനേവംയോഗംവന്നിതീക്കാലം
പാരമായ്യന്നമാൽതീരുംപ്രകാരം
ആരുംവിചാരിച്ചിതൊ ! ചേരു...

എത്തുംവിഷാദങ്ങൾകൂടാതിരിക്കാം
നേരെസുഖിക്കാമിനി ചേരു...

ദൈവകാരുണ്യംകൊണ്ടു് എല്ലാം വേണ്ടപോലെ വന്നു ചേൎന്നു.

ബാല—നമുക്ക് ഇവിടം ഉടനെ വിടാഞ്ഞാൽ തരക്കേടുണ്ടു്; വേഗത്തിൽ തീവണ്ടിസ്റ്റേഷനിലെത്തണം. പ്രിയെ ! നിൻെറ ഈ മൃദുപാദങ്ങളെക്കൊണ്ടു് ഈ ദുസ്സഹമായ വഴിയെല്ലാം നടക്കുവാൻ സാധിക്കുമൊ ? അതൊ എന്തൊരു കൂരിരുട്ട് !

കേളു—കല്യാണിക്കുട്ട്യേമ്മയെ ഞാൻ എൻെറ തോളിലെടുക്കും. രണ്ടാളേയും വേണമെങ്കിൽ എൻെറ തോളിലെടുക്കാം. നമുക്കു വേഗംപോവ്വാ. അവററ അവിടെ കിടന്നുമിഴിക്കട്ടെ. നമ്പൂരിപ്പാട് ഒരുവിഡ്ഢി.

ബാല—കേളു ! മെല്ലെ സംസാരിക്ക്—പ്രിയതമെ ! എൻെറ കയ്യിനെ ഇങ്ങിനെ താങ്ങിക്കോളൂ. നമുക്ക് സാവധാനത്തിൽ നടന്നാൽമതി. ഈ ഘോരാന്ധകാരത്തോടുകൂടിയ രാത്രി അസമയത്ത് അഗതികളായ പാന്ഥന്മാരെപ്പോലെ ഇങ്ങിനെസഞ്ചരിപ്പാൻ നമുക്ക് ഇടവന്നുവെല്ലൊ.

കല്യാ—എൻെറ ഹൃദയം സന്തോഷഭാരംകൊണ്ടു് എങ്ങിനെ തുടിക്കുന്നു.

നവരസം—അടിതാളം.

("ആരവോനജാവോനപാവെം"—എന്നപോലെ)

കൂട്ടന്നുകൂട്ടന്നുമോദംമേ
മനമാനന്ദിതോദ്യാനമിന്നേരം
നാഥ! കൂട്ടന്നു.........
ബാല—തവമോദംവളൎത്തീടുവാനെല്ലൊ
മമഭൂലോകവാസത്തിനുദ്ദേശം.
കല്യാ—പ്രാണേശനൊന്നിച്ചുചേൎന്നെന്നാ
ലൊരുമാലെൻമതിതന്നിലുണ്ടാമൊ?
മമപ്രാണേശ.........
ബാല—ഹൃദിമാലേതുമില്ലാതെമേലാൽനാ
മയിബാലെ! വിലോലാക്ഷി! വാണീടാം.
കല്യാ—ശൈലേശകന്യെ! ശിവെ! നാഥെ!
തവപാദംസദാകാലമാലംബം
ദേവിശൈലേശ.........
(പാടിയുംകൊണ്ട് പോകുന്നു).

---

രംഗം—൭.

താമരക്കോട്ട് ഭവനം.

കുഞ്ഞിരാമക്കുറുപ്പ് (പരവശഭാവത്തോടെ) ബാലകൃഷ്ണൻ ഇവിടെവന്ന് അപ്പോൾതന്നെ പോയി എന്നല്ലെ കേട്ടത്! എവിടെപോയി. ബാലകൃഷ്ണ! ബുദ്ധിമോശംകൊണ്ട് നീ വല്ല അപകടവും പ്രവൎത്തിച്ചുവൊ? എന്നാൽ ഇനി ഇരുന്നിട്ടെന്തുഫലം (ആലോചിച്ച്) പാലപ്പറമ്പിലെ വിവരവും ഒന്നും അറിഞ്ഞില്ല. എല്ലാവക്കുംകൂടി ഇതൊന്നൊരു ഗ്രഹപ്പിഴകാലമാണ് (നോക്കി) ആരാണ് ഈ വരുന്നത്?

(ഒരു കമ്പിശിപായിവന്നു കുറപ്പിന്നു് ഒരുകമ്പി കൊടുക്കുന്നു. കമ്പിവായിച്ച് സന്തോഷത്തോടെ).

ആവു. എന്റെ മനസ്സ് തണുത്തു. ദൈവം കരുണാശാലി തന്നെ. ഞാൻ എന്തൊക്കെ പരിഭ്രമിച്ചു. എന്തായാലും അവർരണ്ടാളും ഒടുവിൽ ഒരുമിച്ച് ചേൎന്നുവെല്ലൊ. ഇതെല്ലാം ഒരു പുസ്തകത്തിൽ വായിച്ച കഥപോലെ ഇരിക്കുന്നു. (ഒരുവശത്തേക്കുനോക്കി) ഇതാരാണ് ഇത്രബദ്ധപ്പെട്ട് ഓടിവരുന്നത്! ഉണ്ണിരിമേനനല്ലെ.

(ഉണ്ണിരിമേനോൻ ഓടികിതച്ച് പരിഭ്രമത്തോടെ വരുന്നു.

ഉണ്ണി—കുറപ്പെ; കുറപ്പെ! എല്ലാം ക്ഷമിക്കണെ. കല്യാണിക്കുട്ടി എവിടെ എന്നുമാത്രം പറയൂ.

കുറപ്പ്—(ആത്മ) ഈ വയസ്സനെ ഇപ്പോളൊന്നു പഠിപ്പിക്കാം. (പ്രകാശം) കല്യാണിക്കുട്ടിയൊ? കല്യാണിക്കുട്ടി പാലപ്പുറമ്പിൽ തന്നെയല്ലെ! എന്തൊക്കയാണ് നിങ്ങൾ പറയുന്നത്?

ഉണ്ണി.—(താഴ്മയോടെ) കുറപ്പെ! ഇക്കുറിക്ഷമിക്കു. സകലവും ക്ഷമിക്കു. എന്റെ ബുദ്ധിയില്ലായ്മകൊണ്ട് ഇങ്ങിനെയൊക്കെ വന്നതാണ്. കല്യാണിക്കുട്ടി എവിടെ? നിങ്ങൾക്കറിയാം.

കുറപ്പ്—(ഗൌരവംനടിച്ച്) നിങ്ങൾ എന്താ നേരംപോക്ക്പറയാൻ വന്നിരിക്കയാണൊ? എനിക്കിതൊന്നും മനസ്സിലാകുന്നില്ല. കല്യാണിക്കുട്ടി അവിടെത്തന്നെ ഇല്ലേ? നേര് പറയൂ.

ഉണ്ണി—കല്യാണിക്കുട്ടി ഇവിടേയുമില്ലെ! (അത്യന്തവിവശതയോടെ) അയ്യൊ എവിടെപ്പോയി? എന്തുചെയ്യൂ? കല്യാണിക്കുട്ടി!—കുറപ്പെ! എന്റെപേരിൽ ദയവേണെ.

കുറപ്പ്—(കോപംനടിച്ച്) അവൾ നിരാശപ്പെട്ട് വല്ല കട

ക്ഷ്യം പ്രവൃത്തിച്ചിട്ടുണ്ടെങ്കിൽ അതും നിങ്ങറം ഉണ്ടാക്കി ത്തീൎത്തതാണെ. കഷ്ടം.

ഉണ്ണീ—(പരിഭ്രമത്തോടെ) അയ്യൊ! കുറപ്പെ! എന്റെപേരിൽ ദയവേണെ. നിങ്ങറം വിചാരിച്ചാൽ കല്യാണിക്കുട്ടി എ വിടെയാണെന്ന് അറിയാം. എന്റെ സകലതൊറവും ഇക്കുറി ക്ഷമിക്കണെ. കല്യാണിക്കുട്ടി എവിടെ?

കുറപ്പ്—ആവൊ? എനിക്കറിയുമൊ? നിങ്ങളുടെ മരുമകളല്ലെ! എനിക്കെന്തൊ അധികാരം?

ഉണ്ണീ—(താഴ്മയോടെ) എന്നോട് ദേഷ്യപ്പെടരുതെ കുറപ്പെ! എല്ലാം എന്റെ കയ്യിൽ തെററുവന്നതാണെന്ന് പറ ഞ്ഞില്ലെ. ഇനിഎന്തും നിങ്ങളോട് ചോദിച്ചെ ഞാൻ നടക്കുള്ളു.

കുറപ്പ്—എന്നോടുചോദിച്ച് നടക്കേണ്ട കാൎയ്യമൊന്നുമില്ല.

ഉണ്ണീ—(ഏററവും ദിനതയോടെ) അയ്യൊ കുറപ്പെ! എന്നെ ഇങ്ങിനെ കഷ്ടപ്പെടുത്തരുതെ. അവറം എവിടെ? അയ്യൊ! എനിക്കെന്തൊക്കയൊ തോന്നുന്നു.

കുറപ്പ്—(ആത്മ) പാവം. പരിഭ്രമിപ്പിച്ചത് മതി. (പ്രകാശം) ആട്ടെ വ്യസനിക്കണ്ട. അവറം ജീവനോടെ ഇരിക്കുന്നുണ്ട്. എന്നുമാത്രമല്ല ബാലകൃഷ്ണനൊരുമിച്ച് ഇപ്പോറം മദിരാ ശിക്ക് വണ്ടികയറിയിരിക്കും. ഇതാ ബാലകൃഷ്ണന്റെകമ്പി എനിക്ക് കുറച്ച്മുമ്പെ കിട്ടി. (കമ്പികൊടുക്കുന്നു).

ഉണ്ണീ—ആ—വൂ (എന്ന് നിലത്തിരിക്കുന്നു. മുഖത്ത് അതി യായ സന്തോഷം സ്ഫുരിക്കുന്നു. കമ്പിതിരിച്ചും മറിച്ചും നോക്കി) എനിക്ക് കമ്പികടലാസ്സ് കണ്ടിട്ടെന്താണ്. ഞാൻ—കുറപ്പെ—എത്രവഴിവാട് പ്രാൎത്ഥിച്ചു! ഞാൻ ഈശ്വരാ—എനിക്കിനി എന്ത് വന്നാലും വേണ്ടില്ല.

കുറപ്പ്—(ആത്മ) പാവം ശുദ്ധാത്മാവ്! എന്നാൽ ആദ്യം ഈ

ഗോഷ്ഠികൾ കാണിക്കാതിരുന്നുകൂടെ. (ചിരിച്ച് പ്രകാശം) ആട്ടെ സുഖക്കേട് തീൎന്നുവൊ?

ഉണ്ണി—നിങ്ങൾ എന്നെ ഇത്രനേരം പരിഭ്രമിപ്പിച്ചു ഇല്ലെ. ആവു-എങ്ങിനെയെങ്കിലും വൎത്തമാനം അറിഞ്ഞൂലൊ— മതി—ഞാൻ എന്തൊക്കയൊ പേടിച്ചു.

കുറുപ്പ്—ഇന്നത്തെവണ്ടിക്ക് ഞാൻ മദിരാശിക്ക് പോകേണമെന്ന് വിചാരിക്കുന്നു.

ഉണ്ണി—(ചാടിഎഴുനീററ് സന്തോഷത്തോടെ) എന്നാൽ ഞാനുണ്ട് മദിരാശിക്ക്.

കുറുപ്പ്—നിങ്ങളൊ! എന്തിന്? ഞങ്ങൾ എല്ലാവരുംകൂടി ഇങ്ങോട്ട് വരാമെല്ലൊ. മററതെല്ലാം നിങ്ങൾക്ക് ബുദ്ധിമുട്ടല്ലെ?

ഉണ്ണി—അതുപോര. എനിക്കൊരു ബുദ്ധിമുട്ടല്ല്യാ-എനിക്ക് അവളെ കാണാൻ വൈകി. ഞാൻ തീൎച്ചയായിട്ടും ഉണ്ട് മദിരാശിക്ക്.

കുറുപ്പ്—എന്നാൽ അങ്ങിനെതന്നെ. പക്ഷെ ഇന്നുതന്നെ പോണം.

ഉണ്ണി—ഓ. അതിനെന്തുവിരോധം. എനിക്ക് ഇനിഇപ്പോൾ പാലപ്പറമ്പിലേക്ക് പോണമെന്നുകൂടിഇല്ല. മദിരാശിക്ക് പോവാൻ നിശ്ചയിച്ചവിവരം മാധവിയെ ഒന്നറിയിക്കമാത്രമെവേണ്ടു.

(രണ്ടുപേരും പോകുന്നു).

---

രംഗം—൩.

പാലപ്പറമ്പിന്നടുക്കെ ഒരുസ്ഥലം.

(കൃഷ്ണമേനോനും ഗോവിന്ദമേനോനും ഇരുവശത്തിൽനിന്നും പ്രവേശിക്കുന്നു).

കൃഷ്ണ—അലൊ ! ഗുഡ് മോർണിങ്ങ് (Allo ! Good morning).

ഗോവി—ഗുഡ് മോർണിങ്ങ്.

കൃഷ്ണ—കേട്ടിലെ പാലപ്പുറമ്പിലെ അഫയർ (Affair).

ഗോവി—കേട്ടു.

കൃഷ്ണ—ഇതൊരു റഗുലർ ഇലോപ്മൻറ (Regular Elopement) തന്നെയായിരിക്കുന്നുവെല്ലൊ. നമ്മുടെ ഗറിൾസി (Girls) ന്ന് ഇത്രധൈയ്യമുണ്ടെന്ന് ഞാൻമനസ്സിലാക്കിയിരുന്നില്ല. മിസ്റ്റർ ബാലകൃഷ്ണമേനോൻ ഇതെങ്ങിനെ മാനേജ് (Manage) ചെയ്യു.

ഗോവി—ബാലകൃഷ്ണമേനോൻ മിനിഞ്ഞാന്ന് രാത്രി കുറുപ്പിൻെറ വീട്ടിൽ എത്തിയിരുന്നുവത്രെ. ഞാൻ കേളുവിനെ ഇന്നലെ ഇവിടെ ഒരുനോട്ടംകണ്ടു. രണ്ടാളും ഒരുമിച്ച് രാത്രിയൊമറെറാ പോയതായിരിക്കണം.

കൃഷ്ണ—എങ്ങോട്ടു ? മദ്രാസിലേക്ക് തന്നെയായിരിക്കാം. കുറുപ്പിൻെറ വീട്ടിൽ ഇല്ലെന്നല്ലെ കേൾക്കുന്നത്.

കൃഷ്ണ—ഏതായാലും നാടൊക്കെ ഇത സൻസേഷനൽ (Sensational) ആയിരിക്കുന്നു. ബാലകൃഷ്ണമേനോൻെറ ഈ ട്രിക് Trick) നന്നായിഎന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടൊ ?

ഗോവി—തീച്ചയായും നന്നായി. വേറെവഴിയില്ലെങ്കിൽ ഇതുതന്നെ പ്രാപ്പർപ്രൊസീഡിയർ (Proper Procedure).

കൃഷ്ണ—എങ്കിലും നമ്മുടെ സൊസൈററി (Society) യിൽ ഇങ്ങിനെയൊക്കെ അലവബൾ (Allowable) ആണൊ ?

ഗോവി—പഠിപ്പിനാൽ മനസ്സ് പരിഷ്കരിച്ചിട്ടുള്ള താങ്കൾകൂടി ഇങ്ങിനെ സംസാരിക്കരുതെ. ഈസംഗതികൾ നമ്മുടെ സൊസൈററിയുടെ അഭിവൃദ്ധിയെ കാണിക്കയല്ലെ ചെയ്യുന്നത് ! കാരണവന്മാർഇതിൽനിന്ന് നല്ല ലസൻ (Lesson) പഠിക്കട്ടെ. വല്ലനിലമൊ, പശുവിനേയൊ, എരുമയെ

യൊ, വിലത്തിച്ചയിച്ച് വില്ലുമ്പോലെ ഗാർഡ്സിനെ മാരി (Marry) ചെയ്തുകൊടുക്കുന്ന സമ്പ്രദായം-നല്ലസമ്പ്രദായം അല്ലേ! ഇതൊന്നും ഇനിമേലാൽ അത്ര നടക്കില്ലെന്നുള്ള തിന്ന് തെളിവാണ് ഈ നടന്ന സംഗതി.

കൃഷ്ണ—എങ്കിലും ഈ ഇലോപ്മെൻറ് നന്നായൊ? അതൊക്കെ യൂറോപ്യൻസിൻെറയൊ മറേറാ എടയിലാണെങ്കിൽ ഒരുരസമുണ്ട്. നമ്മുടെ ഇടയിൽ ഇതൊക്കെന്നൊ?

ഗോപി—(ഗൌരവത്തോടെ) താങ്കൾപറയുന്നത് എനിക്ക് ലേശംമനസ്സിലാകുന്നില്ല. ഈ ഇലോപ്മെൻറ് (Elopement) എന്നവാക്ക് താങ്കൾക്ക് അകാരണമായിട്ട് ഇതുശത്രുവാണെങ്കിൽ നിവൃത്തിയില്ല. പക്ഷെ ആ സംഗതിയിൽ എന്തുതന്നെ ഇരിക്കുന്നു. പരസ്പരംസ്നേഹിക്കുന്ന രണ്ടുതരുണീതരുണന്മാർ തങ്ങളുടെ സൌഖ്യത്തെ ഉദ്ദേശിച്ച് അന്യോന്യംയോജിക്കുവാൻ കാംക്ഷിക്കുന്നത് പ്രകൃതിക്കനുസരിച്ചല്ലെ! അതിൽ പ്രതിബന്ധങ്ങളുണ്ടാക്കുന്നതല്ലെ ദൈവവിരോധമായപ്രവൃത്തി!

കൃഷ്ണ—ഈ നമ്പൂരിപ്പാട്ടിലെക്ക് മാരി (Marry) ചെയ്തു കൊടുക്കയാണ് നല്ലത് എന്നല്ല ഞാൻ പറഞ്ഞത്. എനിക്ക് അവരോട് ഒരു സിംപതി (Sympathy) യുമില്ല. ഒരുവക ശുദ്ധമെ സൽഫിഷ് ക്ലാസ്സ് (Selfish class). ഈ കൂട്ടർക്ക് നമ്മുടെ സ്ത്രീകളെ കൊടുക്കതന്നെ അരുത്.

ഗോപി—(ചിരിച്ചുംകൊണ്ട്) താങ്കളുടെ അഭിപ്രായങ്ങൾ ചിലപ്പോൾ വളരെ സാഹസമായിപോകുന്നു.

കൃഷ്ണ—(ശുണ്ഠിയോടെ) എന്താനിങ്ങൾപറയുന്നത്! ഇവരെപോലെ സൽഫിഷായിട്ട് വല്ലവരുമുണ്ടൊ! അവരുടെ സൌകൎയ്യങ്ങൾക്ക് നാം കീഴടങ്ങണം. നമുക്ക് അവരിൽനിന്ന് ഒരുഗുണവും ഇല്ല—

ഗോവി—നമ്പൂരിമാരിൽനിന്ന് നമുക്ക് യാതൊരു ഗുണവും സിദ്ധിച്ചിട്ടില്ലെന്ന് പറവാൻ ഞാൻ ഒരുങ്ങുന്നില്ല. പക്ഷെ അതുപോട്ടെ നമ്മുടെ പൊയിൻറ (Point) അതല്ലല്ലൊ. നമ്പൂരിയായാലും ശരി; മററാരായാലും ശരി, രണ്ടുയുവതീയുവാക്കന്മാർ അന്യോന്യം ഹൃദയപൂർവ്വം സ്നേഹിക്കുന്നുണ്ടെങ്കിൽ അവരുടെ ആ അനുരാഗത്തെ ഏവനും ആദരിക്കേണ്ടതാണ്. ദൈവത്താൽ നിശ്ചയിക്കപ്പെട്ട ആ കാര്യത്തിൽ തടസ്ഥങ്ങളുണ്ടാക്കുവാൻ മനുഷ്യന്ന് ഒരധികാരവും ഇല്ല.

കൃഷ്ണ—(ചിരിച്ചുംകൊണ്ട്) പ്രത്യേകിച്ചും നൊന്മടെ തറവാട്ടിൽ കാരണവന്മാൎക്ക ഒട്ടും അധികാരമില്ല—ആട്ടെ നമുക്ക് ബാലകൃഷ്ണമേനോന്ന് ഒരു കൺഗ്രാച്ചുലേററി ലററർ (Congratulatory Letter) അയക്കണ്ടെ?

ഗോവി—(ചിരിച്ചുംകൊണ്ട്) വേണം എനിക്ക് അവരെ രണ്ടാളേയും കാണുവാൻ വൈകി. ഏതായാലും ഇതുവളരെ സന്തോഷകരമായിരിക്കുന്നു. താങ്കളുടെ ഫ്രെണ്ട് (Friend) കിട്ടൻപട്ടര് എവിടെ?

കൃഷ്ണ—ആ പട്ടരാണത്രെ നമ്പൂരിപ്പാട്ടിലെ ഈ ആകേപർഡ് സർകംസ്റ്റാൻസസി (Awkward Circumstances) ലെല്ലാം ഇറക്കിയത്. കഷ്ടം! ഈ കൂട്ടർ ഇവരുടെ ഇൻഫ്ലൂവൻസിൽ (Influence) പെട്ട് ഇങ്ങിനെ ബുദ്ധിമുട്ടുന്നുവെല്ലൊ.

ഗോവി—ഏതായാലും എനിക്ക് ഇത് കേട്ടിട്ട് മനസ്സിന് വളരെ സന്തോഷം തോന്നുന്നു. ബാലകൃഷ്ണമേനോൻ ഇനി ഇപ്പോൾ മദ്രാസിൽനിന്ന് ഇങ്ങോട്ടുവരുന്നില്ലെങ്കിൽ എനിക്ക് വേഗത്തിൽ അങ്ങോട്ടുപോണം.

കൃഷ്ണ—വേണമെങ്കിൽ നമുക്ക് കോലജ് (College) തുറക്കുന്നതിന്ന് നാലുദിവസംമുമ്പ് സ്റ്റാർട്ട് (Start) ചെയ്യാം.

ഗോവി—തരംപോലെ ഉറക്കാം വരു.

(രണ്ടുപേരുംപോകുന്നു).

---

രംഗം—൭.

മദിരാശി. ബാലകൃഷ്ണമേനോന്റെ ബങ്കളാവിന്റെ മുൻഭാഗം.

(ഉണ്ണിരിമേനോൻ ഒരുകസേലയിൽ ഇരിക്കുന്നു. ഇരുപുറത്തുമായി ബാലകൃഷ്ണമേനോനും കല്യാണിക്കുട്ടിയും നില്ക്കുന്നു).

ഉണ്ണി—അതുകൊണ്ട് ബാലകൃഷ്ണന്ന് എന്റെപേരിൽ ഒട്ടും പരിഭവംതോന്നരുതെ.

ബാല—ഛെ! അത് ഒരിക്കലും ഉണ്ടാകുമൊ!

ഉണ്ണി—എനിക്കെന്തെ നമ്പൂരിപ്പാടാണ! എനിക്ക് നിങ്ങളെ കഴിച്ചല്ലെ വേറെയുള്ളു. എനിക്ക്— ഞാൻ പറഞ്ഞില്ലെ— നിങ്ങളോട് രണ്ടാളോടും ഒരുസുഖക്കേടുമില്ല. ഇങ്ങിനെ പ്രവൎത്തിച്ചതിൽ സന്തോഷമെ ഉള്ളു (കല്യാണിക്കുട്ടിയെ പ്രേമത്തോടെ തലോടിക്കൊണ്ട്) പാവം ഇവളെ ഞാൻ എത്രവ്യസനിപ്പിച്ചു!

(കുഞ്ഞിരാമകുറുപ്പ് പ്രവേശിക്കുന്നു)

കുറുപ്പ്—(ബാലകൃഷ്ണമേനോനോട് മന്ദസ്മിതത്തോടെ) കാരണവരായിട്ട് എല്ലാം പറഞ്ഞ് ലോഗ്യമായൊ? പറഞ്ഞില്ലെ മഹാശുദ്ധാത്മാവാണ്.

ബാല—അതെ. വലിയശുദ്ധാത്മാവ്. ഒന്ന് രണ്ട് പ്രാവശ്യം കണ്ണിൽ വെള്ളംനിറഞ്ഞു-ഒരക്ഷരം സംസാരിക്കാൻ വയ്യാതെ ബുദ്ധിമുട്ടി. ഇത്രസ്നേഹിപ്പാൻ ശക്തിയുള്ള ഒരാളാണന്ന് ഞാൻ വിചാരിച്ചിരുന്നില്ല.

ഉണ്ണി—കുറുപ്പെ! ഇവൎക്കരണ്ടുപേൎക്കും ഞാൻ എത്രവ്യസനം ഉണ്ടാക്കിഎന്നതിന്ന് കണക്കില്ല. അത് ഞാൻതന്നെതീൎത്തെ എനിക്ക് സന്തോഷമുള്ളു. (എന്ന് ബാലകൃഷ്ണമേനോന്റെയും കല്യാണിക്കുട്ടിയുടേയും കൈകളെ അന്യോന്യം യോജിപ്പിക്കുന്നു).

(അണിയറയിൽനിന്ന് മംഗളഗാനം പുറപ്പെടുന്നു. എല്ലാവരും ഒരുമിച്ച് പാടുന്നു).

ഇഷ്ടദംപതീ സുഖം വരും സദാ
ഈശ്വരമതമൊക്കയുമിഹവന്നുചേൎന്നിടും
ഏ—തു—മ—തു
ലംഘ്യമല്ലെന്നോൎക്കിനെവരും
വിഷ്ടപേശ ! ദേവ ദേവ ! പാലയ-
ദ്ദുൎന്നടവടികേരളമിതിലുള്ളതാകവേ
ദൂ—രേ—നീ—ങ്ങി
നിത്യപരിഷ്കാരമേന്തിടും
വിഷ്ടപേശ...
മത്സരമതുവിട്ടിനിഭുവിസൌഖ്യമേകുവാൻ
സ—ൎവ്വ—ലോ—കം
യത്നിക്കേണ്ടും കാലമല്ലയോ ?
വിഷ്ടപേശ...
പാവന ! കരുണാകര ! ജഗദീശ ! തൈപദം
ദേ—വ—ദേ—വ !
കൈതൊഴുന്നേൻ മംഗളംസദാ
ഇഷ്ടദമ്പതീസുഖം വരും സദാ.

(തിരശീല വീഴുന്നു).

FINIS.

21 NOV 1953

MUL
072723